**JEEVA MOZHIKAL** RNI/KERBIL/-2003/21404
**September 2013** www.jeevamozhikal.org
Contributory subscription Rs. 100/-

**Regn No: KL/KTM/608/2012-14**
Licence No.KL/CR/KTM/WPP-46/2012-14
Licensed to post without prepayment
Date of Publication 30-08-2013

## അല്പം വൈകിപ്പോയി

**അ**മ്മ അഞ്ചുവയസ്സുകാരൻ കുഞ്ഞിനെ മടിയിൽവച്ച് പലതും ചിന്തിച്ച് ഇരിക്കുകയാണ്. നാട്ടിൽ ഉണ്ടായ പർച്ചവ്യാധിയിൽ കുഞ്ഞിന്റെ അപ്പനും ചേച്ചിയും ചേട്ടനും മരിച്ചു. പെട്ടെന്നു കുഞ്ഞ് അമ്മയോടു നിഷ്കളങ്കമായി ചോദിച്ചു: "അമ്മേ, അമ്മയും മരിച്ചാൽ ഞാൻ പിന്നെ എന്തു ചെയ്യും?"

അമ്മ ഞെട്ടിപ്പോയി. എങ്കിലും അമ്മ സംയമനം പാലിച്ചു കുഞ്ഞിനു മനസ്സിലാകുന്ന ഭാഷയിൽ പറഞ്ഞു:"അമ്മയും മരിച്ചാൽ, യേശു അപ്പോൾ നിന്നെ തേടിവരും. നിന്നെ കരുതും".

കുഞ്ഞ് യേശുവിനെക്കുറിച്ച് സണ്ടേസ്കൂളിൽ പഠിച്ചിട്ടുണ്ട്. കുഞ്ഞുങ്ങളെ ഇഷ്ടപ്പെടുന്ന യേശു. കുഞ്ഞിന് അമ്മയുടെ മറുപടി തൃപ്തിയായി.

രണ്ടു ദിവസം കഴിഞ്ഞപ്പോൾ വാക്കുകൾക്ക് അറംപറ്റിയതുപോലെ അമ്മയും മരിച്ചു!

അമ്മയുടെ ശവസംസ്കാരം നടന്ന രാത്രി! എല്ലാവരും ഉറങ്ങിയിട്ടും കുഞ്ഞിന് ഉറക്കം വന്നില്ല. യേശു വന്നില്ലല്ലോ.

രാത്രി കുഞ്ഞ് എഴുന്നേറ്റ് തന്റെ ഏറ്റവും നല്ല ഉടുപ്പുകൾ അണിഞ്ഞ് മെല്ലെ വീട്ടിൽ നിന്നിറങ്ങി. സമീപത്തെ പള്ളിയിലെ സെമിത്തേരിയിൽ അമ്മയുടെ കല്ലറ തേടി അവൻ പോയി. അവൻ കല്ലറയ്ക്കരികിലെത്തി. അതിൽ ഇരുന്നു. പിന്നെ അതിൽ കിടന്നു.

രാവിലെ ഒരു മാന്യൻ നടക്കാനിറങ്ങിയപ്പോൾ അതാ കല്ലറയുടെ മുകളിൽ ഉറക്കം ഉണർന്ന് ഒരു കുട്ടി ഇരിക്കുന്നു.

"കുഞ്ഞേ, നീ ഇവിടെ എന്തു ചെയ്യുന്നു.?"

"ഞാൻ യേശുവിനെ കാത്തിരുന്നു ക്ഷീണിച്ചു. ഉറങ്ങിപ്പോയി. ഇപ്പോൾ ഉണർന്നതേയുള്ളൂ".

മാന്യൻ വിവരങ്ങൾ ചോദിച്ചറിഞ്ഞശേഷം പറഞ്ഞു :"മോനെ, ഞാൻ നിന്നെ തേടിയാ വന്നത്".

കുഞ്ഞ് വലിയ കണ്ണുകൾ ഉയർത്തി അയാളെ നോക്കി എന്നിട്ടു പറഞ്ഞു:" പക്ഷേ, നിങ്ങൾ ഒത്തിരി താമസിച്ചുപോയി. എങ്കിലും വന്നല്ലോ!" കുഞ്ഞു വിചാരിച്ചത് ആ മാന്യൻ, തന്നെ തേടി വരുമെന്ന് അമ്മ പറഞ്ഞ യേശുവാണെന്നാണ്!

നാം ഒടുവിൽ കരുണയുടെ കരങ്ങളുമായി എത്തുമ്പോൾ ആളുകൾ ഇങ്ങനെ പറയുമോ? "ഓ നിങ്ങൾ വന്നു. പക്ഷേ ഒത്തിരി താമസിച്ചുപോയല്ലോ!"

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 11 – ലക്കം 9

സെപ്റ്റംബർ 2013



JEEVAMOZHIKAL
ജീവമൊഴികൾ
നാഥാ... നിത്യജീവന്റെ മൊഴികൾ
നിന്റെ പക്കലുണ്ടല്ലോ (യോഹ 6: 68)
വാല്യം 11 സെപ്റ്റംബർ 2013 ലക്കം 9

വാർഷിക സ്വമേധ സംഭാവന

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :

ജീവമൊഴികൾ
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള-686016,
ഫോൺ0481-2391519,8281027519
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

## ഒറ്റനോട്ടത്തിൽ

### *യന്ത്രക്കതകുകൾ*

*ആരെങ്കിലും
അടുത്തുവരുമ്പോൾ
താനേ തുറക്കുന്ന
യന്ത്രക്കതകുകൾ
പോലെയുള്ളവയാണു
കർത്താവിന്റെ വാതിലുകൾ.
പക്ഷേ വിശ്വാസത്തോടെ
വന്നാലേ അവ സ്വയം
തുറക്കുകയുള്ളൂ.*

**മൊഴിമുത്തുകൾ**

## വിശ്വാസം



സുഹൃത്തുക്കൾ വിശ്വസ്തരും ശരീരം ആരോഗ്യമുള്ളതും ബിസിനസ്സ് ലാഭകരവുമാണെങ്കിൽ മാത്രമേ ദൈവത്തിൽ വിശ്വസിക്കുവാൻ കഴിയുകയുള്ളൂവെങ്കിൽ അതുവെറും ദരിദ്രമായ വിശ്വാസമാണ്. യഥാർത്ഥ വിശ്വാസമാകട്ടെ, സുഹൃത്തുക്കൾ കൈവിട്ടാലും സുഖമില്ലാതായാലും ആത്മാവു വിഷാദിച്ചിരുന്നാലും ഏതു സാഹചര്യത്തിലും, കർത്താവിന്റെ വിശ്വസ്തതയെ മുറുകെപ്പിടിക്കുന്നു.

**സി.എച്ച്. സ്പർജൻ**

## പോർക്കളത്തിൽ

A **Joyful 'toon** by Mike Waters




'നിർമദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്ന് തിരഞ്ഞ് ചുറ്റിനടക്കുന്നു....' *(1 പത്രോസ്. 5:8)*

# IN EVERY GENERATION GOD NEEDS GODLY LEADERS

1 Kings begins with David, the man after God's own heart, and ends with Ahab, the worst king ever to rule over Israel. Israel begins as a powerful nation and ends as a divided nation and with many evil kings ruling over both kingdoms – especially over Israel.

The condition of God's people depends greatly on the spirituality or the lack of it in their leaders. Whenever Israel had a godly leader, they moved forward in godly ways. When they had a carnal leader, they moved away from God into carnality.

The great need among God's people has always been for godly leaders. Jesus looked out at the multitudes in His day and saw them as sheep without a shepherd. He told His disciples to pray that God would thrust forth shepherds into the midst of His people (Matt.9:36-38).


When God looks at the churches across the world today, He sees the same need for godly leaders. The challenge that comes to us then is to satisfy the heart of God in our generation by being the type of men and women He is looking for.

In every generation God needs godly leaders. We cannot depend on the wisdom of the leaders of previous generations. David could not rule over Israel forever. He would die, and someone else would have to take over. What would become of Israel depended on the type of person that the next king would be.

God raises up a godly man to start a work in one generation. He becomes old and dies. Will the leaders in the next generation have only the founder's knowledge and his doctrines but not his godliness and his knowledge of God? Then the people will certainly go astray.

**എഡിറ്റോറിയൽ**

# എല്ലാം നന്മയ്ക്കോ?



അതേ, എത്രവട്ടം നാം അങ്ങനെ ചോദിച്ചു പോയിട്ടുണ്ട്! ‘ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണയപ്രകാരം വിളിക്കപ്പെട്ടവർക്ക്,സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു’ (റോമർ8:28) എന്ന വചനം വാസ്തവത്തിൽ അങ്ങനെ തന്നെയാണോ?അത്യാഹിതങ്ങൾ,രോഗം,മരണം എന്നിവ പൊടുന്നനെ സംഭവിക്കുമ്പോൾ അതിലെന്തു നന്മയാണുള്ളത്?

ഫിലിപ് യാൻസി എന്ന ക്രിസ്തീയ പത്രപ്രവർത്തകൻ, തന്റെ സുഹൃത്തിന്റെ കുടുംബത്തിനുണ്ടായ ഒരാപത്തിനോടു ബന്ധപ്പെട്ട് ഈ ചോദ്യത്തെ അഭിമുഖീകരിച്ച സന്ദർഭത്തെക്കുറിച്ച് എഴുതിയിട്ടുണ്ട്.ചെറുപ്പക്കാർ.അടുത്തകാലത്തു വിവാഹിതരായവർ.ക്രിസ്തുവിനായി ജീവിതം സമർപ്പിച്ചവർ.ഇരുവരും സന്തോഷകരമായ കുടുംബജീവിതം ആരംഭിച്ചതേയുള്ളു.അപ്പോഴിതാ ഒരു മാരകരോഗം. ആശുപത്രിയിൽ അവരെ കാണാൻ ചെന്ന ഫിലിപ് യാൻസി ഈ ചോദ്യത്തെ നേരിട്ടു:‘എല്ലാം നന്മയ്ക്കായി കൂടി വ്യാപരിക്കും എന്നു പറഞ്ഞിട്ട് ഇതെന്താ ഇങ്ങനെ?എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നു?’

എന്തുകൊണ്ട്?-അതേ,അപ്രതീക്ഷിതമായ ഒരു ദുര്യോഗം ഉണ്ടാകുമ്പോൾ നാം ചോദിച്ചുപോകുന്നത് ഇത് എന്തുകൊണ്ടു സംഭവിച്ചു( why?) എന്നാണ്.യേശുവും തന്റെ കാൽവറി മരണത്തിനു മുൻപിൽ ഇതേ ചോദ്യം ചോദിച്ചിട്ടുണ്ട്.- ‘എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്?( why?)’ .

സകലത്തിലും സഹോദരന്മാർക്കു തുല്യനായി ഈ ഭൂമിയിൽ വന്ന യേശു എന്തുകൊണ്ട്’എന്ന ചോദ്യം ചോദിച്ചെങ്കിൽ പെട്ടെന്നുണ്ടാകുന്ന തിരിച്ചടികളുടെ മുൻപിൽ നാം അങ്ങനെ ചോദിച്ചു പോകുന്നതു സാധാരണമല്ലേ?‘അതേ’ എന്നു തന്നെയാണു ഫിലിപ് യാൻസി ഇതിനു നൽകുന്ന മറുപടി.പക്ഷേ അദ്ദേഹം അതോടൊപ്പം മറ്റൊരു കാര്യം കൂടി കൂട്ടിച്ചേർക്കുന്നു. ആ ചിന്ത ഇങ്ങനെ:എന്തുകൊണ്ടു തന്നെ കൈവിട്ടുവെന്നു യേശു ചോദിച്ചുവെന്നതു ശരി.എന്നാൽ അവിടെ കാര്യങ്ങൾ അവസാനിച്ചില്ല.ക്രൂശിലെ അവിടത്തെ അടുത്ത മൊഴി ഇങ്ങനെയാണ്: ‘പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏൽപിക്കുന്നു.’(ലൂക്കോസ് 23:46).ഈ അന്തിമ മൊഴിയിൽ പ്രസക്തമായ ഒരു ചോദ്യത്തിനുള്ള മറുപടിയുണ്ട്.ആ ചോദ്യം ‘ഇതിനു പിന്നിൽ ആരാണ്( who?)’ എന്നതാണ്.

യേശുവിന് ‘എന്തുകൊണ്ട്’ എന്ന ചോദ്യം ഉണ്ടായിരുന്നു എന്നതു ശരി.എന്നാൽ അതു മറ്റൊരു ചോദ്യത്തിനു വഴിമാറി :‘ആരാണ് ഇതിനു പിന്നിലുള്ളത്?’. ഇതിന്റെ മറുപടി യേശു തന്നെ കണ്ടെത്തി.- ‘എന്റെ പിതാവ്’.

‘എന്തുകൊണ്ട്’ എന്ന ചോദ്യത്തിൽ യേശു പിതാവിനെ ‘ദൈവമേ’ എന്നാണു സംബോധന ചെയ്യുന്നത് എന്നതു ശ്രദ്ധിക്കുക.പക്ഷേ അടുത്ത ‘ആര്’എന്ന ചോദ്യത്തിന്റെ മറുപടിയിൽ ദൈവത്തെ ‘പിതാവേ’ എന്നു തന്നെ യേശു സംബോധന ചെയ്യുന്നു.

ചുരുക്കത്തിൽ തനിക്കു നേരിടേണ്ടി വന്ന മരണത്തെ നോക്കി ‘എന്തുകൊണ്ട്’ എന്ന ചോദ്യത്തോടെ യേശു തന്റെ ജീവിതം അവസാനിപ്പിച്ചില്ല.മറിച്ച് ‘ഇത് അനുവദിച്ചത് ആരാണെ’ന്ന ചോദ്യത്തിലേക്കു വഴി മാറി അതിന്റെ ഉത്തരം കണ്ടെത്തി:ഇത് അനുവദിച്ച ദൈവം എന്റെ പിതാവാണ്.പിതാവ് പുത്രന് ഏറ്റവും നന്മയായതാണല്ലോ ചെയ്യുക.അതുകൊണ്ട് ആ പിതാവിന്റെ തൃക്കയ്യിൽ തന്റെ ആത്മാവിനെ ഭദ്രമായി ഏൽപിച്ച് അവിടുന്ന് പ്രാണനെ വിട്ടു.

ദുരനുഭവങ്ങളെ നേരിടുമ്പോൾ നമുക്കും പിൻതുടരുവാൻ യേശുവിന്റെ മാതൃകയല്ലാതെ മറ്റെന്താണുള്ളത്?ഫിലിപ് യാൻസി ചൂണ്ടിക്കാട്ടിയതു പോലെ നമുക്ക് ‘എന്തുകൊണ്ട്’ എന്ന ചോദ്യം ഉണ്ടാകാം.പക്ഷേ അതു വേഗം ‘ആര്’ എന്ന ചോദ്യത്തിലേക്കു വഴിമാറുകയും ഇതിനു പിന്നിൽ എന്നെ സ്നേഹിക്കുന്ന എന്റെ പിതാവാണുള്ളത് എന്ന കണ്ടെത്തലിൽ വന്നു ചേരുകയും വേണം.സ്നേഹവാനായ പിതാവ് ദോഷമായിട്ടൊന്നും മകന് / മകൾക്ക് ചെയ്യുകയില്ല.ആ തിരിച്ചറിവിൽ നമുക്കു സ്വസ്ഥത കണ്ടെത്താൻ കഴിയും.

വലിയ പ്രശ്നങ്ങളുടെ മുന്നിൽ ദൈവപിതാവിൽ സ്വസ്ഥത കണ്ടെത്തുന്നവരുണ്ട്.എന്നാൽ എതിർപ്പുകൾ, പരിഹാസങ്ങൾ, ഒറ്റപ്പെടുത്തലുകൾ തുടങ്ങിയ താരതമ്യേന കൊച്ചു കാര്യങ്ങളുടെ മുന്നിൽ പലർക്കും സ്വസ്ഥത നിലനിർത്താൻ കഴിയുന്നില്ല.ഇതിൽ എന്തു നന്മയാണുള്ളത് എന്നാണ് അവരുടെ ചോദ്യം.എന്നാൽ വലുതാകട്ടെ,ചെറുതാകട്ടെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നുവെന്നാണല്ലോ ദൈവവചനം.

നമുക്കെതിരെ ഉയരുന്ന എതിർപ്പുകൾ,പരിഹാസങ്ങൾ,നന്ദിയില്ലായ്മകൾ എന്നിവയിലെല്ലാമുള്ള നന്മ എന്താണെന്നതിന്റെ മറുപടി നാം ചിന്തിച്ചതിന്റെ തൊട്ടടുത്ത വചനത്തിലാണു നമുക്കു കാണാൻ കഴിയുക.റോമർ 8 : 29 നോക്കുക:‘തന്റെ പുത്രന്റെ സ്വഭാവത്തോട് അനുരൂപപ്പെടേണ്ടതിന്...’

അതു ശരി.അപ്പോൾ അതാണ് യഥാർഥ നന്മ-പുത്രന്റെ സ്വഭാവത്തോട് അനുരൂപപ്പെടുക.നമുക്കിന്നു ഭൂമിയിൽ അനുഭവിക്കേണ്ടി വരുന്ന തിന്മയെന്നു തോന്നുന്നതെല്ലാം നമ്മെ ആത്യന്തികമായ ഒരു നന്മയിലേക്കു നടത്താൻ ഉദ്ദേശിച്ചുള്ളതാണ്-യേശുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെടുക.

തിന്മയായതെല്ലാം സാത്താനിൽ നിന്നു വരുന്നതാണ്.ദൈവത്തിൽ നിന്നു തിന്മയൊന്നും വരികയില്ല.‘നല്ല ദാനവും തികഞ്ഞ വരം ഒക്കെയുമാണ് ഉയരത്തിൽ നിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്ന് ഇറങ്ങി വരുന്നത് ’എന്നു നമുക്കറിയാം (യാക്കോബ് 1:17).എന്നാൽ തിന്മയായ കാര്യങ്ങൾ നമുക്കെതിരെ കൊണ്ടുവരുവാൻ സാത്താനേയും അവന്റെ പിണിയാളുകളെയും ദൈവം അനുവദിക്കും( ഇയ്യോബിന്റെ ജീവിതത്തിൽ സംഭവിച്ചതു പോലെ).എന്തിനുവേണ്ടി?നമ്മെ ആത്യന്തിക നന്മയിലേക്ക് (യേശുവിന്റെ സ്വഭാവത്തിലേക്ക്) നയിക്കുവാൻ.

അപ്പോൾനമുക്കെതിരെ തിന്മ പ്രവർത്തിക്കുന്നതു സാത്താനും അവനാൽ നയിക്കപ്പെടുന്ന അവന്റെ ഏജന്റുമാരും ആണെങ്കിലും അത് അനുവദിക്കുന്നത് ദൈവമാണ്.ഈ തിരിച്ചറിവ് യേശുവിനുണ്ടായിരുന്നു.യേശുവിനു ക്രൂശു സമ്മാനിച്ചത് സാത്താനും അവന്റെ ആളുകളുമായിരുന്നു.സംശയമില്ല.പക്ഷേ യേശു അതിനെക്കുറിച്ചു പറഞ്ഞത് നിങ്ങൾ ശ്രദ്ധിച്ചോ?അവിടുന്നു പറഞ്ഞത് ഇങ്ങനെയാണ്: ‘വാൾ ഉറയിൽ ഇടുക.പിതാവ് എനിക്കു തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടയോ?’(യോഹന്നാൻ 18:11).അപ്പോൾ ഈ വചനം അനുസരിച്ച് യേശുവിന് പാനപാത്രം നൽകിയത് ആരാണ്?മഹാപുരോഹിതന്മാരല്ല, പരീശന്മാരല്ല,പടയാളികളല്ല. മറിച്ച് പിതാ

*(ശേഷം പേജ് 21 ൽ)*

സന്ദേശം

# എല്ലാം നന്മയ്ക്കായി...

ഏലിയാസ് ആസ്ലാക്സൻ

"**ദൈവത്തെ** സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു."

–റോമർ 8:28

നമ്മുടെ പാഠപുസ്തകം ബൈബിളാണ്. പല പുസ്തകങ്ങൾക്കും ശീർഷകത്തിനുപുറമേ ഒരു ഉപശീർഷകം (Sub title) ചേർക്കാറുണ്ട്. "പൂർണ്ണസന്തുഷ്ടി നൽകുന്ന ഒരു പഠനഗ്രന്ഥം" എന്നൊരു ഉപശീർഷകം കൂടെ ബൈബിളിനു നൽകാവുന്നതാണ്.ബൈബിൾ വാസ്തവത്തിൽ അത്തരമൊരു ഗ്രന്ഥമാണ്. വരുവാനുള്ള ലോകത്തിലെ സന്തുഷ്ടിക്കല്ല, ഇഹലോകജീവിതത്തിലെ സന്തുഷ്ടിക്കു തന്നെ ഏറ്റവും ഉപകരിക്കുന്ന ഒരു ഗ്രന്ഥം. എല്ലാം ശുഭമായും വിജയകരമായും മുന്നോട്ടു നീങ്ങുമ്പോൾ മാത്രമല്ല, ഇതു നമുക്കു സന്തുഷ്ടി നൽകുന്നത്. അത്തരം സാഹചര്യങ്ങളിൽ അഭക്തരായ മനുഷ്യരും സന്തുഷ്ടരായിരിക്കുമല്ലോ. മറിച്ച് ആപൽക്കാലങ്ങളിൽ, ദുർഘ



"എല്ലാറ്റിനുവേണ്ടിയും സ്ത്രോതം ചെയ്വിൻ". മിക്ക ആളുകളും ആ വാക്യത്തെ ഇങ്ങനെയാണ് വായിക്കുന്നത്. "നന്മയായി സംഭവിക്കുന്ന എല്ലാറ്റിനും വേണ്ടി സ്ത്രോതം ചെയ്യുക". എന്നാൽ ആ വിധത്തിലല്ല അവിടെ എഴുതിയിട്ടുള്ളത്.

> നമ്മുടെ പാഠപുസ്തകം ബൈബിളാണ്. പല പുസ്തകങ്ങൾക്കും ശീർഷകത്തിനുപുറമേ ഒരു ഉപശീർഷകം ചേർക്കാറുണ്ട്. "പൂർണ്ണസന്തുഷ്ടി നൽകുന്ന ഒരു പഠനഗ്രന്ഥം" എന്നൊരു ഉപശീർഷകം കൂടെ ബൈബിളിനു നൽകാവുന്നതാണ്. ബൈബിൾ വാസ്തവത്തിൽ അത്തരമൊരു ഗ്രന്ഥമാണ്. വരുവാനുള്ള ലോകത്തിലെ സന്തുഷ്ടിക്കല്ല, ഇഹലോകജീവിതത്തിലെ സന്തുഷ്ടിക്കുതന്നെ ഏറ്റവും ഉപകരിക്കുന്ന ഒരു ഗ്രന്ഥം. എല്ലാം ശുഭമായും വിജയകരമായും മുന്നോട്ടു നീങ്ങുമ്പോൾ മാത്രമല്ല, ഇതു നമുക്കു സന്തുഷ്ടി നൽകുന്നത്.

ടങ്ങളും പീഡനങ്ങളും നേരിടുമ്പോൾപോലും ഈ ഗ്രന്ഥം നമുക്കു മാറ്റമില്ലാത്ത സന്തോഷം നൽകുന്നു. 1 തെസ്സലോനീക്യർ 5:16-ൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "എപ്പോഴും സന്തോഷിപ്പിൻ". ആദ്യവായനയിൽ ഒരുപക്ഷേ ഇപ്രകാരം എപ്പോഴും സന്തോഷിക്കുന്ന അനുഭവം നിങ്ങൾക്കുണ്ടായില്ലെന്നുവരാം. എന്നാൽ ഇതു യാഥാർത്ഥ്യമാക്കുന്ന ഒരു രക്ഷാനുഭവത്തിലേക്ക് അചിരേണ നിങ്ങൾക്കു വന്നുചേരാൻ കഴിയും. ബൈബിളിൽ അടങ്ങിയിട്ടുള്ള ദൈവവചനത്തെപ്പറ്റി പറയേണ്ട ഏറ്റവും അർത്ഥപൂർണ്ണമായ അഭിപ്രായം അതു തികഞ്ഞ സത്യമാണ്, ഗണിതശാസ്ത്ര ദൃഷ്ട്യാ സത്യമാണ് എന്നതു തന്നെ. ഇതു നിങ്ങൾ വിശ്വസിക്കാതിരിക്കുന്ന പക്ഷം അതൊരു പിശകായിരിക്കും. ബൈബിൾ നൽകുന്ന സന്തുഷ്ടി പ്രാപിക്കുവാൻ നിങ്ങൾക്ക് അതൊരു തടസ്സമായിത്തീരുകയും ചെയ്യും.

എല്ലാത്തരം ആളുകൾക്കും ആവശ്യമായ സന്ദേശങ്ങൾ ബൈബിളിൽ അടങ്ങിയിട്ടുണ്ട്. മാനസാന്തരം പ്രാപിക്കാത്തവർക്കും പുതുതായി മാനസാന്തരത്തിലേക്കു വന്നവർക്കും അതുപോലെ എല്ലാ വിഭാഗക്കാർക്കും തന്നെ. ഇതിലടങ്ങിയ എല്ലാ ദൈവവചനവും ശക്തി നിറഞ്ഞതാണ്. എന്നാൽ ചിലത് മറ്റുള്ളവയെക്കാളധികം ശക്തിപൂർണ്ണമാണ്. ചില വചനങ്ങൾ അവിശ്വാസ്യമായ വിധം ശക്തിസമ്പന്നവും മഹത്വകരവുമാണ്. വിശ്വസിക്കുന്ന ഒരാൾക്ക് അതിലടങ്ങിയ സത്യത്തിൽ പൂർണ്ണമായും എത്തിച്ചേരാൻ സാധിക്കയും ചെയ്യും. ഞാൻ എനിക്കു വേണ്ടിത്തന്നെ അതിൽ വിശ്വസിക്കണം. എന്റെ ജീവിതത്തിൽ അതു യാഥാർത്ഥ്യമായിത്തീരുമെന്ന വിശ്വാസം എനിക്കുണ്ടാകണം. ഇതാണ് രക്ഷയിലേക്കു നയിക്കുന്ന വിശ്വാസം. അതിലെഴുതിയിരിക്കുന്നത് ശരിയും സത്യവുമെന്ന് സാമാന്യമായി വിശ്വസിക്കുന്നതുകൊണ്ടു മാത്രം പ്രയോജനമില്ല. നാമോരോരുത്തരും നമുക്കായിത്തന്നെ ആ വചനം സ്വീകരിക്കണം. ഇതാണ് നമ്മെ രക്ഷിക്കയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന വിശ്വാസം. അപ്പോൾ വചനത്തിൽ എഴുതിയിരിക്കുന്ന അനുഭവം പൂർണ്ണമായും നമ്മുടേതായിത്തീരും. അല്പമായോ ഭാഗികമായോ അല്ല, സമ്പൂർണ്ണമായിത്തന്നെ.

പാപം സ്വാഭാവികമനുഷ്യനു വരുത്തിയ ഏറ്റവും വിനാശകരമായ കാര്യം, അത് അവനെ അവിശ്വാസ്യമായ വിധത്തിൽ, പറഞ്ഞറിയിക്കുവാനാവാത്ത വിധത്തിൽത്തന്നെ, ഉപരിപ്ലവബുദ്ധിയാക്കിത്തീർത്തു എന്നതാണ്. അതിന്റെ ഫലമായി ഒരുവൻ ബൈബിൾ വായിക്കുമ്പോൾതന്നെ അതിന്റെ അടിത്തട്ടിലേക്കിറങ്ങിച്ചെല്ലാതെ ഉപരിതലത്തിൽക്കൂടി ഭാഗികമായി മാത്രം കടന്നുപോവുകയാണ് ചെയ്യുന്നത്. നാം വായിക്കുന്ന കാര്യത്തിൽ വിശ്വാസമർപ്പിക്കേണ്ട ഘട്ടം വരുമ്പോൾ





അവ്യക്തമായി മാത്രം നാം വിശ്വസിക്കയും ചെയ്യുന്നു. എന്നാൽ ബൈബിളിന്റെ കാര്യത്തിൽ യാതൊരവ്യക്തതയുമില്ല. അത് കാര്യമാത്രപ്രസക്തവും തികച്ചും സത്യവുമാണ്.

ആളുകൾ 'എ' എന്നതിനുപകരം 'ബി' എന്നു വായിക്കും. 'ഏഴ്' എന്നതിനുപകരം 'ആറ്' എന്നും. മറ്റൊരു തരത്തിൽപ്പറഞ്ഞാൽ തികച്ചും അസൂക്ഷ്മമായ വിധത്തിൽത്തന്നെ. വർത്തമാനപ്പത്രങ്ങളും മറ്റുലേഖനങ്ങളുമെല്ലാം അവർ സൂക്ഷ്മതയോടെ വായിക്കുന്നു. എന്നാൽ ബൈബിളിന്റെ കാര്യം വരുമ്പോൾ അന്ധന്മാർ ആകാശത്തെ കുത്തി മുഷ്ടിയുദ്ധം ചെയ്യുന്നതുപോലെ എങ്ങും തട്ടാത്ത വിധമാണ് അവർ വായിക്കുന്നത്. ഇത് മുൻപറഞ്ഞ ഉപരിപ്ലവബുദ്ധിയുടെ ഫലമാണ്. നിങ്ങൾ സമയമെടുത്തും സജീവ താൽപര്യത്തോടെ ധ്യാനപൂർവമായും വായിക്കുന്നില്ല. കൃത്യമായി ഇന്നതാണ് അവിടെ എഴുതിയിരിക്കുന്നതെന്ന് നിങ്ങൾക്കു ബോദ്ധ്യപ്പെടുന്നില്ല. അതിലെഴുതിയിരിക്കുന്നതുപോലെ നിങ്ങൾ ആയിത്തീരണം എന്നറിയുന്നതുമില്ല. അപ്രകാരം അറിയുന്നവരായി മിക്കവാറും ആരുംതന്നെയില്ലെന്നു പറയാം. ഈ കാരണത്താലാണ് മിക്ക മനുഷ്യരും ഇന്നും ആത്മീയമായി ഏറ്റവും ദയനീയമായ ഒരവസ്ഥയിൽ ആയിത്തീർന്നിട്ടുള്ളത്.

ഒരുദാഹരണം: ഇന്നു ഞാൻ വീട്ടിൽ നിന്നു തിരിക്കുന്നതിന് അല്പം മുമ്പ് എനിക്ക് ഒരു സഹോദരിയുടെ കത്തുകിട്ടി. അതിൽ അവർ എഴുതിയിരുന്നു: "അനേകവർഷമായി റോമർ 8:28 എനിക്കൊരാശ്വാസവചനമായിത്തീർന്നിരിക്കുന്നു". ഈ വാക്യം വെളിപ്പെടുത്തുന്നത് അവർ റോമർ 8:28-ൽ വിശ്വസിക്കുന്നില്ല എന്ന പരമാർത്ഥമാണ്. അതിൽ എന്താണെഴുതിയിരിക്കുന്നതെന്നതിനെപ്പറ്റി ഒരു ഗ്രാഹ്യവും ആ സഹോദരിക്കില്ല എന്നതാണ് അവർ എഴുതിയ വാക്യം

> എല്ലാത്തരം ആളുകൾക്കും ആവശ്യമായ സന്ദേശങ്ങൾ ബൈബിളിൽ അടങ്ങിയിട്ടുണ്ട്. മാനസാന്തരം പ്രാപിക്കാത്തവർക്കും പുതുതായി മാനസാന്തരത്തിലേക്കു വന്നവർക്കും അതുപോലെ എല്ലാ വിഭാഗക്കാർക്കും തന്നെ. ഇതിലടങ്ങിയ എല്ലാ ദൈവവചനവും ശക്തി നിറഞ്ഞതാണ്. എന്നാൽ ചിലത് മറ്റുള്ളവയെക്കാളധികം ശക്തിപൂർണ്ണമാണ്. ചില വചനങ്ങൾ അവിശ്വാസ്യമായ വിധം ശക്തിസമ്പന്നവും മഹത്വകരവുമാണ്. വിശ്വസിക്കുന്ന ഒരാൾക്ക് അതിലടങ്ങിയ സത്യത്തിൽ പൂർണ്ണമായും എത്തിച്ചേരാൻ സാധിക്കയും ചെയ്യും. ഞാൻ എനിക്കുവേണ്ടിത്തന്നെ അതിൽ വിശ്വസിക്കണം.

വെളിപ്പെടുത്തുന്നത്–"എനിക്ക് ഒരാശ്വാസമായിത്തീർന്നിരിക്കുന്നു". ഇന്നു ക്രിസ്തീയഗോളത്തിൽ പലർക്കുംഉള്ള ഗ്രഹണശക്തി ഇതുപോലെ ആയിരിക്കാമെന്നു ഞാൻ സംശയിക്കുന്നു. എനിക്കൊരാശ്വാസം പോലും ! ആർക്കാണ് ആശ്വാസം വേണ്ടത്? അതും നമ്മുടെ പുസ്തകത്തിൽ എഴുതിയിട്ടുണ്ട്. കഷ്ടതയിലും സങ്കടത്തിലുമിരിക്കുന്നവരെയല്ലേ നാം ആശ്വസിപ്പിക്കുക? ഞാൻ റോമർ 8:28-ൽ വിശ്വസിക്കുന്ന പക്ഷം എനിക്കു ദു:ഖിതനായിരിപ്പാൻ സാധ്യമല്ല. അതു തികച്ചും അസാധ്യം തന്നെ. ഞാൻ ഒരിക്കലും ദു:ഖിക്കേണ്ട കാര്യമില്ല. റോമർ 8:28-ൽ വിശ്വസിക്കുക എന്നതിന്റെ അർത്ഥം സന്തോഷപൂർണ്ണനായിരിക്കുക എന്നതാണ്. ഇടവിടാതെ, രാപ്പകൽ, ഏതൊരു സാഹചര്യത്തിലും. അതു പീഡനമാകട്ടെ, കഷ്ടതയാകട്ടെ, എന്തായാലും ഞാൻ സന്തോഷപൂർണ്ണനായിരിക്കും. തികച്ചും ആനന്ദത്തിൽ മതിമറന്നു

> നിങ്ങൾ റോമർ 8:28-ൽ വിശ്വസിക്കുന്ന പക്ഷം അത് നിങ്ങളുടെ ജീവിതത്തെ വ്യത്യാസപ്പെടുത്തും.അവിടെ പറയുന്നു: "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ, സകലവും നന്മയ്ക്കായി കൂടി ചേർന്നു പ്രവർത്തിക്കുന്നു". നമുക്കു ജീവിതത്തിൽ എന്തു സംഭവിക്കുന്നു, ആര് നമ്മെപ്പറ്റി എന്തുപറയുന്നു, എന്തു പറയാതിരിക്കുന്നു - ഈവക കാര്യങ്ങൾ ഒന്നും തന്നെ ഇവിടെ പ്രസക്തമല്ല.എല്ലാ കാര്യങ്ങളും, ഒരപവാദവും കൂടാതെ എല്ലാം തന്നെ, നമ്മുടെ നന്മയ്ക്കായി കൂടിച്ചേർന്നു പ്രവർത്തിക്കുന്നു. വെറും നന്മയ്ക്കല്ല, പരമമായ നന്മയ്ക്ക്. അപ്രകാരമാണ് ഏറ്റവും നല്ല തർജ്ജമകളിൽപ്പറയുന്നത്. ഇതിനെക്കാൾ വ്യക്തമായി ഈ കാര്യം എഴുതാൻ സാധ്യമല്ല. എന്നാൽ നമ്മുടെ ഉപരിപ്ലവബുദ്ധി ഈ സത്യത്തെ നമ്മുടെ കണ്ണിൽനിന്നു മറച്ചുകളയുന്നു.

ജീവിക്കുക എന്നാണ് അതിന്റെ അർത്ഥം.അപ്രകാരം ജീവിക്കുമ്പോൾ അടുത്തുവരുന്ന ഈ വാക്യവും യഥാർത്ഥമായിത്തീരും. "എല്ലാറ്റിനുവേണ്ടിയും സ്ത്രോത്രം ചെയ്‌വിൻ" (1 തെസ്സ 5:18).അല്ലാത്ത പക്ഷം ആർക്കാണ് അങ്ങനെ സ്ത്രോത്രം ചെയ്യാൻ കഴിയുന്നത്? മിക്ക ആളുകളും ആ വാക്യത്തെ ഇങ്ങനെയാണ് വായിക്കുന്നത്. "നന്മയായി സംഭവിക്കുന്ന എല്ലാറ്റിനും വേണ്ടി സ്ത്രോത്രം ചെയ്യുക". എന്നാൽ ആ വിധത്തിലല്ല അവിടെ എഴുതിയിട്ടുള്ളത്. നല്ലതോ ചീത്തയോ എന്തായാലും സ്ത്രോത്രം ചെയ്‌വാൻ നിങ്ങൾക്കു കഴിയണം.നിങ്ങൾ റോമർ 8:28-ൽ വിശ്വസിക്കുന്നപക്ഷം അപ്രകാരമായിരിക്കും നിങ്ങളുടെ അവസ്ഥ.

മാത്രമല്ല, ഇങ്ങനെയും കൂടെ എഴുതപ്പെട്ടിരിക്കുന്നു: "കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു". (ഫിലി 4:4) റോമർ 8:28-ൽ വിശ്വസിക്കാതെ ഇതു സാധ്യമല്ല തന്നെ.നമുക്ക് ആ വാക്യം വീണ്ടും വായിച്ചുനോക്കാം: "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ, സകലവും നന്മയ്ക്കായി കൂടിച്ചേർന്നു പ്രവർത്തിക്കുന്നു". നമുക്കു ജീവിതത്തിൽ എന്തു സംഭവിക്കുന്നു, ആര് നമ്മെപ്പറ്റി എന്തു പറയുന്നു, എന്തു പറയാതിരിക്കുന്നു - ഈവക കാര്യങ്ങൾ ഒന്നും തന്നെ ഇവിടെ പ്രസക്തമല്ല.എല്ലാ കാര്യങ്ങളും, ഒരപവാദവും കൂടാതെ എല്ലാം തന്നെ, നമ്മുടെ നന്മയ്ക്കായി കൂടിച്ചേർന്നു പ്രവർത്തിക്കുന്നു. വെറും നന്മയ്ക്കല്ല, പരമമായ നന്മയ്ക്ക് (for the very best) - അപ്രകാരമാണ് ഏറ്റവും നല്ല തർജ്ജമകളിൽപ്പറയുന്നത്. ഇതിനെക്കാൾ വ്യക്തമായി ഈ കാര്യം എഴുതാൻ സാധ്യമല്ല. എന്നാൽ നമ്മുടെ ഉപരിപ്ലവബുദ്ധി ഈ സത്യത്തെ നമ്മുടെ കണ്ണിൽനിന്നു മറച്ചുകളയുന്നു. ചുരുക്കം പറഞ്ഞാൽ നമുക്കു ദൈവവചനം എഴുതിയിരിക്കുന്നതുപോലെ വായിക്കാൻതന്നെ കഴിവില്ല. അഥവാ അതിൽ നമുക്കു താൽപര്യമില്ല. അതിനുവേണ്ടി നാം സമയം എടുക്കുന്നതുമില്ല.

"മറ്റൊരു സുവിശേഷം, മറ്റൊരു യേശു" എന്നിവയെപ്പറ്റിയും ബൈബിളിൽ എഴുതിയിട്ടുണ്ട്. പുതിയ നിയമത്തിലുള്ള ജീവന്റെ വചനത്തിൽ നാം വിശ്വസിക്കുന്നില്ലെങ്കിൽ നാം യഥാർത്ഥമല്ലാത്ത മറ്റൊരു സുവിശേഷത്തിലും മറ്റൊരു യേശുവിലും വിശ്വസിക്കുന്നവരാണ്.





ഇതുപോലെ പല അത്ഭുതകരമായ വചനങ്ങളും ബൈബിളിൽ എഴുതപ്പെട്ടിട്ടുണ്ട്.അവയും പറഞ്ഞറിയിക്കാനാവാത്ത വിധത്തിൽ ശക്തിപൂർണ്ണവും മഹത്വകരവുമായ സത്യവചനങ്ങളാണ്. അവയിൽ നാം വിശ്വസിക്കുന്നില്ലെങ്കിൽ അവയെയും അനുഭവത്തിലാക്കുവാൻ സാധ്യമല്ലെന്ന് ദൈവം കല്പിച്ചിട്ടുണ്ട്. എബ്രായർ 11:16-ൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല". യേശുക്രിസ്തു തന്റെ ഐഹികജീവിതകാലത്ത് ഇപ്രകാരം അരുളിച്ചെയ്തു: "സത്യത്തിന്റെ ആത്മാവു വരുമ്പോൾ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും". (യോഹ. 16:13)

മറ്റൊരു ദൈവവചനം നോക്കുക: മത്തായി 10:29-31: "കാശിനു രണ്ടു കുരികിലിനെ വില്ക്കുന്നില്ലയോ? അവയിൽ ഒന്നുപോലും നിങ്ങളുടെ പിതാവു സമ്മതിക്കാതെ നിലത്തുവീഴുകയില്ല. എന്നാൽ നിങ്ങളുടെ തലയിലെ രോമവും എല്ലാം എണ്ണപ്പെട്ടിരിക്കുന്നു. ആകയാൽ ഭയപ്പെടേണ്ട. ഏറിയ കുരികിലുകളെക്കാളും നിങ്ങൾ വിശേഷതയുള്ളവരല്ലോ".

> നമ്മുടെ തലയിലെ രോമങ്ങളെയെല്ലാം ദൈവം എണ്ണിയിരിക്കുന്നെങ്കിൽ അവിടുന്ന് എണ്ണാതെയും നിയന്ത്രിക്കാതെയുമുള്ള യാതൊരു കാര്യവും നമ്മുടെ ജീവിതത്തിൽ സംഭവിക്കുകയില്ല. നാം ദൈവത്തെ സ്നേഹിക്കുമ്പോൾ അവിടുത്തെ അധീനതയിൽ ലക്ഷോപലക്ഷം ഭൃത്യസമൂഹങ്ങളുണ്ട്. ഇതിനെ ദൈവത്തിന്റെ ഒരു മാതൃകാസഹകരണസംഘമെന്നു കരുതിക്കൊള്ളുക. ആ സംഘത്തിൽ ശമ്പളം വാങ്ങുന്നവരും വാങ്ങാത്തവരുമായ അസംഖ്യം പ്രവർത്തകരുണ്ട്. ചുരുക്കം പറയട്ടെ, നമ്മുടെ എതിരാളികളെല്ലാം ദൈവനിയോഗമനുസരിച്ച് നമ്മുടെ പരമമായ നന്മയ്ക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

നമ്മുടെ തലയിലെ രോമങ്ങളെയെല്ലാം ദൈവം എണ്ണിയിരിക്കുന്നെങ്കിൽ അവിടുന്ന് എണ്ണാതെയും നിയന്ത്രിക്കാതെയുമുള്ള യാതൊരു കാര്യവും നമ്മുടെ ജീവിതത്തിൽ സംഭവിക്കുകയില്ല. നാം ദൈവത്തെ സ്നേഹിക്കുമ്പോൾ അവിടുത്തെ അധീനതയിൽ ലക്ഷോപലക്ഷം ഭൃത്യസമൂഹങ്ങളുണ്ട്. ഇതിനെ ദൈവത്തിന്റെ ഒരു മാതൃകാസഹകരണസംഘമെന്നു കരുതിക്കൊള്ളുക. ആ സംഘത്തിൽ ശമ്പളം വാങ്ങുന്നവരും വാങ്ങാത്തവരുമായ അസംഖ്യം പ്രവർത്തകരുണ്ട്. ചുരുക്കം പറയട്ടെ, നമ്മുടെ എതിരാളികളെല്ലാം ദൈവനിയോഗമനുസരിച്ച് നമ്മുടെ പരമമായ നന്മയ്ക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നമുക്ക് എത്ര കൂടുതൽ നരകദുഃഖം വരുത്തുവാൻ അവർ ശ്രമിക്കുന്നുവോ അത്രയധികം ജീവിതം നമുക്ക് സ്വർഗ്ഗതുല്യമായിത്തീർന്നുകൊണ്ടിരിക്കയാണ്. നമ്മുടെ ജീവിതത്തിൽ കാര്യങ്ങളെല്ലാം ഇത്ര ഭദ്രമായി മുന്നോട്ടു നീങ്ങുന്നത് ഈ കാരണത്താലാണ്. ചുരുക്കത്തിൽ ഒരു വിശ്വാസിയായി ജീവിക്കുക എന്നത് അത്യന്തം ആനന്ദകരമായ ഒരനുഭവമാണ്. അതിനാൽ ബൈബിളിൽ എഴുതിയിട്ടുള്ള ഓരോ ജീവന്റെ വചനവും 100 ശതമാനം സത്യവും കൃത്യതയുള്ളതുമാണ്. അതിൽ ഒരു തലനാരിഴയ്ക്കുപോലും വ്യത്യാസം വരിക സാധ്യമല്ല. നിങ്ങൾ അതിൽ വിശ്വാസമർപ്പിച്ച് മുന്നോട്ട് നീങ്ങുക. നിങ്ങൾക്കെല്ലാവർക്കും ഞാൻ ഏറ്റവും വലിയ നന്മ ആശംസിക്കുന്നു.

❖

# തോൽവിയിൽ നിരാശപ്പെടരുത്

**ക**ഴിഞ്ഞകാല ജീവിതത്തിൽ ദൈവത്തോടു കുറ്റം ചെയ്തതുമൂലം ഇപ്പോൾ തങ്ങൾക്കായുള്ള ദൈവത്തിന്റെ പരിപൂർണ്ണ പദ്ധതി സാക്ഷാൽക്കരിക്കുവാൻ സാധ്യമല്ലെന്നു ചിന്തിക്കുന്ന ധാരാളം സഹോദരീസഹോദരന്മാരുണ്ട്.

ഈ കാര്യത്തെപ്പറ്റി നമ്മുടെ സ്വന്തം വിവേകത്തിലോ യുക്തിബോധത്തിലോ ആശ്രയിക്കാതെ ദൈവവചനത്തിന് എന്താണു പറയാനുള്ളതെന്ന് നമുക്ക് പരിശോധിക്കാം.

ആദ്യമായിത്തന്നെ ബൈബിൾ എപ്രകാരം ആരംഭിക്കുന്നുവെന്ന കാര്യം ശ്രദ്ധിക്കുക.

"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉൽപത്തി 1:1). ദൈവം അവയെ സൃഷ്ടിച്ചപ്പോൾ ആകാശവും ഭൂമിയും സമ്പൂർണ്ണതയുള്ളവയായിരുന്നിരിക്കണം.കാരണം, അവിടുത്തെ കരവേലയായ യാതൊന്നും തന്നെ അപൂർണ്ണമോ കുറവുള്ളതോ ആയിരിപ്പാൻ സാധ്യമല്ല.

എങ്കിലും ദൈവം സൃഷ്ടിച്ച ദൂതസംഘത്തിൽ ചിലർ തെറ്റിൽ വീണു പോകുവാൻ ഇടയായി. യെശയ്യാവ് 14:1-15, യെഹെസ്കേൽ 28:13-18 എന്നീ വേദഭാഗങ്ങളിൽ നമ്മുടെ പ്രയോജനത്തിനായി ഇതിനെപ്പറ്റി വിവരിച്ചിട്ടുണ്ട്. അതിനുശേഷമാണ് ഉൽപത്തി 1:2-ാം വാക്യത്തിൽ വിവരിച്ചിരിക്കുന്ന അവസ്ഥയിൽ ഭൂമി ആയിത്തീർന്നത്. 'ഭൂമി പാഴായും ശൂന്യമായും ഇരുന്നു; ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു'.

പാഴും ശൂന്യവും ഇരുളടഞ്ഞതുമായ ആ ഭൂമിമേൽ ദൈവം പ്രവർത്തിച്ചിട്ട് അതിൽനിന്ന് അത്യന്തം മനോഹരമായ ഒരു ലോകത്തെ നിർമ്മിച്ചതെങ്ങനെയെന്ന് ഉൽപത്തി 1-ന്റെ ശേഷിച്ച ഭാഗത്തു വിവരിക്കുന്നു. ദൈവം തന്നെ 'വളരെ നല്ലത്' എന്നു പ്രഖ്യാപിക്കുമാറ് അത് അത്ര മനോഹരമായിരുന്നു. (ഉൽപത്തി 1:31). ഉൽപത്തി 1-ന്റെ 2, 3 വാക്യങ്ങളിൽ ദൈവത്തിന്റെ ആത്മാവ് ഭൂമിമേൽ പരിവർത്തിച്ചുവെന്നും ദൈവം തന്റെ വചനം സംസാരിച്ചുവെന്നും നാം വായിക്കുന്നു. ഭൂമിയിലുണ്ടായ വലിയ വ്യത്യാസത്തിനു കാരണഭൂതമായിത്തീർന്ന ശക്തികൾ ഇവ രണ്ടുമായിരുന്നു.

ഇതിൽനിന്നും നമുക്ക് ഇന്നു ലഭിക്കുന്ന സന്ദേശം എന്താണ്?

നാം എത്രയധികം പരാജയപ്പെട്ടവരായിരുന്നാലും ശരി, അഥവാ നമ്മുടെ ജീവിതത്തെ നാം എത്രയധികം സങ്കീർണ്ണമാക്കിത്തീർത്തിരുന്നാലും ശരി, ദൈവത്തിന് അതിനെ അത്യന്തം മഹത്വപൂർണ്ണമായ ഒന്നാക്കിത്തീർക്കുവാൻ സാധിക്കും എന്നതു തന്നെ.

ദൈവം ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചപ്പോൾ അവയെപ്പറ്റി അവിടുത്തേക്കു പരിപൂർണ്ണമായ ഒരു ഉദ്ദേശ്യം ഉണ്ടായിരുന്നു. എന്നാൽ ലൂസിഫറിന്റെ പരാജയം നിമിത്തം ആ പ്ലാൻ ദൈവത്തിനു മാറ്റിവയ്ക്കേണ്ടി വന്നു. എന്നിട്ടും ദൈവം ആകാശത്തെയും ഭൂമിയേയും പുനഃസൃഷ്ടിക്കുകയും അത്യന്തം മനോഹരമായ ഒന്ന് അവയിൽനിന്ന് ഉത്പാദിപ്പിക്കുകയും ചെയ്തു.

അടുത്തതായി എന്തു സംഭവിച്ചുവെന്ന് ഇനി ചിന്തിക്കുക.

ദൈവം ആദാമിനെയും ഹവ്വയെയും സൃഷ്ടിച്ചു. അതും പുതിയൊരു തുടക്കമായിരുന്നു. അവരെക്കുറിച്ചും ദൈവത്തിനു പരിപൂർണ്ണമായ ഒരു പദ്ധതിയുണ്ടായിരുന്നിരിക്കണം. അവർ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നുവാനിടയായയത് വ്യക്തമായും ആ പ്ലാനിന്റെ ഭാഗമായിരുന്നില്ല. എങ്കിലും അവർ നിരോധിക്കപ്പെട്ട ആ വൃക്ഷഫലം തിന്നുകയും അങ്ങനെ തങ്ങളെക്കുറിച്ചു ദൈവത്തിനുണ്ടായിരുന്നു ആദിമ പദ്ധതി (അതെന്തായിന്നാൽത്തന്നെയും) തകർക്കപ്പെടുകയും ചെയ്തു.

ഇനി അവർക്ക് ദൈവത്തിന്റെ പരിപൂർണ്ണ പദ്ധതി സാക്ഷാൽക്കരിക്കുവാൻ സാധ്യമല്ലെന്നു നമ്മുടെ യുക്തിബോധം പറഞ്ഞേക്കാം. എന്നാലും അവരെ കാണുവാനായി ദൈവം തോട്ടത്തിൽ വന്നപ്പോൾ, ഇനിയിപ്പോൾ തങ്ങളുടെ അവശിഷ്ട ജീവിതകാലത്ത് അവർക്കു ദൈവത്തിന്റെ ഒരു രണ്ടാംകിട നന്മ മാത്രമേ അനുഭവിപ്പാൻ സാധിക്കൂ എന്ന് ദൈവം അവരോടു പറയുന്നില്ല. ഇല്ല, ഒരിക്കലുമില്ല. ഉൽപത്തി 3:15-ൽ സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കുമെന്ന വാഗ്ദാനം ദൈവം അവർക്കു നൽകുന്നു. ക്രിസ്തു ലോകത്തിന്റെ പാപത്തിനുവേണ്ടി മരിക്കുകയും കാൽവറിയിൽ സാത്താനെ ജയിക്കുകയും ചെയ്യുന്നതിനെക്കുറിച്ചുള്ള ഒരു വാഗ്ദാനമാണിത്.

ദൈവം ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചപ്പോൾ അവയെപ്പറ്റി അവിടുത്തേക്കു പരിപൂർണ്ണമായ ഒരു ഉദ്ദേശ്യം ഉണ്ടായിരുന്നു. എന്നാൽ ലൂസിഫറിന്റെ പരാജയം നിമിത്തം ആ പ്ലാൻ ദൈവത്തിനു മാറ്റിവയ്ക്കേണ്ടി വന്നു. എന്നിട്ടും ദൈവം ആകാശത്തെയും ഭൂമിയേയും പുനഃസൃഷ്ടിക്കുകയും അത്യന്തം മനോഹരമായ ഒന്ന് അവയിൽനിന്ന് ഉത്പാദിപ്പിക്കുകയും ചെയ്തു. ഇതിൽനിന്നും നമുക്ക് ഇന്നു ലഭിക്കുന്ന സന്ദേശം എന്താണ്? നാം എത്രയധികം പരാജയപ്പെട്ടവരായിരുന്നാലും ശരി, അഥവാ നമ്മുടെ ജീവിതത്തെ നാം എത്രയധികം സങ്കീർണ്ണമാക്കിത്തീർത്തിരുന്നാലും ശരി, ദൈവത്തിന് അതിനെ അത്യന്തം മഹത്വപൂർണ്ണമായ ഒന്നാക്കിത്തീർക്കുവാൻ സാധിക്കും എന്നതു തന്നെ.

ഇപ്പോൾ ഈ വസ്തുതയെപ്പറ്റി നിങ്ങൾ ചിന്തിക്കുകയും ഇത് യുക്തിബോധത്താൽ സാധൂകരിപ്പാൻ സാധ്യമോ എന്നു വിവേചിക്കുകയും ചെയ്യുക.

നിത്യത മുഴുവനെയും സംബന്ധിക്കുന്ന ദൈവത്തിന്റെ പരിപൂർണ്ണ പദ്ധതിയുടെ ഒരു ഭാഗമാണ് ക്രിസ്തുവിന്റെ മരണമെന്ന് നമുക്കറിയാം.കുഞ്ഞാട് ലോകസ്ഥാപനത്തിങ്കലേ അറുക്കപ്പെട്ടവനാണ് (വെളി. 13:8). എങ്കിലും ക്രിസ്തു മരിച്ചത് ആദാമും ഹവ്വയും പാപം ചെയ്യുകയും ദൈവത്തോടു കുറ്റക്കാരാവുകയും ചെയ്തതിനാലാണെന്നും നാം അറിയുന്നുണ്ട്. അതിനാൽ ലോകത്തിന്റെ പാപത്തിനുവേണ്ടി മരണമനുഭവിപ്പാൻ ദൈവം ക്രിസ്തുവിനെ അയച്ചത് ആദാമിന്റെ കുറ്റ

വീണ്ടും വീണ്ടും പരാജയപ്പെട്ടിട്ടുള്ള ഒരുവന്റെ ജീവിതത്തിൽ ഇടപെട്ട് ദൈവത്തിന്റെ രണ്ടാംകിടയിലുള്ള നന്മയല്ല, അവിടുത്തെ പരിപൂർണ്ണവും സർവോത്തമവുമായ പ്ലാൻ തന്നെ അയാളിലൂടെ നിറവേറ്റുവാൻ ദൈവത്തിനു കഴിയും. കാരണം ഇതാണ്: പരാജയം പോലും അവനെ മറക്കരുതാത്ത ചില പാഠങ്ങൾ പഠിപ്പിക്കുവാൻവേണ്ടി ദൈവിക പദ്ധതിയുടെ ഒരു ഭാഗമായിരുന്നിരിക്കണം. മാനുഷികമായ യുക്തിക്ക് ഇതു ഗ്രഹിക്കുവാൻ അസാധ്യമാണ്. എന്തെന്നാൽ അത്ര കുറഞ്ഞ ഒരളവിൽ മാത്രമേ ദൈവത്തെ നാം അറിയുന്നുള്ളു.

ത്തോടു ബന്ധമില്ലാതെയല്ല, മറിച്ച് ആദാമിന്റെ കുറ്റം നിമിത്തമാണെന്നു യുക്തിപരമായി നമുക്കു പറയാം. ആദാമിന്റെ പാപം സംഭവിച്ചില്ലായിരുന്നെങ്കിൽ കാൽവറി ക്രൂശിൽ പ്രദർശിതമായ ദൈവസ്നേഹം നാം അറിയുകയില്ലായിരുന്നു.

ഇതു നമ്മുടെ യുക്തിബോധത്തെ കുഴക്കുന്നുണ്ട്. തന്മൂലമാണ് 'സ്വന്തം വിവേകത്തിൽ ഊന്നരു'തെന്ന് തിരുവെഴുത്തു നമ്മോടു പറയുന്നത് (സദൃ. 3:5).

ഗണിതശാസ്ത്രപരമായ യുക്തിബോധമനുസരിച്ചാണ് ദൈവം പ്രവർത്തിച്ചിരുന്നതെങ്കിൽ ക്രിസ്തു ലോകത്തിൽ വന്നത് ദൈവത്തിന്റെ അത്യുത്തമപദ്ധതിയേക്കാൾ കുറഞ്ഞ നിലവാരത്തിലുള്ള ഒരു കാര്യം മാത്രമാണെന്നു നാം പറയേണ്ടിവരുമായിരുന്നു. എന്നാൽ അപ്രകാരം പറയുന്നത് ദൈവദൂഷണമായിരിക്കും. മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ പരിപൂർണ്ണ പദ്ധതിയിലെ ഒരു ഭാഗമായിരുന്നു അത്. ദൈവം ഒരിക്കലും തെറ്റു ചെയ്യുന്നില്ല. എന്നാൽ ദൈവം സർവശക്തനും സകലവും ഭരിക്കുന്നവനുമാകയാലും ദൈവം ആദി മുതൽ തന്നെ അന്ത്യം അറിയുന്നവനാകയാലും അവിടുന്ന് എപ്പോഴും നമുക്കുവേണ്ടി പ്ലാൻ ചെയ്യുന്നവനാകയാലും മനുഷ്യനോടുള്ള അവിടുത്തെ പ്രവർത്തനങ്ങൾ വിശദീകരിക്കുവാൻ നാം ശ്രമിക്കുമ്പോൾ മാനുഷിക ബുദ്ധി പരാജയപ്പെടുന്നു.

ദൈവത്തിന്റെ വഴികൾ നമ്മുടെ വഴികളല്ല; അവിടുത്തെ ചിന്തകൾ നമ്മുടെ ചിന്തകളുമല്ല. അവ തമ്മിലുള്ള അകലം ഭൂമിയും ആകാശവും തമ്മിലുള്ളതുപോലെ അത്രയധികമാണ് (യെശയ്യാവ് 55:8,9). അതിനാൽ ദൈവത്തിന്റെ വഴികൾ അറിയുവാൻ നാം ശ്രമിക്കുമ്പോൾ നമ്മുടെ സ്വന്ത മിടുക്കെല്ലാം മാറ്റിവയ്ക്കുന്നതു നന്നായിരിക്കും.

അങ്ങനെയെങ്കിൽ ബൈബിളിന്റെ ആദ്യപുറങ്ങൾ തുടങ്ങി ദൈവം നമ്മെ ഗ്രഹിപ്പിക്കുവാൻ ശ്രമിക്കുന്ന സന്ദേശം എന്താണ്? ഇതു തന്നെ: പരാജിതനായ ഒരുവന്റെ കാര്യത്തിൽ ഇടപെട്ട് അയാളിൽക്കൂടി മഹത്വകരമായ ചിലതു സാധിക്കുവാൻ ദൈവത്തിനു കഴിയും. ആ ഘട്ടത്തിലും അവനെ സംബന്ധിച്ചുള്ള ദൈവത്തിന്റെ പരിപൂർണ്ണ പദ്ധതി നിറവേറ്റുവാനും അവിടുത്തേക്കു സാധിക്കും.

ബൈബിളിൽ ദൈവത്തിനു മനുഷ്യനോടുള്ള പ്രഥമ സന്ദേശം ഇതാണ്, ഈ കാര്യം ഒരിക്കലും നാം മറക്കരുത്.

വീണ്ടും വീണ്ടും പരാജയപ്പെട്ടിട്ടുള്ള ഒരുവന്റെ ജീവിതത്തിൽ ഇടപെട്ട് ദൈവത്തിന്റെ രണ്ടാംകിടയിലുള്ള നന്മയല്ല, അവിടുത്തെ പരിപൂർണ്ണവും സർവോത്തമവുമായ പ്ലാൻ തന്നെ അയാളിലൂടെ നിറവേറ്റുവാൻ ദൈവത്തിനു കഴിയും.

കാരണം ഇതാണ്: പരാജയം പോലും അവനെ മറക്കരുതാത്ത ചില പാഠങ്ങൾ പഠിപ്പിക്കുവാൻവേണ്ടി ദൈവിക പദ്ധതി





യുടെ ഒരു ഭാഗമായിരുന്നിരിക്കണം. മാനുഷികമായ യുക്തിക്ക് ഇതു ഗ്രഹിക്കുവാൻ അസാധ്യമാണ്. എന്തെന്നാൽ അത്ര കുറഞ്ഞ ഒരളവിൽ മാത്രമേ ദൈവത്തെ നാം അറിയുന്നുള്ളു.

തകർച്ചയിലെത്തിയ സ്ത്രീപുരുഷന്മാരെ മാത്രമേ ദൈവത്തിന് ഉപയോഗിക്കുവാൻ കഴിയൂ. നമ്മെ തകർക്കുവാനുള്ള അവിടുത്തെ ഒരു വഴി വീണ്ടും വീണ്ടുമുള്ള പരാജയമാണ്.

അപ്പോസ്തലനായ പത്രോസിന്റെ നേതൃത്വപരിശീലനത്തിന്റെ ഒരു ഭാഗം പരാജയമായിരുന്നു. പത്രോസിന്റെ പരാജയങ്ങൾ അദ്ദേഹത്തെ തകർക്കുന്നതിനായി ദൈവം ഉപയോഗിച്ചു.

ദൈവം നമ്മെ അനുഗ്രഹിക്കുകയും ആ അനുഗ്രഹം നമ്മെ നിഗളികളാക്കാതെ നമ്മെ സൂക്ഷിക്കുകയും ചെയ്യുക - ഇതാണ് ദൈവത്തിനു നമ്മുടെ കാര്യത്തിലുള്ള ഏറ്റവും വലിയ പ്രശ്നം. കോപത്തിന്റെ മീതേ വിജയം ലഭിക്കുകയും അനന്തരം അതിനെക്കുറിച്ചു നിഗളിക്കുകയും ചെയ്യുന്നത് നാം ആദ്യം വീണതിനെക്കാൾ അധികം ആഴമുള്ള ഒരു കുഴിയിൽ വീണുപോവുകയാണ്. അതിനാൽ വിജയത്തിന്റെ സന്ദർഭത്തിൽ തന്നെ ദൈവത്തിനു നമ്മെ വിനീതരായി സൂക്ഷിക്കേണ്ടിയിരിക്കുന്നു.

ദൈവം നമ്മെ അനുഗ്രഹിക്കുകയും ആ അനുഗ്രഹം നമ്മെ നിഗളികളാക്കാതെ നമ്മെ സൂക്ഷിക്കുകയും ചെയ്യുക - ഇതാണ് ദൈവത്തിനു നമ്മുടെ കാര്യത്തിലുള്ള ഏറ്റവും വലിയ പ്രശ്നം. കോപത്തിന്റെ മീതേ വിജയം ലഭിക്കുകയും അനന്തരം അതിനെക്കുറിച്ചു നിഗളിക്കുകയും ചെയ്യുന്നത് നാം ആദ്യം വീണതിനെക്കാൾ അധികം ആഴമുള്ള ഒരു കുഴിയിൽ വീണുപോവുകയാണ്. അതിനാൽ വിജയത്തിന്റെ സന്ദർഭത്തിൽ തന്നെ ദൈവത്തിനു നമ്മെ വിനീതരായി സൂക്ഷിക്കേണ്ടിയിരിക്കുന്നു.

പാപത്തിന്റെ മേലുള്ള സാക്ഷാൽ വിജയം എപ്പോഴും ആഴമായ വിനയത്തോട് ഇടകലർന്നതായിരിക്കും. ഇവിടെയാണു നമ്മുടെ തൻപോരിമയെ നശിപ്പിക്കുന്നതിലേക്ക് ആവർത്തിച്ചുള്ള പരാജയം അതിന്റെ പങ്കുവഹിക്കുന്നത്. അപ്പോൾ പാപത്തിന്റെ മേലുള്ള വിജയം ദൈവത്തിന്റെ ശക്തീകരിക്കുന്ന കൃപ കൂടാതെ സാധ്യമല്ലെന്ന ഉറപ്പു നമുക്കു ലഭിക്കും. അങ്ങനെയെങ്കിൽ വിജയം ലഭിക്കുമ്പോൾ നാം ഒരിക്കലും അതിനെപ്പറ്റി സ്വയം പ്രശംസിക്കുകയില്ല.

മറ്റൊരു കാര്യം. നാം തന്നെ അനേക പ്രാവശ്യം പരാജയപ്പെട്ടു കഴിയുമ്പോൾ പരാജയപ്പെടുന്ന ഒരുവനെ നിന്ദിക്കുവാൻ നമുക്കു സാധ്യമല്ലാതാകും. അസംഖ്യം വീഴ്ചകളിലൂടെ നമ്മുടെ ജഡത്തിന്റെ ബലഹീനത നമുക്കു ബോധ്യമാകുന്നതു മൂലം വീഴുന്നവരോടു സഹതാപം കാണിക്കുവാൻ നമുക്കു കഴിവുണ്ടാകും. അജ്ഞരോടും വഴിതെറ്റിയവരോടും സൗമ്യതയോടെ പെരുമാറുവാൻ നമുക്കു കഴിയും. കാരണം നാം തന്നെയും ബലഹീനത നിറഞ്ഞ വ്യക്തികളാണല്ലോ.

'അങ്ങനെയെങ്കിൽ നന്മ വരേണ്ടതിനായി നമുക്കു പാപം ചെയ്യാം' എന്നായിരിക്കും യുക്തിചിന്തക്കാരനായ ഒരു മനുഷ്യൻ ഇതു കേട്ടശേഷം പറയുന്നത്.

റോമർ 3:7,8 (ലിവിംഗ്) ഈ പ്രസ്താവനയ്ക്ക് പൗലൊസ് ഇപ്രകാരം മറുപടി പറയുന്നു: 'എന്റെ സത്യസന്ധതയില്ലായ്മ ദൈവത്തിന്റെ സത്യസന്ധതയെ തെളിയിച്ചതിനാൽ ദൈവത്തിനു മഹത്വം വന്നുവെന്ന് നിങ്ങൾ പറയുന്നുവല്ലോ. 'ഈ വിചാരഗതി തുടരുന്നപക്ഷം – 'നാം

> വീണുപോയ മനുഷ്യനോടുള്ള ദൈവകൃപയെ മാനുഷികമായ യുക്തിബോധം കൊണ്ടു ഗ്രഹിക്കുവാൻ സാധ്യമല്ല എന്നു നാം പറയുകതന്നെ ചെയ്യുന്നു. ദൈവത്തിന് ഒന്നും അസാധ്യമല്ല. നാം ദയനീയമായും ആവർത്തിച്ചും പരാജയപ്പെട്ടതിനുശേഷവും തന്റെ പരിപൂർണ്ണ ഹിതത്തിലേക്കു നമ്മെ നയിക്കുക എന്നതു ദൈവത്തിന് അസാധ്യമല്ല. നമ്മുടെ അവിശ്വാസം മാത്രമാണ് ദൈവത്തിനു പ്രതിബന്ധമായി നിൽക്കുന്നത്. എന്നാൽ നിങ്ങൾ വിശ്വസിക്കുക മാത്രം ചെയ്യുമെങ്കിൽ നിങ്ങൾക്കു വേണ്ടി എന്തു ചെയ്യുവാനും ദൈവത്തിന് അസാദ്ധ്യമല്ലെന്ന് യേശു പറഞ്ഞിട്ടുണ്ട്.

എത്ര കൊള്ളരുതാത്തവരാകുന്നുവോ അത്രയ്ക്കു ദൈവം സന്തുഷ്ടനാകും' എന്നൊരു നിഗമനത്തിലായിരിക്കും നിങ്ങൾ വന്നു ചേരുന്നത്. ഈ വിധത്തിലുള്ള കാര്യങ്ങൾ സംസാരിക്കുന്നവർക്കു വരുന്ന ശിക്ഷാവിധി ന്യായം തന്നെ.

ഇല്ല, നന്മ വരേണ്ടതിനു നാം പാപം ചെയ്യണമെന്ന് നാം പ്രസംഗിക്കുന്നില്ല. നമുക്കു ദൈവത്തിന്റെ കൃപയെ ചൂഷണം ചെയ്തുകൊണ്ട് മനഃപൂർവ്വം ദൈവത്തോട് അനുസരണക്കേടു കാണിക്കുകയും എന്നിട്ടും നാം വിതച്ചതിന്റെ ഫലം കൊയ്യുന്നതിൽനിന്നു രക്ഷപ്പെടുകയും ചെയ്യാമെന്നും നാം പറയുന്നില്ല. ഒരിക്കലുമില്ല.

എന്നാൽ വീണുപോയ മനുഷ്യനോടുള്ള ദൈവകൃപയെ മാനുഷികമായ യുക്തിബോധം കൊണ്ടു ഗ്രഹിക്കുവാൻ സാധ്യമല്ല എന്നു നാം പറയുകതന്നെ ചെയ്യുന്നു. ദൈവത്തിന് ഒന്നും അസാധ്യമല്ല. നാം ദയനീയമായും ആവർത്തിച്ചും പരാജയപ്പെട്ടതിനുശേഷവും തന്റെ പരിപൂർണ്ണ ഹിതത്തിലേക്കു നമ്മെ നയിക്കുക എന്നതു ദൈവത്തിന് അസാധ്യമല്ല. നമ്മുടെ അവിശ്വാസം മാത്രമാണ് ദൈവത്തിനു പ്രതിബന്ധമായി നിൽക്കുന്നത്.

'എന്നാൽ ഞാൻ കാര്യങ്ങളെ പല മടങ്ങു സങ്കീർണ്ണമാക്കിത്തീർത്തു; ഇപ്പോളിനി ദൈവത്തിനു തന്റെ സമ്പൂർണ്ണമായ പ്ലാനിലേക്ക് എന്നെ കൊണ്ടുവരുവാൻ സാധ്യമല്ല' എന്നു നിങ്ങൾ പറയുന്നപക്ഷം, അപ്പോൾ മാത്രം ദൈവത്തിന് അത് അസാധ്യമായിത്തീരും. നിങ്ങൾക്കു വേണ്ടി ദൈവത്തിനു ചെയ്യാൻ കഴിയുന്ന കാര്യം നിങ്ങൾക്കു വിശ്വസിക്കാൻ കഴിയുന്നില്ല എന്നതു തന്നെയാണ് അതിനു കാരണം. എന്നാൽ നിങ്ങൾ വിശ്വസിക്കുക മാത്രം ചെയ്യുമെങ്കിൽ നിങ്ങൾക്കു വേണ്ടി എന്തു ചെയ്യുവാനും ദൈവത്തിന് അസാദ്ധ്യമല്ലെന്ന് യേശു പറഞ്ഞിട്ടുണ്ട്.

'നിന്റെ വിശ്വാസംപോലെ നിനക്കു ഭവിക്കട്ടെ' എന്നത് എല്ലാ കാര്യങ്ങളിലുമുള്ള ദൈവത്തിന്റെ നിയമമാണ് (മത്തായി 9:29). നമുക്ക് എന്തിനുവേണ്ടി വിശ്വാസമുണ്ടോ അതു നമുക്കു ലഭിക്കും. ഒരു കാര്യം നമുക്കുവേണ്ടി ചെയ്യാൻ ദൈവത്തിന് അസാധ്യമാണെന്നു നാം വിശ്വസിക്കുന്നപക്ഷം അത് ഒരിക്കലും നമ്മുടെ ജീവിതത്തിൽ നിറവേറ്റുവാൻ സാധ്യമല്ല.

നേരേ മറിച്ച് നിങ്ങളെക്കാൾ അധികമായി സ്വന്ത ജീവിതത്തെ സങ്കീർണ്ണമാക്കിത്തീർത്ത മറ്റൊരു വ്യക്തിയെപ്പറ്റി ചിന്തിക്കുക. തന്റെ ജീവിതത്തിന്റെ ചിതറിപ്പോയ കഷണങ്ങൾ പെറുക്കിയെടുത്ത് വളരെ മനോഹരമായ ഒന്നു നിർമ്മിക്കുവാൻ ദൈവത്തിന് സാധ്യമാണെന്ന് അയാൾ വിശ്വസിച്ചതുകൊണ്ടു മാത്രം അയാളുടെ ജീവിതത്തെപ്പറ്റിയുള്ള ദൈവത്തിന്റെ സമ്പൂർണ്ണ പദ്ധതി നിറവേറ്റുവാൻ സാധിച്ചതായി ക്രിസ്തുവിന്റെ





ന്യായാസനത്തിന്റെ മുമ്പിൽ വച്ചു കാണുവാൻ നിങ്ങൾക്ക് ഇടയാകും.

ആ ദിവസം നിങ്ങളുടെ ജീവിതത്തിൽ എത്ര വലിയ പശ്ചാത്താപം ആയിരിക്കും ഉണ്ടാവുക! നിങ്ങളുടെ പരാജയങ്ങൾ എത്ര അസംഖ്യമായിരുന്നാലും ശരി, അവയല്ല ദൈവത്തിന്റെ പദ്ധതിയെ നിഷ്ഫലമാക്കിയത്. നേരേ മറിച്ച് നിങ്ങളുടെ അവിശ്വാസമാണ് അതിനു കാരണമെന്ന് അന്നു നിങ്ങൾ കണ്ടെത്തും.

ഒട്ടനേകം വർഷങ്ങൾ പാഴാക്കിക്കളഞ്ഞ മുടിയൻ പുത്രന്റെ കഥ, പരാജിതന്മാർക്കുപോലും ദൈവം തന്റെ പരമോന്നത നന്മ നൽകുന്നു എന്നതിന്റെ ദൃഷ്ടാന്തമാണ്. ആ പിതാവ് ഇപ്രകാരം പറഞ്ഞു; 'വേഗം മേൽത്തരമായ അങ്കി കൊണ്ടുവരിക.' തന്നെ ഇത്രമാത്രം അപമാനിച്ച ഒരുവനുവേണ്ടിയാണ് ഈ കൽപ്പന പുറപ്പെട്ടത്. സുവിശേഷത്തിന്റെ സന്ദേശം ഇതു തന്നെ: വീണ്ടെടുപ്പും പുതിയ ആരംഭവും; ഒരുവട്ടം മാത്രമല്ല, വീണ്ടും വീണ്ടും പല പ്രാവശ്യം. കാരണം, ദൈവം യാതൊരുത്തരെയും കൈവിടുന്നില്ല.

തന്റെ തോട്ടത്തിൽ വേലക്കാരെ കൂലിക്കു നിറുത്തിയ മനുഷ്യന്റെ ഉപമയും (മത്തായി 20:1-16) ഇതേ കാര്യം പഠിപ്പിച്ചുതരുന്നു. പതിനൊന്നാംമണി നേരത്തു വിളിച്ചു നിറുത്തിയവർക്കാണ് ആദ്യം കൂലികൊടുത്തത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ തങ്ങളുടെ ജീവിതത്തിന്റെ തൊണ്ണൂറുശതമാനവും (അഥവാ 11/12 ഭാഗം) ദുരുപയോഗപ്പെടുത്തി നിത്യമായ വിലയുള്ളതൊന്നും നേടാതിരുന്ന ആളുകൾക്കു തങ്ങളുടെ ജീവിതത്തിൽ ശേഷിച്ച 10% സമയംകൊണ്ട് ദൈവത്തിനുവേണ്ടി മഹത്വകരമായ കാര്യങ്ങൾ ചെയ്യുവാൻ കഴിഞ്ഞു. പരാജിതരായിത്തീർന്ന എല്ലാവർക്കും മഹത്തായ പ്രോത്സാഹനം നൽകുന്ന ഒരു കാര്യമാണിത്.

പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാ

> ഒട്ടനേകം വർഷങ്ങൾ പാഴാക്കിക്കളഞ്ഞ മുടിയൻ പുത്രന്റെ കഥ, പരാജിതന്മാർക്കുപോലും ദൈവം തന്റെ പരമോന്നത നന്മ നൽകുന്നു എന്നതിന്റെ ദൃഷ്ടാന്തമാണ്. ആ പിതാവ് ഇപ്രകാരം പറഞ്ഞു; 'വേഗം മേൽത്തരമായ അങ്കി കൊണ്ടുവരിക.' തന്നെ ഇത്രമാത്രം അപമാനിച്ച ഒരുവനുവേണ്ടിയാണ് ഈ കൽപ്പന പുറപ്പെട്ടത്. സുവിശേഷത്തിന്റെ സന്ദേശം ഇതു തന്നെ: വീണ്ടെടുപ്പും പുതിയ ആരംഭവും; ഒരുവട്ടം മാത്രമല്ല, വീണ്ടും വീണ്ടും പല പ്രാവശ്യം. കാരണം, ദൈവം യാതൊരുത്തരെയും കൈവിടുന്നില്ല.

നാണല്ലോ മനുഷ്യപുത്രൻ വന്നത് (1 യോഹ. 3:8).

യേശു വന്നത് നമ്മുടെ ജീവിതത്തിൽ സംഭവിച്ച എല്ലാ കെട്ടുകളും കുരുക്കളും അഴിച്ചുകളയുവാൻ വേണ്ടിയാണെന്നത്രേ ഇതിന്റെ അർത്ഥം. ഈ വസ്തുത നമുക്ക് ഇപ്രകാരം ചിത്രീകരിക്കാം: നാമെല്ലാവരും ശിശുക്കളായിരുന്നപ്പോൾ മനോഹരമായ ഒരു നൂലുണ്ട നമ്മെ ഏൽപ്പിച്ചിരുന്നു. എന്നാൽ ഇപ്പോൾ നമ്മുടെയെല്ലാം അതേ നൂലുണ്ട പതിനായിരം കെട്ടുകൾ കൊണ്ടു കുരുങ്ങിയതായിത്തീർന്നിരിക്കുന്നു. ഈ കെട്ടുകൾ എല്ലാം അഴിച്ചു ശരിയാക്കാമെന്നുള്ള ഒരു പ്രതീക്ഷയും നമ്മിൽ ശേഷിക്കുന്നില്ല. നമ്മുടെ ജീവിതങ്ങളെ നോക്കുമ്പോൾ നാം നിരുത്സാഹരും നിരാശാബാധിതരുമായിത്തീരുന്നു. ഈ കെട്ടുകൾ മുഴുവനും അഴിച്ചു ശരിയാക്കി പഴയ നില പുനഃസ്ഥാപിക്കുവാനാണ് യേശുക്രിസ്തു വന്നത്. ഇതാണ് സുവിശേഷത്തിലടങ്ങിയ നല്ല വാർത്ത.

> നിങ്ങളുടെ പരാജയങ്ങളോ ഭീമാബദ്ധങ്ങളോ എന്തൊക്കെ ആയിരുന്നാലും ദൈവത്തോടുകൂടെ നിങ്ങൾക്കു പുതിയൊരാരംഭം ഇടുവാൻ സാധിക്കും. കഴിഞ്ഞ കാലത്ത് നിങ്ങൾ ഒരായിരം പുതിയ ആരംഭങ്ങൾ ഇടുകയും അപ്പോഴെല്ലാം പരാജയപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽപ്പോലും നിങ്ങൾക്ക് ഇന്ന് ആയിരത്തിയൊന്നാമത്തെ പുതിയ ആരംഭം ഇടാം. ഇപ്പോഴും നിങ്ങളുടെ ജീവിതത്തിൽ നിന്ന് ദൈവത്തിന് അതിമഹത്തായ ഒരു കാര്യം നിറവേറ്റുവാൻ കഴിയും.മനുഷ്യൻ ജീവനോടിരിക്കുന്ന കാലത്തോളം പ്രത്യാശയ്ക്കു വകയുണ്ട്. അതിനാൽ ഒരിക്കലും ദൈവത്തെ വിശ്വസിക്കുന്നതിൽ നിന്നു പിന്തിരിയരുത്.

അത് അസാധ്യമാണ് എന്നു നിങ്ങൾ പറയുന്നുവോ? ശരി, എങ്കിൽ നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്കു ഭവിക്കും. നിങ്ങളുടെ കാര്യത്തിൽ അത് അസാധ്യമായിത്തീരും.

എന്നാൽ നിങ്ങളുടേതിനെക്കാൾ മോശമായ ജീവിതമുള്ള ഒരുവൻ- 'അതേ, ഈ കാര്യം ദൈവം എന്റെ ജീവിതത്തിൽ ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു' എന്ന പറയുന്നതായി ഞാൻ കേൾക്കുന്നു. അയാൾക്കും അയാളുടെ വിശ്വാസം പോലെ തന്നെ ഭവിക്കും. അയാളുടെ ജീവിതത്തിൽ ദൈവത്തിന്റെ സമ്പൂർണ്ണ പദ്ധതി നിറവേറും.

യിരെമ്യാവ് 18:1-6 വാക്യങ്ങളിൽ ദൈവം യിരെമ്യാവിനോട് ഒരു പ്രയോഗിക ദൃഷ്ടാന്തത്തിലൂടെ സംസാരിച്ചു. കുശവന്റെ വീട്ടിലേക്കു പോകുവാൻ ദൈവം യിരെമ്യാവിനോട് ആജ്ഞാപിച്ചു. അവിടെ കുശവൻ ഒരു പാത്രം നിർമ്മിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. എന്നാൽ ആ പാത്രം അവന്റെ കയ്യിൽ ചീത്തയായിപ്പോയി. അതിനാൽ കുശവൻ എന്തു ചെയ്തു? അയാൾ അതിനെ തനിക്ക് ഇഷ്ടം തോന്നിയതുപോലെ മറ്റൊരു പാത്രമാക്കിത്തീർത്തു.

ഇത്രയും പ്രസ്താവിച്ചശേഷം അതിന്റെ പ്രായോഗിക വശമെന്തെന്നു ദൈവം അരുളിച്ചെയ്തു. '............ ഈ കുശവൻ ചെയ്തതുപോലെ എനിക്കു നിങ്ങളോടു ചെയ്‌വാൻ കഴികയില്ലയോ?ഇതായിരുന്നു യഹോവയുടെ ചോദ്യം. (കുത്തിട്ടിരിക്കുന്ന ഭാഗത്തു നിങ്ങളുടെ പേരു ചേർക്കുക. അപ്പോൾ അതു നിങ്ങളോടുള്ള ദൈവത്തിന്റെ ചോദ്യമായിത്തീരും.)

നിങ്ങളുടെ എല്ലാ പരാജയങ്ങളെയും പറ്റി ദൈവഹിതപ്രകാരമുള്ള ഒരു ദുഃഖം നിങ്ങൾക്കുണ്ടാകമെങ്കിൽ, അപ്പോൾ നിങ്ങളുടെ പാപം രക്താംബരം പോലെ കടും ചുവപ്പായിരുന്നാലും പഴയനിയമത്തിൽ വാഗ്ദാനം ചെയ്തിട്ടുള്ളതുപോലെ ദൈവം അതിനെ ഹിമത്തെക്കാൾ വെൺമയുള്ളതാക്കും (യെശ. 1:18). പുതിയനിയമത്തിലാകട്ടെ, ദൈവം നിങ്ങൾക്കു നൽകുന്ന വാഗ്ദാനം ഇപ്രകാരമാണ്: 'നിങ്ങളുടെ പാപങ്ങൾ ദൈവം ഇനി ഓർക്കുകയേ ഇല്ല' (എബ്രാ. 8:12).

നിങ്ങളുടെ പരാജയങ്ങളോ ഭീമാബദ്ധങ്ങളോ എന്തൊക്കെ ആയിരുന്നാലും ദൈവത്തോടുകൂടെ നിങ്ങൾക്കു പുതിയൊരാരംഭം ഇടുവാൻ സാധിക്കും. കഴിഞ്ഞ കാലത്ത് നിങ്ങൾ ഒരായിരം പുതിയ ആരംഭങ്ങൾ ഇടുകയും അപ്പോഴെല്ലാം പരാജയപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽപ്പോലും നിങ്ങൾക്ക് ഇന്ന് ആയിരത്തിയൊന്നാമത്തെ പുതിയ ആരംഭം ഇടാം. ഇപ്പോഴും നിങ്ങളുടെ ജീവിതത്തിൽ നിന്ന് ദൈവത്തിന് അതിമഹത്തായ ഒരു കാര്യം നിറവേറ്റുവാൻ കഴിയും.





മനുഷ്യൻ ജീവനോടിരിക്കുന്ന കാലത്തോളം പ്രത്യാശയ്ക്കു വകയുണ്ട്. അതിനാൽ ഒരിക്കലും ദൈവത്തെ വിശ്വസിക്കുന്നതിൽ നിന്നു പിന്തിരിയരുത്. തന്റെ പല മക്കളുടെ കാര്യത്തിലും ദൈവത്തിന് മഹത്വകരമായ പല കാര്യങ്ങളും ചെയ്‌വാൻ സാധിക്കാതിരിക്കുന്നത് കഴിഞ്ഞ കാലത്ത് അവർ പരാജയപ്പെട്ടിട്ടുള്ളതുകൊണ്ടല്ല; പിന്നെയോ ഇപ്പോൾ അവർ അവിടുത്തെ വിശ്വസിക്കാത്തതുകൊണ്ടാണ്.

അതിനാൽ ഇന്നുവരെയും അസാധ്യമെന്നു നാം വിചാരിച്ചിരുന്ന കാര്യങ്ങൾക്കുവേണ്ടി ഭാവികാലത്ത് ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് വിശ്വാസത്തിൽ ധീരരായിരിക്കുന്നതിലൂടെ ഇപ്പോൾ നമുക്കു ദൈവത്തെ മഹത്വപ്പെടുത്താം (റോമർ 4:20).

എല്ലാ ആളുകൾക്കും, അവർ ചെറുപ്പക്കാരാകട്ടെ, വൃദ്ധജനങ്ങളാകട്ടെ, കഴിഞ്ഞ കാലത്ത് അവർ എത്രയധികം പരാജയപ്പെട്ടവരാണെങ്കിൽത്തന്നെയും- തങ്ങളുടെ പരാജയങ്ങൾ ഏറ്റുപറകയും താഴ്മയുള്ളവരായി ദൈവത്തിൽ ആശ്രയം വയ്ക്കുകയും ചെയ്യുന്നപക്ഷം, പ്രത്യാശയ്ക്കു വകയുണ്ട്.

ഇപ്രകാരം നമുക്കെല്ലാവർക്കും നമ്മുടെ പരാജയങ്ങളിൽ നിന്നു പാഠം പഠിക്കുകയും നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ പരിപൂർണ്ണ പദ്ധതി നിറവേറ്റുവാനായി മുന്നോട്ടു പോവുകയും ചെയ്യാം.

അങ്ങനെയെങ്കിൽ പരിപൂർണ്ണ പരാജയമായിരുന്നവരുടെ കാര്യത്തിൽ ദൈവത്തിന് എന്താണു ചെയ്‌വാൻ കഴിയുന്നതെന്നുള്ളതിനു ദൃഷ്ടാന്തമായി ഭാവികാലത്ത് നമ്മെ മറ്റുള്ളവർക്ക് ചൂണ്ടിക്കാണിക്കുവാൻ ദൈവത്തിനു കഴിയും.

'ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനം' (എഫെ. 2:6) മുഖാന്തരം അവിടുന്നു നമ്മിൽ എന്താണു ചെയ്തതെന്ന് ആ ദിവസത്തിൽ കർത്താവ് കാണിച്ചു കൊടുക്കും.

കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

❖

## നിന്നെ കാക്കുന്നവൻ........

രണ്ടാംലോകമഹായുദ്ധകാലം. ലണ്ടൻനഗരത്തിൽ ഇടയ്ക്കിടെ ബോംബർ വിമാനങ്ങളുടെ വരവറിയിച്ചുകൊണ്ട് അപകട സൈറൺ മുഴങ്ങും. അപ്പോൾ എല്ലാവരും ഷെൽട്ടറിൽക്കയറി ഒളിക്കും. എന്നാൽ ഷെൽട്ടറിൽ അഭയം തേടി വന്നവരിൽ ഒരു ക്രിസ്തീയ വൃദ്ധവനിതയെ മാത്രം കാണാനുണ്ടായിരുന്നില്ല. അവർ വീട്ടിലുണ്ടാവില്ല, അകലെയെങ്ങാനും ബന്ധുവീടുകളിൽ പോയതായിരിക്കും എന്ന് അയൽക്കാർ കരുതി.

യുദ്ധം തീർന്നപ്പോൾ അവരെ തെരുവിൽവച്ച് കണ്ട അയൽക്കാരിയുടെ ചോദ്യത്തിന് മറുപടിയായി വൃദ്ധ ഇങ്ങനെ പറഞ്ഞു "ഞാൻ എങ്ങും പോയില്ല. എന്റെ വീട്ടിൽക്കിടന്ന് ഉറങ്ങുകയായിരുന്നു."

"അയ്യോ നിങ്ങൾക്ക് പേടിയില്ലായിരുന്നോ?"

"എന്തിനു പേടിക്കണം ഞാൻ ബൈബിൾ വായിച്ചപ്പോൾ 'എന്റെ ദൈവം ഉറങ്ങുന്നില്ല, ഉറക്കം തൂങ്ങുന്നുമില്ല' എന്നു കണ്ടു. ഞങ്ങൾ രണ്ടുപേരും കൂടെ ഏതായാലും ഉറക്കിളച്ച് ഇരിക്കേണ്ട എന്നു ഞാൻ നിശ്ചയിച്ചു. അതുകൊണ്ട് ഞാൻ കിടന്നുറങ്ങി."

# എഡിറ്റോറിയൽ തുടർച്ച......

വാണ്.ഈ തിരിച്ചറിവുണ്ടായിരുന്നതുകൊണ്ട് യേശുവിനു തന്നെ ക്രൂശിച്ചവരോടു ക്ഷമിക്കുവാൻ ഒരു പ്രയാസവും ഉണ്ടായിരുന്നില്ല.

നമുക്കെതിരെ തിന്മ പ്രവർത്തിക്കുന്നവരെ അതിനനുവദിക്കുന്നതുസ്വർഗീയ പിതാവാണെന്ന തിരിച്ചറിവുണ്ടെങ്കിൽ അവരോടു ക്ഷമിക്കുവാൻ നമുക്കും എളുപ്പമായിരിക്കും.അങ്ങനെ ക്ഷമിക്കുമ്പോൾ നാം യേശുവിന്റെ സ്വഭാവത്തോട് അനുരൂപരാകുകയാണ്.നോക്കുക : അവർ കൊണ്ടുവന്ന തിന്മയെ ദൈവം നമ്മുടെ ആത്യന്തിക നന്മ (യേശുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെടൽ) ആക്കിത്തീർത്തു!സാത്താന്റെ തന്ത്രങ്ങളെയും പദ്ധതികളെയും ഉപയോഗപ്പെടുത്തി നമ്മെ ആത്യന്തിക നന്മയിലേക്കു നയിക്കുന്ന ദൈവം, സാത്താന്റെ മേശകളെ അവനെതിരെ തന്നെ മറിച്ചിടുന്നു!

'ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ,അവർ ദൈവത്തെ കാണും'(മത്തായി 5:8).അവർ തങ്ങളെ ഉപദ്രവിച്ച മനുഷ്യരെ കാണുകയില്ല.മറിച്ച് അവർ എവിടെയും ദൈവത്തെ മാത്രം കാണും.അതുകൊണ്ടു തന്നെ അവർക്ക് തങ്ങളെ ഉപദ്രവിച്ച മനുഷ്യരോടു ക്ഷമിക്കുവാൻ എളുപ്പമാണ്;യേശുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെടുവാനും.

ഉപദ്രവങ്ങളിലും കഷ്ടങ്ങളിലും സന്തോഷിക്കാൻ കഴിയുന്നതിന്റെ രഹസ്യവും ഇവിടെ നമുക്കു കണ്ടെത്താം.നമുക്കെതിരെ വരുന്ന തിന്മ പ്രവൃത്തികളെ നന്മയെന്നു മുദ്രകുത്തി സന്തോഷിക്കുന്നതാണോ അത്? അല്ല.തിന്മ എപ്പോഴും തിന്മ തന്നെയാണ്.അതിനെ നന്മയെന്നു വിളിക്കുന്നതു സത്യസന്ധതയില്ലാത്ത നിലപാടാണ്.നാമൊരിക്കലും സത്യസന്ധമല്ലാത്ത ഒരു നിലപാടു സ്വീകരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നില്ല.

അങ്ങനെയെങ്കിൽ പരിശോധനകളിൽ സന്തോഷിക്കാൻ കഴിയുന്നതെങ്ങനെയാണ്?യാക്കോബ് അതിനു നൽകുന്നമറുപടി ഇങ്ങനെ:'വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നറിഞ്ഞ് അത് അശേഷം സന്തോഷം എന്ന് എണ്ണുവിൻ'(1:3).

പൗലൊസ് ഇങ്ങനെ പറയുന്നു:'കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞു നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു.'(റോമർ 5:3,4)

പത്രോസിന്റെ വാക്കുകൾ ഇങ്ങനെ:'അഴിഞ്ഞുപോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനെക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയത് എന്ന് യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചയ്ക്കും തേജസ്സിനും മാനത്തിനുമായി കാണ്മാൻ അങ്ങനെ ഇടവരും.'(1പത്രൊ.1:7)

പർവത പ്രസംഗത്തിൽ യേശു പറഞ്ഞതും മറ്റൊന്നല്ല:'മനുഷ്യർ നിങ്ങളെ ദ്വേഷിച്ചു ഭ്രഷ്ടരാക്കി നിന്ദിച്ചു നിങ്ങളുടെ പേർ വിടക്ക് എന്നു തള്ളുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ.ആ നാളിൽ സന്തോഷിച്ചു തുള്ളുവിൻ' (ലൂക്കോ.6:22).

ഈ വചനങ്ങളെല്ലാം വിരൽ ചൂണ്ടുന്നത് ഒരു സത്യത്തിലേക്കാണ്:കേവലം തിന്മകളെ നന്മയെന്നു മുദ്രകുത്തി ഒരു അയഥാർഥ സന്തോഷത്തിൽ മുഴുകാനല്ല നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നത്.മറിച്ച് നമുക്കുനേരെ വരുന്ന തിന്മ പ്രവൃത്തികൾ, നാം ആ പരിശോധനകളെ പാഴാക്കാതിരുന്നാൽ, നമ്മെ ദിവ്യസ്വഭാവത്തിന്റെ പങ്കാളിത്തം (2പത്രൊ.1:4) എന്ന ആത്യന്തിക നന്മയിലേക്ക് നയിക്കും. യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അതു പുകഴ്ചയ്ക്കും തേജസ്സിനും മാനത്തിനുമായി കാണ്മാൻ ഇടവരും-തിരിച്ചടികളുടെ മുൻപിൽ ഈ ബോധ്യമാണ് നമ്മുടെ സന്തോഷത്തിന്റെ അടിസ്ഥാനം.





**ദൈവം യോജിപ്പിച്ചത്**

### ആനും അഡൊണൈറാം ജഡ്സനും-1

# അമേരിക്കയിൽ നിന്ന് ബർമ്മയിലേക്ക്

അമേരിക്കയിൽ നിന്ന്ഒരു വിദേശ സുവിശേഷ പ്രവർത്തനസംരംഭം ആരംഭിക്കുന്നത് അഡൊണൈറാംജഡ്സനും ആൻ ഹാസൽറ്റൈൻ ജഡ്സനും ബർമ്മയിലേക്ക് പോകാനായി കപ്പൽകയറിയ ആ ദിവസം ആയിരുന്നു-കൃത്യമായി പറഞ്ഞാൽ 1812 ഫെബ്രുവരി 18-ാം തീയതി.

ഒരാഴ്ചയേയായിരുന്നുള്ളൂ അവരുടെ വിവാഹം കഴിഞ്ഞിട്ട്. കപ്പലിലാണെങ്കിൽ നിറയെ കോഴിയും താറാവും പന്നിയും. അതിന്റെ വൃത്തികേടുകളും ദുർഗന്ധവും.ചെറിയകാര്യങ്ങൾക്കു പോലും കുറ്റം കണ്ടുപിടിക്കുകയും അസ്വസ്ഥനാകുകയും ചെയ്യുമായിരുന്ന അഡൊണൈറാം എങ്ങനെ ആ കപ്പലിൽ 'ഹണിമൂൺ' കഴിച്ചു എന്നത് അത്ഭുതമായിരിക്കുന്നു.തൊട്ടാവാടികളൊന്നുമായിരുന്നില്ല അവർ.വളരെ ഉറച്ച സ്വഭാവം.അഭിപ്രായം കടുകട്ടി. ഒരു വിട്ടുവീഴ്ചയുമില്ല.രണ്ടുപേർക്കും സ്വതന്ത്രചിന്ത. ഒരാളും മറ്റെയാൾക്ക് കീഴ്പ്പെടുകയില്ല. ഇങ്ങനെയുള്ളവരുടെ വിവാഹജീവിതം എങ്ങനെയായിരിക്കുമെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ.എന്നാൽ ദൈവം യോജിപ്പിച്ച ആ ദമ്പതികളുടെ ജീവിതം എല്ലക്കാലത്തേയും 'ഹിറ്റാ'യിമാറി!

ഡൊറോത്തിയും വില്യംകേരിയും പരാജയപ്പെട്ട സ്ഥാനത്ത് ഇവരുടെ വിവാഹം വിജയിച്ചതെങ്ങനെ? അഡൊണൈറാം ഒരിക്കലും ഒരു ത്തമ ഭർത്താവായിരുന്നില്ല. ആനിയെ പ്പറ്റിപ്പറയുകയാണെങ്കിൽ വേറെയൊരെങ്കിലുമായിരുന്നു ആനിന്റെ ഭർത്താവായതെങ്കിൽ ഒന്നുകിൽ അയാൾക്ക് ഭ്രാന്ത് പിടിക്കും. അല്ലെങ്കിൽ ബന്ധം ഉപേക്ഷിച്ച് പാട്ടിനു പോകും തീർച്ച. ഇങ്ങനെയുള്ള രണ്ടു പേരെ കൂട്ടിച്ചേർത്ത് ഉത്തമകുടുംബ ജീവിതത്തിന്റെ സൗരഭ്യവാസന പുറപ്പെടുവിച്ച ഘടകമെന്തായിരിക്കാം? സകലവും സാദ്ധ്യമാക്കുന്ന ദൈവശക്തിയെന്നേ പറയേണ്ടു.

ചെറുപ്പകാലം തുടങ്ങി കുഴപ്പത്തിൽച്ചെന്നു ചാടാനും അതിൽ നിന്നും രക്ഷപ്പെടാനും ഒരു പ്രത്യേക വാസനയും സാമർത്ഥ്യവും ആനിനു (വീട്ടിൽ 'നാൻസി' എന്നു വിളിക്കും) ണ്ടായിരുന്നു.അപ്പന്റെ അമിത വാത്സല്യം മകളെ വഷളാക്കുന്നു എന്നേ നാട്ടുകാർ അതിനെപ്പറ്റി പറഞ്ഞുള്ളൂ.തന്റെ നാലു പെൺമക്കളിൽ ഏറ്റവും ഇളയവളായിരുന്നു നാൻസി എന്നതുകൊണ്ട് അയാൾ മകളെ

ഡൊറോത്തിയും വില്യംകേരിയും പരാജയപ്പെട്ട സ്ഥാനത്ത് ഇവരുടെ വിവാഹം വിജയിച്ചതെങ്ങനെ? അഡൊണൈറാം ഒരിക്കലും ഒരുത്തമ ഭർത്താവായിരുന്നില്ല. ആനിയെപ്പറ്റിപ്പറയുകയാണെങ്കിൽ വേറെയാരെങ്കിലുമായിരുന്നു ആനിന്റെ ഭർത്താവായതെങ്കിൽ ഒന്നുകിൽ അയാൾക്ക് ഭ്രാന്ത് പിടിക്കും. അല്ലെങ്കിൽ ബന്ധം ഉപേക്ഷിച്ച് പാട്ടിനു പോകും തീർച്ച. ഇങ്ങനെയുള്ള രണ്ടുപേരെ കൂട്ടിച്ചേർത്ത് ഉത്തമകുടുംബ ജീവിതത്തിന്റെ സൗരഭ്യവാസന പുറപ്പെടുവിച്ച ഘടകമെന്തായിരിക്കാം? സകലവും സാദ്ധ്യമാക്കുന്ന ദൈവശക്തിയെന്നേ പറയേണ്ടൂ.

ആവശ്യത്തിലേറെ ലാളിച്ചു എന്നത് സത്യമാണ്. പുരോഗമനാശയക്കാരനായ അയാൾ നാട്ടിൽ നടപ്പില്ലാത്ത വേറൊരു കാര്യം കൂടി ചെയ്തു.സ്വന്തം വീടിന്റെ വിശാലമായ രണ്ടാംനില ഒരു നൃത്തശാലയാക്കി മാറ്റി. അധികം കഴിഞ്ഞില്ല,പട്ടണത്തിലെ ചെറുപ്പക്കാരെല്ലാം അവിടെ ഒത്തുകൂടാൻ തുടങ്ങി. ആട്ടവും പാട്ടും നടക്കുമ്പോൾ അതിനു നടുവിൽ നാൻസിയും കാണുമെന്ന് തീർച്ച. 'നാൻസിയുള്ളയിടത്ത് ഒരാൾക്ക് വിഷമിച്ചോ ദുഃഖിച്ചോ ഇരിക്കാനാവില്ല' എന്ന് കൂട്ടുകാർ പറയുമായിരുന്നു. അതായിരുന്നു പ്രകൃതം.

അക്കാലത്ത് അമേരിക്കയിൽ പോലും പെൺകുട്ടികളെ അധികം പഠിപ്പിക്കാറുണ്ടായിരുന്നില്ല.നാൻസിയെ പക്ഷേ പഠിപ്പിക്കണമെന്ന് മാതാപിതാക്കൾ ആഗ്രഹിച്ചു.ബുദ്ധിമതിയായിരുന്നെങ്കിലും പഠിക്കുക എന്നത് നാൻസിക്ക് എളുപ്പമായിരുന്നില്ല. കളിയും ചിരിയുമായി കറങ്ങിനടക്കാനാണിഷ്ടം. എത്ര വഴക്കു പറഞ്ഞാലും ശിക്ഷിച്ചാലും യാതൊരു പ്രയോജനവുമില്ല. ചിലപ്പോൾ വീട്ടിൽ നിന്ന് ഇറങ്ങിപ്പോകും.മണിക്കൂറുകൾ കഴിയും മടങ്ങിവരാൻ. ഒരു ദിവസം അമ്മ ഇത്രമാത്രം പറഞ്ഞു:'ഈ കറങ്ങി നടപ്പ് നിനക്കെന്ന് മടുക്കുമെന്ന് കാണാനിരിക്കുകയാണ് ഞാൻ'.ഒന്നുകൊണ്ടും രക്ഷയില്ല,സ്വയം മടുത്തെങ്കിലേ അതിൽ നിന്നും മാറുകയുള്ളൂ എന്നവർക്കറിയാമായിരുന്നു.ഇതായിരുന്നു നമ്മുടെ നാൻസി.കൊഞ്ചിച്ച് വഷളാക്കിയ സുന്ദരി.

പിന്നെ ഡോൺ (അഡൊണൈറാമിനെ പലരും അങ്ങനെയാണ് വിളിച്ചിരുന്നത്).മിടുക്കൻ, ബുദ്ധിശാലി.പക്ഷേ കടുംപിടിത്തക്കാരൻ.താൻ പിടിച്ച മുയലിന് മൂന്നു കൊമ്പ്. അതാണ് രീതി.മിക്കവാറും പ്രസന്നനായിരിക്കും.ചിലപ്പോൾ വളരെനേരം മൗനിയായിട്ടും ഇരിക്കും. അരപ്പിരിയുണ്ടോ എന്ന് സംശയിച്ച് പോകാം.വേഷവിധാനം ഏറ്റവും വൃത്തിയുള്ളതായിരിക്കും.അഴുക്കിനോട് എന്തോ ഒരലർജിയുണ്ടായിരുന്നു അദ്ദേഹത്തിന്.അതുപോലെ ആരോടെങ്കിലും യാത്ര പറഞ്ഞ് പിരിയാനും ഡോണിനാവില്ലായിരുന്നു. 'ഗുഡ് ബൈ' പറയേണ്ടി വരുന്ന അവസരം എങ്ങനെയും ഒഴിവാക്കും. അപ്പൻ സ്ഥലത്തെ പള്ളി വികാരി. മൂന്നു വയസ്സായപ്പോഴേ ഡോൺ വായിക്കാൻ പഠിച്ചിരുന്നു. അമ്മയാണ് പഠിപ്പിക്കുക.

കുറച്ചു നാളത്തെ യാത്രകഴിഞ്ഞ് ഒരു ദിവസം വീട്ടിൽ വന്ന അപ്പൻ കാണുന്നത് അതുവരെ വായിക്കാനറിയാഞ്ഞ മകൻ ബൈബിളിലെ ഒരദ്ധ്യായം മുഴുവൻ തെറ്റുകൂടാതെ വായിക്കുന്നതാണ്!അന്നത്തെ അദ്ദേഹത്തിന്റെ സന്തോഷം എന്തായിരുന്നിരിക്കും!





അപ്പനോട് നല്ല മതിപ്പായിരുന്നു ഡോണിന്.എന്നാൽ ചിലപ്പോൾ എതിർക്കുകയും ചെയ്യും.താൻ പോരിമയും പിടിവാശിയും മകനുമാത്രമല്ല അപ്പനുമുണ്ടായിരുന്നു.വളരെ ഭക്തിയുള്ള ഒരു കുടുംബമായിരുന്നു അവരുടേത്.തന്റെ മകനും തന്നെപ്പോലെ ഒരു സഭാ ശുശ്രൂഷകനാകണമെന്നായിരുന്നു അപ്പന്റെ ആഗ്രഹം.എന്നാൽ തന്റെ ബുദ്ധിശക്തിയും കഴിവുകളും പള്ളി വികാരിയെന്ന തരം താണ പണിക്ക് വിട്ടുകൊടുക്കുന്നതിനേക്കാൾ വലിയ വിഡ്ഢിത്തമുണ്ടോ എന്നായിരുന്നു ഡോണിന് തോന്നിയത്.

അപ്പനോട് നല്ല മതിപ്പായിരുന്നു ഡോണിന്.എന്നാൽ ചിലപ്പോൾ എതിർക്കുകയും ചെയ്യും.താൻ പോരിമയും പിടിവാശിയും മകനുമാത്രമല്ല അപ്പനുമുണ്ടായിരുന്നു.വളരെ ഭക്തിയുള്ള ഒരു കുടുംബമായിരുന്നു അവരുടേത്.തന്റെ മകനും തന്നെപ്പോലെ ഒരു സഭാ ശുശ്രൂഷകനാകണമെന്നായിരുന്നു അപ്പന്റെ ആഗ്രഹം.എന്നാൽ തന്റെ ബുദ്ധിശക്തിയും കഴിവുകളും പള്ളി വികാരിയെന്ന തരം താണ പണിക്ക് വിട്ടുകൊടുക്കുന്നതിനേക്കാൾ വലിയ വിഡ്ഢിത്തമുണ്ടോ എന്നായിരുന്നു ഡോണിന് തോന്നിയത്.

ഒരു വ്യക്തിഗത ദൈവത്തിലോ പ്രാർത്ഥനയിലോ ആശ്രയം വയ്ക്കാൻ മാത്രം മണ്ടനല്ല താനെന്ന് ഡോൺ തന്നെപ്പറ്റി കണക്കുകൂട്ടിയ ഏതാണ്ടതേ സമയത്താണ് 'നൃത്തശാലയിലും നിശാക്ളബ്ബുകളിലും പോകാൻ തനിക്ക് പ്രായമായെങ്കിൽ പ്രാർത്ഥിക്കാതിരിക്കാനും പ്രായമായെന്ന് നാൻസി സ്വയം വിശ്വസിച്ചു തുടങ്ങിയത്.

ഇങ്ങനെയുള്ള രണ്ടുപേരെക്കൊണ്ട് ദൈവത്തിന് എന്തെങ്കിലും സാധിക്കുമെന്ന് നിങ്ങൾക്കു തോന്നുന്നുണ്ടോ? ഇവർ വിവാഹിതരാകുമെന്നോ,അതിനുശേഷം ഉത്തമ ദമ്പതികളായി ഒരു മനസ്സോടെ പ്രവർത്തിക്കുകയും മനോഹരമായൊരു കുടുംബജീവിതം നയിക്കുകയും അതിന്റെ ഫലമായി ഈ വിശാല ലോകത്തിന്റെ ചെറുതല്ലാത്തൊരു കോണിൽ സാത്താന്റെ കോട്ട ഇടിച്ചു നിരത്തുകയും ചെയ്യുമെന്ന് നിങ്ങൾക്കു ഭാവനയിലെങ്കിലും സങ്കല്പിക്കാമോ?'അവൻ എന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നൊരു പാത്രമാകുന്നു' എന്നു ശ്രേഷ്ഠ അപ്പോസ്തലന്റെ മാനസാന്തരത്തിന് എത്രയോ മുമ്പേ അറിഞ്ഞിരുന്ന ദൈവം ഇവരേയും അതുപോലെ വേർതിരിച്ചു വിളിച്ചു തന്റെ ജോലിക്കായി അയച്ചു എന്നു മാത്രമേ നമുക്കു പറയാൻ സാധിക്കൂ.

ജീവിതം എങ്ങനേയും ആസ്വദിക്കണമെന്ന് വ്യാമോഹിച്ച തലതെറിച്ച ആനും,ബുദ്ധിശാലിയും പുസ്തകപ്പുഴുവും കർക്കശക്കാരനുമായ അഡൊണൈറാമും തമ്മിലുള്ള ബന്ധം നിലയ്ക്കാത്ത സന്തോഷമായിരുന്നില്ലെങ്കിലും എന്തുകൊണ്ടോ നല്ല ചേർച്ചയുള്ള

*(ശേഷം പേജ് 29 ൽ)*

**തിരുവെഴുത്തുകളെ പരിശോധിക്കുക**



# ബൈബിളിലൂടെ...

# റോമർ

സാക് പുന്നൻ

**അദ്ധ്യായം 12**

ഇത്ര സവിശേഷമായ ഈ സുവിശേഷത്തിനും ദൈവത്തിന്റെ അഗാധമായ മനസ്സലിവിനും മുൻപിൽ നാം എങ്ങനെ പ്രതികരിക്കുന്നു? ഒന്നാമതായി നാം നമ്മുടെ ശരീരങ്ങളെ ജീവനുള്ള യാഗമായി ദൈവത്തിൽ സമർപ്പിക്കണം (വാ. 1).ദൈവത്തിനു നമ്മുടെ പണമല്ല ആവശ്യം, നമ്മുടെ ശരീരമാണ്. പഴയ നിയമത്തിലെ ഹോമയാഗം പോലെ അംഗപ്രത്യംഗമായി "ദൈവമേ, ഇതാ എന്റെ കണ്ണുകൾ, ഇതാ എന്റെ നാവ്, എന്റെ കൈകൾ, എന്റെ കാലുകൾ, എന്റെ കാതുകൾ, എന്റെ വികാരങ്ങൾ - ഞാൻ എല്ലാം ഇതാ യാഗപീഠത്തിൽ വയ്ക്കുന്നു." രണ്ടാമതായി നാം നമ്മുടെ മനസ്സുകളെ പുതുക്കുവാനായി ഏല്പിച്ചു കൊടുക്കണം (വാ. 12). ഇതു സാദ്ധ്യമാകുന്നതു നമ്മുടെ മനസ്സ് ദൈവവചനം കൊണ്ടു നിറയുവാൻ നാം അനുവദിക്കുന്നതിലൂടെയാണ്. അശുദ്ധചിന്തകളാണ് അധികം പേരുടെയും പ്രശ്നം. എന്തുകൊണ്ട്? കഴിഞ്ഞകാലത്തിൽ ലോകപരമായ ചിന്തകൾക്ക് നാം നമ്മുടെ മനസ്സുകളെ വിട്ടുകൊടുത്തിരുന്നതുകൊണ്ട്. ഇന്നു ദൈവം നമ്മുടെ ചിന്തകളെ മാറ്റുവാനായി ആഗ്രഹിക്കുന്നു. ദൈവം ചിന്തിക്കുന്ന വഴിയിലൂടെ നാമും ചിന്തിക്കണമെന്നു ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്നു. അങ്ങനെ നമ്മുടെ മനസ്സിനു ക്രമേണ പുതുക്കം പ്രാപിക്കുന്നു.



ലോകമയത്വം നമ്മുടെ മനസ്സിലാണ് ഇരിക്കുന്നത്. നമുക്ക് ലളിതമായി വസ്ത്രം ധരിക്കുകയും പണത്തെ സ്നേഹിക്കയും ചെയ്യുവാൻ കഴിയും.





നാം വീണ്ടും ജനനം പ്രാപിക്കുന്നതു മുതൽ ദൈവം ചിന്തിക്കുന്നതുപോലെ നാം ചിന്തിച്ചു തുടങ്ങുന്നില്ല. എന്നാൽ ദൈവം നമ്മുടെ ചിന്തകളെ വ്യത്യാസപ്പെടുത്താൻ തുടങ്ങുന്നതു മുതൽ ദൈവം കാര്യങ്ങളെ കാണുന്നതരത്തിൽ നാം കാണുവാൻ തുടങ്ങുന്നു. ദൈവം കാണുന്ന തരത്തിലാണോ നാം പണത്തെ കാണുന്നത്? ദൈവം കാണുന്ന തരത്തിലാണോ നാം സ്ത്രീകളെ കാണുന്നത്? അതോ ലോകമനുഷ്യൻ കാണുന്ന തരത്തിലാണോ? ലോകത്തിനു രണ്ടു കാഴ്ചപ്പാടുകളെ സ്ത്രീകളെക്കുറിച്ചുള്ളൂ. വില കുറഞ്ഞ നിസ്സാരമായ ഒരു വസ്തു, അല്ലെങ്കിൽ ലൈംഗിക ദുർമ്മോഹത്തിനുള്ള ഉപകരണം. ദൈവം ഈ രണ്ടു തരത്തിലുമല്ല സ്ത്രീകളെകാണുന്നത്. നമ്മുടെ ശത്രുക്കളെ യേശു കണ്ടതുപോലെയാണോ നാം കാണുന്നത്? ലോക മനുഷ്യൻ തങ്ങളുടെ ശത്രുക്കളെ വെറുക്കുന്നു.യേശു അവരെ സ്നേഹിക്കുന്നു. ഇങ്ങനെ ഓരോന്നിലും നമ്മുടെ മനസ്സ് പുതുക്കപ്പെടേണ്ടതുണ്ട്. നാം ദൈവവചനം വായിക്കയും അനുസരിക്കയും ചെയ്യുവാൻ തുടങ്ങുന്നതോടെ പരിശുദ്ധാത്മാവു നമ്മുടെ മനസ്സിനെയും ചിന്തകളെയും പുതുക്കിക്കൊണ്ട് യേശുവിന്റെ സ്വരൂപത്തിലേക്കു നമ്മെ രൂപാന്തരപ്പെടുത്തുന്നു.

അശുദ്ധചിന്തകളാണ് അധികം പേരുടെയും പ്രശ്നം. എന്തുകൊണ്ട്? കഴിഞ്ഞകാലത്തിൽ ലോകപരമായ ചിന്തകൾക്ക് നാം നമ്മുടെ മനസ്സുകളെ വിട്ടുകൊടുത്തിരുന്നതുകൊണ്ട്. ഇന്നു ദൈവം നമ്മുടെ ചിന്തകളെ മാറ്റുവാനായി ആഗ്രഹിക്കുന്നു. ദൈവം ചിന്തിക്കുന്ന വഴിയിലൂടെ നാമും ചിന്തിക്കണമെന്നു ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്നു. അങ്ങനെ നമ്മുടെ മനസ്സിനു ക്രമേണ പുതുക്കം പ്രാപിക്കുന്നു. ദൈവം നമ്മുടെ ചിന്തകളെ വ്യത്യാസപ്പെടുത്താൻ തുടങ്ങുന്നതു മുതൽ ദൈവം കാര്യങ്ങളെ കാണുന്നതരത്തിൽ നാം കാണുവാൻ തുടങ്ങുന്നു.

രൂപാന്തരം നടക്കുന്നത് ആദ്യം അകമെയാണ്. "ഈ ലോകത്തോടനുരൂപമാകാതെ" (വാ.2) എന്ന പ്രയോഗം നമ്മെ പഠിപ്പിക്കുന്നത് ലോകമയത്വം നമ്മുടെ മനസ്സിലാണ് ബീജാവാപം ചെയ്യുന്നത് എന്നാണ്. അധികം പേരും ധരിച്ചിരിക്കുന്നത് ലോകമയത്വം നമ്മുടെ വേഷധാരണത്തിലും ഒക്കെയാണെന്നാണ്. അത് അങ്ങനെയല്ല. അതു നമ്മുടെ മനസ്സിലാണ് ഇരിക്കുന്നത്. നമുക്ക് ലളിതമായി വസ്ത്രം ധരിക്കുകയും പണത്തെ സ്നേഹിക്കയും ചെയ്യുവാൻ കഴിയും. മനുഷ്യൻ പുറമെയുള്ളതു കാണുന്നു. ദൈവമോ അകമെ നോക്കുന്നു. യേശുവിന്റെ ഒരു യഥാർത്ഥ ശിഷ്യൻ ദൈവത്തിന്റെ അംഗീകാരത്തിനാണു ശ്രമിക്കുക. നാം നമ്മുടെ ശരീരത്തെയും മനസ്സിനെയും ഇപ്രകാരം ദൈവത്തിനു സമർപ്പിക്കുന്നതിലൂടെ മാത്രമെ നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പൂർണ്ണതയുള്ള ഹിതം എന്തെന്നറിയാൻ നമുക്കു കഴിയൂ. (വാ. 2).

നമ്മുടെ ശത്രുക്കളെ യേശു കണ്ടതുപോലെയാണോ നാം കാണുന്നത്? ലോക മനുഷ്യൻ തങ്ങളുടെ ശത്രുക്കളെ വെറുക്കുന്നു.യേശു അവരെ സ്നേഹിക്കുന്നു. ഇങ്ങനെ ഓരോന്നിലും നമ്മുടെ മനസ്സ് പുതുക്കപ്പെടേണ്ടതുണ്ട്. നാം ദൈവവചനം വായിക്കയും അനുസരിക്കയും ചെയ്യുവാൻ തുടങ്ങുന്നതോടെ പരിശുദ്ധാത്മാവു നമ്മുടെ മനസ്സിനെയും ചിന്തകളെയും പുതുക്കിക്കൊണ്ട് യേശുവിന്റെ സ്വരൂപത്തിലേക്കു നമ്മെ രൂപാന്തരപ്പെടുത്തുന്നു. രൂപാന്തരം നടക്കുന്നത് ആദ്യം അകമെയാണ്.

തുടർന്നു പന്ത്രണ്ടാമദ്ധ്യായത്തിൽ പൗലോസ് ക്രിസ്തുവിന്റെ ശരീരം പണിയുന്നതിനെ സംബന്ധിച്ചാണ് തന്റെ പ്രബോധനം തുടരുന്നത്.സുവിശേഷത്തിന്റെ ലക്ഷ്യം വൈയക്തിക രക്ഷ മാത്രമല്ല ഓരോ വ്യക്തിയും ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗമായിത്തീരണം - അവിടെയാണ് നമുക്ക് ലഭിച്ചിട്ടുള്ള ആത്മവരങ്ങളായ പ്രവചനം, ശുശ്രൂഷ മുതലായവ പ്രകാശിപ്പിക്കുവാനുള്ള ഇടം. 1 കൊരിന്ത്യർ 12-ാം അദ്ധ്യായത്തിൽ മാത്രമല്ല ഇവിടെയും പരിശുദ്ധാത്മ വരങ്ങളുടെ ഒരു നിര നാം കണ്ടെത്തുന്നു. (വാ. 6-8).സാധാരണയായി ക്രിസ്ത്യാനികൾ ആഗ്രഹിക്കാത്ത, അന്വേഷിക്കാത്ത ഒരു വരം നാം ഇവിടെ കണ്ടെത്തുന്നു - ഔദാര്യതയുടെ വരം - ദൈവവേലയ്ക്കും സഭയിലെ സാധുക്കൾക്കും സഹായം ചെയ്വാനുള്ള വരം (വാ. 8).

12-ാം അദ്ധ്യായത്തിന്റെ തുടർന്നുള്ള ഭാഗങ്ങൾ ക്രിസ്തുവിൽ ശരീരത്തിലുള്ള ഇതര അവയവങ്ങളോട നമ്മുടെ മനോഭാവവും പെരുമാറ്റവും എങ്ങനെ ആയിരിക്കണമെന്നു പറയുന്നു:''തമ്മിൽ വലിപ്പം ഭാവിക്കാതെ എളിയവരോടു ചേർന്നു കൊൾവീൻ" (വാ.16). ക്രിസ്തുശരീരത്തിൽ എല്ലാവരുമായി നാം ചേർന്നു നടക്കണം, പ്രത്യേകിച്ചും ദരിദ്രരോട്. കാരണം ദൈവം ഈ ലോകത്തിൽ ദരിദ്രരായവരെ വിശ്വാസത്തിൽ സമ്പന്നരായി തെരഞ്ഞെടുത്തിരിക്കുന്നു. (യാക്കോ. 2:5). ആരോടും പ്രതികാരം ചെയ്യാതെ പ്രതികാരം ദൈവത്തിനു കൊടുക്കുവീൻ (വാ. 18). ആരാധനയും മഹത്വവും ദൈവത്തിനു മാത്രമുള്ളതായിരിക്കുന്നതുപോലെ പ്രതികാരവും ദൈവത്തിനുമാത്രമുളളതാണ്. ആരാധനയും മഹത്വവും അന്യരിൽ നിന്നും നാം സ്വീരിച്ചുകൂടാത്തതുപോലെ പ്രതികാരവും നാം സ്വയം എടുക്കാൻ പാടില്ല.

**പതിമൂന്നാം അദ്ധ്യായം**

പതിമൂന്നാം അദ്ധ്യായം നാം അധികാരങ്ങൾക്കു കീഴ്പ്പെടേണ്ടതിനെക്കുറിച്ചു പഠിപ്പിക്കുന്നു. സുവിശേഷം നമ്മെ പഠിപ്പിക്കുന്നതു നാം ദൈവത്തിനു പ്രാഥമികമായി കീഴടങ്ങണം (12:1,2) തുടർന്നു ക്രിസ്തുവിൽ ശരീരത്തിൽ എല്ലാവർക്കും പരസ്പരം കീഴടങ്ങണം (12:3 - 21). തുടർന്ന് രാജ്യത്തിന്റെ അധികാരങ്ങൾ ദൈവത്താൽ നിയോഗിക്കപ്പെട്ടിരിക്കുന്നു. അവർ ദൈവശുശ്രൂഷകന്മാരാണ്. (13:4,6). അതുകൊണ്ടു നാം നികുതി കൊടുക്കുകയും നിയമങ്ങൾ അനുസരിക്കയും ചെയ്യുന്നു.

**അദ്ധ്യായം 14, 15**

14ഉം 15ഉം അദ്ധ്യായങ്ങളിൽ ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങൾ എന്ന നിലയിൽ നാം അന്യോന്യം കൈക്കൊള്ളേണ്ടതിനെക്കുറിച്ചു പറയുന്നു.വിശ്വാസികൾ എന്ന നിലയിൽ നാമെല്ലാവരും എല്ലാകാര്യങ്ങളെയും ഒരു പോലെയല്ല കാണുന്നത്.ഒരു ദിവസം കർത്താവു മടങ്ങിവരും. അന്നു നമ്മുടെ മനസ്സുകൾ പൂർണ്ണത പ്രാപിക്കും.എല്ലാ ഉപദേശങ്ങളിലും നമുക്കു പരസ്പരം 100% യോജിക്കാൻ കഴിയും. യഥാർത്ഥ ആത്മീയതയെയും ദേഹിയുടെ ശക്തിയെയും ലോകത്തെയും ഒക്കെ വ്യക്തമായി തിരിച്ചറിയാനുള്ള കഴിവ് അന്നു നമുക്കുണ്ടാകും. ഇന്ന് ഇത്തരം കാര്യങ്ങളിൽ നമുക്കു ഭിന്നാഭിപ്രായങ്ങളുണ്ട്. നാം സത്യസന്ധരും പൂർണ്ണഹൃദയമുള്ളവരുമെങ്കിലും പാപത്തിന്റെ സ്വാധീനം നമ്മുടെ ഹൃദയങ്ങളിൽ ഉള്ളതുകൊണ്ടാണത്. ആർക്കും ഒന്നിനെക്കുറിച്ചും വ്യക്തമായ അറിവുകളില്ല. നാം ശരി, അവർ തെറ്റ് എന്ന മട്ടിലുള്ള വിലയിരുത്തൽ ശരിയാവില്ല. അങ്ങനെയാണ് ക്രിസ്തുവിൻശരീരത്തിൽ ഭിന്നതകൾ ഉടലെടുക്കന്നത്. വളരെ പ്രധാനപ്പെട്ടതും വ്യക്തവുമായ ചില സത്യങ്ങൾ തിരുവചനത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി യേശുക്രിസ്തുവിന്റെ ആളത്വത്തെയും പ്രവൃത്തിയെയും കുറിച്ചുള്ള സത്യങ്ങൾ. യേശുക്രിസ്തു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണ്. അവിടുന്നു ലോകത്തിന്റെ പാപങ്ങൾക്കുവേണ്ടി മരിച്ച് ഉയർത്തെഴുന്നേറ്റു. പിതാവായ ദൈത്തിലേക്കുള്ള ഏക വഴിയും അവിടുന്നു മാത്രമാണ്. ഈ ഉപദേശങ്ങളിൽ നിന്നും നാം അല്പം പോലും വ്യതിചലിക്കില്ല.എന്നാൽ അത്രത്തോളം മൗലികമല്ലാത്ത ചില ഉപദേശങ്ങൾ ഉണ്ട്.

മുഴുകൽ സ്നാനം രക്ഷയ്ക്ക് നിർബന്ധമല്ലെങ്കിലും പ്രാദേശിക സഭകൾക്ക് വളരെ പ്രാധാന്യമുള്ള ഒരു ഉപദേശമാണ്.ശിശുസ്നാനം വിശ്വസിക്കുന്നവർക്കും മുതിർന്നസ്നാനം വിശ്വസിക്കുന്നവർക്കും ഒരുമിച്ച് ഒരു സഭയിൽ കൂട്ടായ്മയിൽ മുമ്പോട്ടു പോകാൻ കഴിയില്ല. അവർ തമ്മിൽ നിരന്തരം സംഘർഷമുണ്ടാകും. കാരണം മുതിർന്ന സ്നാനം വിശ്വസിക്കുന്നവർ ശിശു

വളരെ പ്രധാനപ്പെട്ടതും വ്യക്തവുമായ ചില സത്യങ്ങൾ തിരുവചനത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി യേശുക്രിസ്തുവിന്റെ ആളത്വത്തെയും പ്രവൃത്തിയെയും കുറിച്ചുള്ള സത്യങ്ങൾ. യേശുക്രിസ്തു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണ്. അവിടുന്നു ലോകത്തിന്റെ പാപങ്ങൾക്കുവേണ്ടി മരിച്ച് ഉയർത്തെഴുന്നേറ്റു. പിതാവായ ദൈത്തിലേക്കുള്ള ഏക വഴിയും അവിടുന്നു മാത്രമാണ്. ഈ ഉപദേശങ്ങളിൽ നിന്നും നാം അല്പം പോലും വ്യതിചലിക്കില്ല.

സ്നാനത്തെ വചന വിരുദ്ധമായി കാണുന്നു. എന്നാൽ ഇരുകൂട്ടർക്കും ഒരുമിച്ചു പ്രവർത്തിക്കാനും സഹോദരരെന്ന നിലയിൽ അംഗീകരിക്കാനും തടസ്സമൊന്നുമില്ല. കാരണം ദൈവം രണ്ടുകൂട്ടരെയും അംഗീകരിച്ചിരിക്കുന്നു. എന്നാൽ ഇന്നത്തെ പ്രശ്നം ഒരുമിച്ചും പ്രവർത്തിക്കാൻ കഴിയില്ലെങ്കിൽ സ്നേഹിക്കാനും പാടില്ല എന്നുള്ള ചിന്തയാണ്. അവിടെയാണ് 14 ഉം 15 ഉം അദ്ധ്യായങ്ങളുടെ പ്രസക്തി.

വിശ്വാസത്തിൽ ബലഹീനനായ ഒരു സഹോദരനെ നിങ്ങൾ കാണുന്നുവോ? അവനെ സ്വീകരിക്കുക. എങ്ങനെ സ്വീകരിക്കണം? ക്രിസ്തു നിങ്ങളെ സ്വീകരിച്ചതുപോലെ (15:7). നിങ്ങൾ പൂർണ്ണരായതുകൊണ്ടാണോ ക്രിസ്തു നിങ്ങളെ സ്വീകരിച്ചത്? അല്ല, എങ്കിൽ പിന്നെ നിങ്ങൾ സ്വീകരിക്കുന്ന ഒരു സഹോദരൻ പൂർണ്ണനായിരിക്കണമെന്നു നിങ്ങൾ പ്രതീക്ഷിക്കുന്നതെന്തിന്? നാം വീണ്ടും ജനിച്ചപ്പോൾ നാം എത്ര ബലഹീനരും അപൂർണ്ണരുമായിരുന്നു!നാം പാപത്താൽ

> ആളുകളെ വിശ്വാസത്തിലേക്കു നയിക്കാൻ മാത്രമല്ല വിശ്വസിക്കുന്ന കാര്യങ്ങൾ അനുസരിപ്പിക്കുവാൻ കൂടിയായിരുന്നു പൗലോസിനുദൈവം നൽകിയ വിളി. പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം, ജീവനില്ലാത്ത ശരീരം പോലെ നിർജ്ജീവമാണ്.പഴയ ഉടമ്പടിയിൽ അനുസരണത്തിനായിരുന്നു ഊന്നൽ. പുതിയ ഉടമ്പടിയിൽ വിശ്വാസത്തിന്റെ അനുസരണത്തിനും. ഇന്നു നാം ദൈവത്തെ അനുസരിക്കുന്നത് എല്ലാ കല്പനകളും നമ്മുടെ ഏറ്റവും വലിയ നന്മയ്ക്കായി നൽകുന്ന നമ്മെ ഏറ്റവും സ്നേഹിക്കുന്ന ഒരു പിതാവിൽ നിന്നാണെന്ന വിശ്വാസത്താലാണ്.

പരാജിതരും ദൈവത്തെ അറിയാത്തവരുമായിരുന്നു. എങ്കിലും കർത്താവു നമ്മെ ചേർത്തുകൊണ്ടു. ദൈവം സ്വീകരിച്ചിരിക്കുന്നവരെ നാം സ്വീകരിക്കുന്നില്ലെങ്കിൽ നാം നിഗളികളും ദൈവത്തെക്കാൾ ആത്മീയരെന്നു സ്വയം സങ്കല്പിക്കുന്നവരുമാണ്. അങ്ങനെയാണ് കൾട്ടുകൾ രൂപം കൊള്ളുന്നത്. തെറ്റായ ഉപദേശങ്ങൾ കൊണ്ടു മാത്രമല്ല. മറ്റു ദൈവമക്കളോടുമുള്ള തെറ്റായ മനോഭാവം കൊണ്ടു കൂടിയാണ്. ക്രിസ്തു ശരീരത്തിലെ ഇതര അവയവങ്ങളെ സ്വീകരിക്കുന്നതിനു നമ്മുടെ കൊച്ചു കൊച്ചു നിയമങ്ങളും ചട്ടങ്ങളും മാനദണ്ഡമാക്കരുത്.

നീ സഹോദരനെ വിധിക്കുന്നതെന്ത്? (14:10 a) നീ സഹോദരനെ ധിക്കരിക്കുന്നതെന്ത്? (14:10 b).ഇത് ആന്തരികമായ ഒരു മനോഭാവമാണ്. ഈ രണ്ടു കാര്യങ്ങളും നാം ഒഴിവാക്കുകതന്നെ വേണം. ദൈവം സ്വീകരിച്ചവരെ അവരായിരിക്കുന്ന നിലയിൽത്തന്നെ സ്വീകരിക്കുവാൻ നാം ഹൃദയവിശാലതയുള്ളവരാകുമ്പോൾ സുവിശേഷ സന്ദേശത്തിന്റെ പൂർണ്ണാവസ്ഥയിൽ നാം എത്തും. അങ്ങനെ (ക്രിസ്തു ശരീരത്തിലെ ഇതര അവയവങ്ങളോടൊപ്പം) ഒരു മനസ്സോടെ, ഒരു വായിനാൽ പിതാവായ ദൈവത്തെ നാം മഹത്വപ്പെടുത്തും (15:5).

**അദ്ധ്യായം 16**

16-ാം അദ്ധ്യായം റോമിലുള്ള വിശ്വാസികൾക്ക് പൗലോസിന്റെ ആശംസകളാണ്.റോമിലെ സഭയിൽ അഞ്ച് വീടുകളിൽ കൂടുന്ന സഭകളുണ്ട് (വാ. 3-15). അവർ ഒരു വലിയ ഹാളിൽ ഒരു മെഗാ ചർച്ചായി കൂടുന്നവരല്ല. വളരെ വലിയ ഒരു സഭയായിരുന്നു റോമിലേത്. പക്ഷേ അവർ പല വീടുകളിലായി ചെറിയ കൂട്ടങ്ങളായിട്ടായിരുന്നു കൂടിയിരുന്നത്.പൗലൊസ് ഒരിക്കലും റോമിൽ പോയിരുന്നില്ലെങ്കിലും അവിടെയുള്ള വിശ്വാസികളെ ആളാംപ്രതി അറിയുവാൻ അദ്ദേഹം താത്പര്യം വയ്ക്കുകയും അവർക്ക് ആശംസകളറിയിക്കുകയും ചെയ്യുന്നു.

അവസാനമായി, ഈ ലോകത്തിന്റെ പ്രാരംഭത്തിലെന്നപോലെ ഇവിടെ അവസാനത്തിലും ഒരു പ്രയോഗം ആവർത്തിക്കുന്നതു നാം കാണുന്നു. "വിശ്വാസത്തിന്റെ അനുസരണം" (വാ.24). ആളുകളെ വിശ്വാസത്തിലേക്കു നയിക്കാൻ മാത്രമല്ല വിശ്വസിക്കുന്ന കാര്യങ്ങൾ അനുസരിപ്പിക്കുവാൻ കൂടിയായിരുന്നു പൗലോസിനുദൈവം നൽകിയ വിളി. പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം, ജീവനില്ലാത്ത ശരീരം പോലെ നിർജ്ജീവമാണ്.പഴയ ഉടമ്പടിയിൽ അനുസരണത്തിനായിരുന്നു ഊന്നൽ. പുതിയ ഉടമ്പടിയിൽ വിശ്വാസത്തിന്റെ അനുസരണത്തിനും. ഇന്നു നാം ദൈവത്തെ അനുസരിക്കുന്നത് എല്ലാ കല്പനകളും നമ്മുടെ ഏറ്റവും വലിയ നന്മയ്ക്കായി നൽകുന്ന നമ്മെ ഏറ്റവും സ്നേഹിക്കുന്ന ഒരു പിതാവിൽ നിന്നാണെന്ന വിശ്വാസത്താലാണ്.

**മൊഴിമാറ്റം : ബോബി ചെറിയാൻ**

❖





# ഒരു പെൺകുട്ടിയുടെ കാഴ്ചപ്പാട്

**ആനി പുന്നൻ**

**അധ്യായം –1**

## ബാല്യകാലദിനങ്ങൾ

എന്റെ മാതാപിതാക്കൾ എനിക്കു നൽകിയ പേര് എനിക്കു വളരെ ഇഷ്ടമാണ് - കൃപ. അതു പ്രവചനപരമാണെന്ന് എനിക്കു തോന്നാറുണ്ട്. കാരണം എന്റെ ജീവിതകഥ ദൈവത്തിന്റെ ആശ്ചര്യകരമായ കൃപയുടെ നേർ സാക്ഷ്യമാണ്.

എന്റെ അച്ഛൻ ഒരു സ്വകാര്യസ്ഥാപനത്തിലാണ് ജോലി ചെയ്യുന്നത്. തരക്കേടില്ലാത്ത ശമ്പളം. പക്ഷേ ധാരാളം പണം മദ്യത്തിനു ചെലവിടുമായിരുന്നു. മിക്കവാറും ദിവസം അച്ഛൻ താമസിച്ചാണു വരുന്നത്.അമ്മ എപ്പോഴും അച്ഛനെ കുറ്റപ്പെടുത്തും- താമസിച്ചു വരുന്നതിനും മറ്റു സ്ത്രീകളെ കാണുവാൻ പോകുന്നതിനും, അമ്മയോട് വിശ്വസ്തത ഇല്ലാതെ ഇടപെടുന്നതിനും മറ്റും മറ്റും.

എന്റെ അമ്മ ഒരു ക്ലർക്കായി ഗവൺമെന്റ് സ്ഥാപനത്തിൽ ജോലി ചെയ്യുകയായിരുന്നു. ഭേദപ്പെട്ട ശമ്പളം അമ്മയ്ക്കും കിട്ടുമായിരുന്നു പക്ഷേ ഏറെ പണവും പുതിയ സാരി വാങ്ങുവാൻ അമ്മ ധൂർത്തടിച്ചു. അതുകൊണ്ട് അമ്മയ്ക്ക് സമ്പാദ്യം ഒന്നുമില്ലായിരുന്നു. അമ്മ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നു പേന, കവറുകൾ, ലെറ്റർപാഡുകൾ തുടങ്ങിയവ എടുത്തു കൊണ്ടു വരുന്ന ശീലവും അവർക്കുണ്ടായിരുന്നു.

ഞങ്ങൾ രണ്ടു കിടക്കമുറികളുള്ള വീട്ടിലായിരുന്നു കഴിഞ്ഞിരുന്നത്. അച്ഛന്റെ മാതാപിതാക്കളും ഞങ്ങളോടൊപ്പം താമസിച്ചിരുന്നു.

പല തരത്തിലും ഞങ്ങളുടെ വീട് സന്തുഷ്ടമായ ഒരു ഭവനം ആയിരുന്നില്ല. പലപ്പോഴും അലമുറയും ശണ്ഠയും. കൂടുതൽ വഴക്കും അമ്മയ്ക്കാണ് കിട്ടിയിരുന്നത്. പക്ഷേ കുറച്ച് പങ്കും ഞങ്ങൾക്കും കിട്ടിയിരുന്നു. മിക്ക വഴക്കിലും അച്ഛന്റെ മാതാപിതാക്കളും ഉണ്ടാകും. അമ്മയായിരിക്കും അവിടെ പരാജയപ്പെടുന്നത്. ഞാൻ പലപ്പോഴും അത്ഭുതപ്പെട്ടിട്ടുണ്ട്, എന്തിനാണെന്റെ അമ്മ ഉറക്കെ കരയുകയും ഞങ്ങളുടെ അയൽവീടുകളിൽ കൂടി അറിയത്തക്കവണ്ണം ബഹളം വയ്ക്കുകയും ചെയ്യുന്നതെന്ന! വീട്ടിലെ വഴക്ക് അയൽപക്കത്തെല്ലാം അറിയിക്കണമെന്ന് അമ്മയ്ക്ക് എന്തോ വാശിയുള്ളതുപോലെയായിരുന്നു പെരുമാറ്റം. ഇതെനിക്കൊരു സമസ്യയായിരുന്നു.

അച്ഛനോട് പകരം വീട്ടുവാൻ വേണ്ടി അമ്മ നല്ല ഭക്ഷണം അച്ഛനും മാതാപിതാക്കൾക്കും കൊടുക്കുമായിരുന്നില്ല.

അമ്മയും ആ മാന്യവനിതയും തമ്മിൽ സംസാരിക്കുന്നതു ഞാൻ ശ്രദ്ധിച്ചു. വളരെ ക്ഷമയോടെയാണ് അമ്മയുടെ പരാതികൾക്കും പരിഭവങ്ങൾക്കും അവർ ചെവികൊടുത്തത്. അച്ഛനോട് ക്ഷമിക്കുവാൻ അവർ അമ്മയെ ഉപദേശിച്ചു. ക്ഷമയോടെ കാത്തിരുന്നാൽ ഒരുനാൾ അദ്ദേഹത്തിനു മാറ്റം വരാം! ആ വനിത എന്നോടു സംസാരിക്കാനും സമയം കണ്ടെത്തി. കൊച്ചുകുട്ടിയാണെന്നു ചിന്തിച്ച് അവർ എന്നെ അവഗണിച്ചില്ല. അച്ഛന് ഒട്ടേറെ കുറവുകൾ കാണും; എന്നാൽ അദ്ദേഹം പിതാവും കുടുംബത്തിന്റെ നായകനുമാണ്.അതുകൊണ്ട് അദ്ദേഹത്തെ സ്നേഹിക്കണം. മാതാപിതാക്കളെ അനുസരിക്കുകയും ബഹുമാനിക്കുകയും വേണം- അവർ എന്നെ ഉപദേശിച്ചു.

അമ്മയും ഞങ്ങളും നല്ല ആഹാരം ഞങ്ങളുടെ കിടക്കമുറിയിലിരുന്നു രഹസ്യത്തിൽ കഴിക്കുകയായിരുന്നു പതിവ്.

അമ്മ അച്ഛനോട് പെരുമാറുന്നവിധം എനിക്ക് ഇഷ്ടമായിരുന്നില്ല. അവരുടെ വഴക്ക് കാരണം പലപ്പോഴും രാത്രിയിൽ ഉറങ്ങാൻ പോലും പറ്റില്ല. എനിക്ക് പന്ത്രണ്ട് വയസ്സായ സമയം ഒരു ക്രിസ്തീയ ആരാധനയ്ക്ക് അമ്മ കണ്ടുമുട്ടിയ ഒരു സ്ത്രീയുടെ അടുത്ത് അമ്മ എന്നേയും അനുജനേയും ഒരു ദിവസം കൂട്ടിക്കൊണ്ടുപോയി.

അമ്മ അവരുടെ അടുത്ത് തന്റെ ദുഃഖത്തിന്റെ ഭാണ്ഡം അഴിച്ചു. ഞങ്ങളുടെ വീട്ടിലെ പ്രയാസങ്ങളും കഷ്ടപ്പാടുകളുമെല്ലാം അമ്മ ആ അപരിചിതയുടെ മുൻപിൽ എണ്ണിപ്പെറുക്കിപറയുന്നത് സത്യത്തിൽ എന്നെ അലോസരപ്പെടുത്തി. പക്ഷേ കേട്ട കാര്യങ്ങളുടെ മുൻപിൽ വളരെ കരുണയോടെ ഞങ്ങളെ സാന്ത്വനിപ്പിക്കുന്ന രീതിയിലാണ് അവർ പെരുമാറിയത്. ഇത് എന്നെ ധൈര്യപ്പെടുത്തി.

മദ്യപനായ ഒരു പിതാവിന്റെ മക്കളെന്ന നിലയിൽ വീട്ടിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ നിന്നു ഞങ്ങളെ രക്ഷിക്കുവാൻ ഒരനാഥാലയത്തിൽ ഞങ്ങളെ ആക്കുക എന്നതായിരുന്നു അമ്മയുടെ ഉദ്ദേശ്യം. ഇതിനുവേണ്ടിയാണ് അമ്മ ഈ വനിതയെ സമീപിച്ചതെന്ന് വർത്തമാനത്തിൽ നിന്ന് എനിക്കു മനസ്സിലായി.

അമ്മയും ആ മാന്യവനിതയും തമ്മിൽ സംസാരിക്കുന്നതു ഞാൻ ശ്രദ്ധിച്ചു. വളരെ ക്ഷമയോടെയാണ് അമ്മയുടെ പരാതികൾക്കും പരിഭവങ്ങൾക്കും അവർ ചെവികൊടുത്തത്.

അച്ഛനോട് ക്ഷമിക്കുവാൻ അവർ അമ്മയെ ഉപദേശിച്ചു. ക്ഷമയോടെ കാത്തിരുന്നാൽ ഒരുനാൾ അദ്ദേഹത്തിനു മാറ്റം വരാം!

അനാഥാലയത്തെ സംബന്ധിച്ചും അവർക്ക് അമ്മയുടേതിൽ നിന്നു വ്യത്യസ്തമായ അഭിപ്രായമാണുണ്ടായിരുന്നത്. അനാഥാലയത്തിൽ ആക്കിയാൽ കുഞ്ഞുങ്ങൾക്ക് വീട്ടിൽ കിട്ടുന്ന കരുതലും സ്നേഹവും ലഭിക്കുമോയെന്ന് അവർ സംശയം പ്രകടിപ്പിച്ചു. വ്യക്തിപരമായി തനിക്ക് അനാഥാലയങ്ങളൊന്നും അറിയുകയില്ലെന്നും അവർ അറിയിച്ചു.

ആ വനിത എന്നോടു സംസാരിക്കാനും സമയം കണ്ടെത്തി. കൊച്ചുകുട്ടിയാണെന്നു ചിന്തിച്ച് അവർ എന്നെ അവഗണിച്ചില്ല. അച്ഛന് ഒട്ടേറെ കുറവുകൾ കാണും; എന്നാൽ അദ്ദേഹം പിതാവും കുടുംബത്തിന്റെ നായകനുമാണ്.അതുകൊണ്ട് അദ്ദേഹത്തെ സ്നേഹിക്കണം. മാതാപിതാക്കളെ അനുസരിക്കുകയും ബഹുമാനിക്കുകയും വേണം- അവർ എന്നെ ഉപദേശിച്ചു.യേശുക്രിസ്തുവിനെ ഉദാഹരണമായി അവർ ചൂണ്ടിക്കാട്ടി. ഈ പാപം നിറഞ്ഞ ലോകത്ത്





## ദൈവം യോജിപ്പിച്ചത്

*21-ാം പേജിൽ നിന്നു തുടർച്ച*

തായിരുന്നു.പ്രേമഭാജനങ്ങളെന്നതിലുപരി ഒരേ ലക്ഷ്യത്തിനായി ഒരുമയോടെ പ്രവർത്തിക്കുന്ന ഒരു 'ടീം' ആയിരുന്നു അവർ.ആദ്യത്തെ യഥാർത്ഥ മിഷനറി ദമ്പതികൾ എന്നു തന്നെ പറയണം.ഇക്കാര്യത്തിൽ അവർ കേരിയുടെ നേരെ എതിർദിശയിലായിരുന്നു.ബർമ്മ ഭാഷയിൽ പ്രസിദ്ധപ്പെടുത്തിയ ആദ്യത്തെ ക്രിസ്ത്യൻ രചന ജഡ്സൻ എഴുതിയ 'സ്വർഗ്ഗത്തിലേക്കുള്ള പാത' എന്ന ലഘുലേഖയാണ്.രണ്ടാമത്തേത് ആൻ എഴുതിയതായിരുന്നു. 'മിസിസ്സ് ജഡ്സന്റെ വേദപാഠം' എന്നായിരുന്നു അതിന് പേരിട്ടിരുന്നത്.രണ്ടുപേരും അവിടത്തെ ഭാഷ പഠിച്ച് ഒരുമിച്ച് സുവിശേഷപ്രവർത്തനം നടത്തിയെന്നതിന് ഇതിൽക്കൂടുതൽ തെളിവിന്റെ ആവശ്യമില്ലല്ലോ.കൂട്ടത്തിൽ പറയാമല്ലോ, നാൻസിയായിരുന്നു ജഡ്സനേക്കാൾ നന്നായി ബർമ്മീസ് സംസാരിച്ചിരുന്നത്!

ബ്രിട്ടീഷ് വിദേശ മിഷനറി പ്രസ്ഥാനത്തിന്റെ പിതാവെന്ന് വില്യം കേരി അറിയപ്പെടുന്നതുപോലെ അമേരിക്കൻ മിഷനറി പ്രവർത്തനം തുടങ്ങിവച്ചത് ആനും അഡൊണൈറാം ജഡ്സനും കൂടിയാണെന്ന് പറയാൻ സാധിക്കും.ആൻ ആണെങ്കിൽ ഡൊറോത്തിയെപ്പോലെ ആയിരുന്നില്ല.പിന്നീട് വന്ന മിഷനറി ഭാര്യമാർക്ക് പിൻതുടരാൻ പറ്റിയ യഥാർത്ഥ മതൃകയായി മാറി.മിഷൻ ഫീൽഡിലേക്ക് മനസ്സില്ലാമനസ്സോടെ വലിച്ചിഴയ്ക്ക

---

വന്ന യേശു ഇവിടെ പാപമില്ലാതെ ജീവിച്ചു.മാത്രമല്ല, അവിടുന്നു പോരായ്മകളുള്ള തന്റെ മാതാപിതാക്കൾക്കു കീഴടങ്ങി ജീവിച്ചു!

സംഭാഷണം അവസാനിപ്പിച്ചപ്പോൾ ഞങ്ങൾ ഒന്നിച്ചിരുന്നു പ്രാർത്ഥിച്ചു. ഏറെ സന്തോഷത്തോടെയാണു ഞങ്ങൾ പിരിഞ്ഞത്.

വീണ്ടും വീട്. അന്തരീക്ഷം പഴയതുപോലെ തന്നെ തുടർന്നു. വീട്ടിൽ ഞാൻ ഏറെക്കുറെ ഏകാകിയായിരുന്നു. വളർന്നു വരുന്ന പെൺകുട്ടിയെന്ന നിലയിൽ എനിക്ക് ഒട്ടേറെ സംശയങ്ങളുണ്ടായിരുന്നു; ചോദ്യങ്ങളും. എന്നാൽ അമ്മയ്ക്ക് ഇതൊക്കെ കേൾക്കാൻ എവിടെ നേരം? ജോലിയും വീട്ടിലെ തിരക്കും കാരണം അമ്മ എന്നോട് കാര്യമായൊന്നും സംസാരിക്കാറുതന്നെ ഉണ്ടായിരുന്നില്ല. അതുകൊണ്ട് തന്നെ എന്റെ പ്രശ്നങ്ങൾ അമ്മയോടു പങ്കിടാൻ എനിക്കും തോന്നിയില്ല. പക്ഷേ ഞാൻ ഒരു കാര്യം തീരുമാനിച്ചു. എന്നെങ്കിലും ഞാൻ വിവാഹം കഴിക്കുകയും എനിക്കു കുഞ്ഞുങ്ങളുണ്ടാകുകയും ചെയ്താൽ ഞാൻ എന്റെ കുഞ്ഞുങ്ങളോടാണ് ഏറെ സമയം ചെലവിടും. അവർക്കു പറയാനുള്ളതു കേൾക്കും. അവരുടെ സംശയങ്ങൾക്കു മറുപടി നൽകും. പ്രശ്നങ്ങൾ ഒന്നിച്ചു ചർച്ച ചെയ്യും.

അമ്മയുടെ മനസ്സിൽ അനാഥാലയത്തെക്കുറിച്ചുള്ള ചിന്ത മാറിയെങ്കിലും പെൺകുട്ടികളെ താമസിപ്പിച്ചു പഠിപ്പിക്കുന്ന ഒരു ഹോസ്റ്റൽ അമ്മ വൈകാതെ കണ്ടെത്തി. വീട്ടിൽ നിന്നും കുറച്ചകലെയായിരുന്നു അത്. എങ്കിലും അമ്മ അങ്ങനെ തീരുമാനിച്ചു; എന്നെ ഹോസ്റ്റലിൽ കൊണ്ടുചെന്ന് ആക്കുകയും ചെയ്തു.

**മൊഴിമാറ്റം - സാന്ദ്ര**

❖

പ്പെടുന്നവരോ അല്ലെങ്കിൽ എല്ലാം സഹിച്ച് മിഷനറിയുടെ ചവിട്ടടിയിൽക്കിടക്കുന്ന ഒരു വേലക്കാരിയോ ആയല്ല ആൻ ജീവിച്ചത്.വയൽ പ്രദേശത്ത് ഭർത്താവിനോടൊപ്പം തോളോടുതോൾ ചേർന്ന് പ്രവർത്തിക്കുന്ന സഹപ്രവർത്തകയായിരുന്നു അവർ. അങ്ങനെതന്നെയാണ് ആകേണ്ടിയിരുന്നതും.

1806 ൽ അമേരിക്കയിലെ ബോസ്റ്റൻ പട്ടണത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ ജനിച്ചു വളർന്ന ഇവർ രണ്ടുപേരും എന്തിന്റെയെങ്കിലും മാതൃകയായി മാറുമെന്ന് ആർക്കെങ്കിലും തോന്നിക്കാണുമോ?ഉത്തരം ഇല്ല എന്നാകാനാണ് സാദ്ധ്യത. ക്രിസ്തു ശിഷ്യരെന്ന നിലയിൽ ഇവർ സഭാചരിത്രത്തിലെ ഏറ്റവും അനുകരണീയരായ താരങ്ങളായിത്തീരുമെന്ന് പറഞ്ഞാൽ ഒരു മനുഷ്യർ പോലുമത് വിശ്വസിക്കുമായിരുന്നില്ല. അതായിരുന്നു രണ്ടുപേരുടേയും ജീവിതശൈലി.ഏതു മനുഷ്യനേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം അവരുടെ മേൽ വരുമെന്ന് ആരുകണ്ടു?

അങ്ങനെയിരിക്കെ ഒരുദിവസം നാൻസി ബ്രിട്ടീഷ് എഴുത്തുകാരിയും സാമൂഹികപ്രവർത്തകയുമായ ഹന്നമൂർ എഴുതിയ ഒരു പുസ്തകം വായിക്കാനിടയായി. അതിലെ ഒരു ഭാഗം എത്രശ്രമിച്ചിട്ടും മനസ്സിൽ നിന്നും മാഞ്ഞുപോയില്ല. അതിങ്ങനെ: 'സുഖലോലുപതയിൽ മദിച്ചു കഴിയുന്ന ഒരുവൾ ജീവിച്ചിരിക്കുമ്പോൾത്തന്നെ മരിച്ചവളാണ്' തന്നെപ്പറ്റിയാണല്ലോ ആ എഴുതിയിരിക്കുന്നതെന്ന തോന്നൽ.ഹന്നമൂറിന്റെ വാക്കുകൾ അവഗണിക്കാൻ ശ്രമിച്ചിട്ടും ഒരു ചോദ്യചിഹ്നമായി അത് വീണ്ടും തന്റെ നേർക്ക് വരുന്നതായിത്തോന്നി.നാൻസിക്കു പതിനാറു വയസ്സായിരുന്നു.തന്നെ ആരും വഴക്കുപറയുന്നത് ഇഷ്ടമല്ല.ഹന്നമൂറിന്റെ വാക്കുകൾ ഒരുതരം ശകാരമായാണ് തോന്നിയത്. മുമ്പാണെങ്കിൽ താൻ ഇതൊന്നും വകവയ്ക്കുകയില്ല. ഇപ്പോൾ പക്ഷേ എത്ര ശ്രമിച്ചിട്ടും ആ ചിന്ത മനസ്സിൽ നിന്നും പോകുന്നില്ല.പാപത്തെക്കുറിച്ച് ബോദ്ധ്യം നൽകുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നാൻസി എങ്ങനെ അറിയാൻ?ഹന്നമൂറിന്റെ പുസ്തകം ചവറ്റുകൊട്ടയിലേക്കിട്ടു.എന്നിട്ടും കുറ്റബോധം മാറിയില്ല.എല്ലാം മറക്കാനെന്നോണം ജോൺ ബനിയന്റെ 'പരദേശി മോക്ഷയാത്ര' വായിക്കാൻ തുടങ്ങി. എന്തിനേറെപ്പറയുന്നു, ഏതാനും മാസങ്ങൾക്കുള്ളിൽ,ഏവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് നാൻസിയുടെ വാക്കുകളിൽത്തന്നെ താൻ 'മരണത്തിൽ നിന്നും ജീവനിലേക്ക് കടന്നു'.

അഡൊണൈറാമിന്റെ മാനസാന്തരം ഇത്രതന്നെ എളുപ്പമായിരുന്നില്ല. ബ്രൗൺ യൂണിവേഴ്സിറ്റിയിൽ ചേരുമ്പോൾ ജഡ്സന് കഷ്ടിച്ച് പതിനാറ് വയസ്സ് മാത്രം.പഠനത്തിൽ മിടുക്കനായതിനാൽ മൂന്നു വർഷത്തിനു ശേഷം കോളജിലെ ഒന്നാമനായി(വാലഡിക്റ്റേറിയൻ)ജയിച്ചു. അവിടെവച്ചാണ് ജേക്കബ് ഈംസ് എന്നൊരു സഹപാഠിയുമായി അടുത്തത്. പ്രപഞ്ചത്തെയോ നമ്മളെയോ നിയന്ത്രിക്കുന്ന ഒരു ദൈവം ഇല്ല എന്ന വിശ്വാസക്കാരനായിരുന്നു ഈംസ്.അപ്പന്റെ വിശ്വാസത്തോട് മാനസികമായി അകന്നു തുടങ്ങിയിരുന്ന ജഡ്സൻ കൂട്ടുകാരന്റെ വാക്കുകൾ കേട്ടിട്ടു ക്രമേണ ഒരു നിരീശ്വരവാദിയായി മാറി. വീട്ടിൽ തിരി





ച്ചെത്തി ഒരു സ്കൂളിൽ അദ്ധ്യാപകനായി ജോലിനോക്കിയെങ്കിലും അതിൽ അത്ര തൃപ്തി വന്നില്ല. മാതാപിതാക്കളുടെ താല്പര്യവും അഭിപ്രായവും വകവയ്ക്കാതെ അയാൾ ഒരു ദിവസം മുടിയൻ പുത്രനെപ്പോലെ ന്യൂയോർക്കിലേക്ക് യാത്രയായി. ഒരെഴുത്തുകാരനോ അല്ലെങ്കിൽ നാടക നടനോ ആയി പണവും പ്രശസ്തിയുമുണ്ടാക്കണമെന്നായിരുന്നു ചിന്ത.

അധികനാൾ കഴിയുംമുമ്പേ ന്യൂയോർക്ക് മടുത്തു.നാടകക്കാരുടെ ജീവിതരീതിയുമായി ഒത്തുപോവാനാവില്ല എന്നു മനസ്സിലായി. എഴുത്തുകാരനാകുന്നതും അത്ര എഴുപ്പമല്ല. സ്വപ്നം കണ്ടതെല്ലാം തകർന്നടിഞ്ഞപ്പോൾ,ഭാവിയെപ്പറ്റിയുള്ള അശങ്കകളാൽ നീറുന്ന മനസ്സുമായിക്കഴിയവേ ജഡ്സൻ ഒരു നല്ല കാര്യം ചെയ്തു. അതായത് വീട്ടിലേക്ക് മടങ്ങുക എന്ന് തീരുമാനിച്ചു.നമ്മെ അറിയുന്ന, നമ്മെ സ്നേഹിക്കുന്ന, അതുകൊണ്ടുതന്നെ നമ്മെ നിയന്ത്രിക്കുന്ന ഒരു ദൈവമില്ല എന്നു വിശ്വസിച്ച ജഡ്സന്റെ ജീവിതത്തിലെ ഓരോ നിമിഷവും ദൈവത്തിന്റെ കൈകളിലായിരുന്നു എന്ന സത്യം അയാൾ മനസ്സിലാക്കിയത് തെറ്റായ വഴികളിൽ വളരെ ദൂരം നടന്നതിന് ശേഷമായിരുന്നു. സ്വന്തം വഴികളുപേക്ഷിച്ചു വരുന്ന തന്റെ മക്കൾക്കായി മുടിയൻ പുത്രന്റെ ഉപമയിലെ പിതാവിനെപ്പോലെ ദൈവം കാത്തിരിക്കുന്നു.

മടക്കയാത്രയിൽ ഒരു വഴിയമ്പലത്തിൽ രാത്രി കഴിയേണ്ടിവന്നു.തൊട്ടുത്ത മുറിയിലെ രോഗിയായ താമസക്കാരന്റെ ഞരക്കവും മൂളലും ഉച്ചത്തിലുള്ള നിലവിളിയും കാരണം ജഡ്സനും ഉറങ്ങാൻ സാധിച്ചില്ല. കഠിനവേദനയിലായ അയാൾ മരണത്തോടടുത്തിരിക്കുന്നു എന്നു തോന്നി.മു

റിയിലെ ഇരുളിൽ ജഡ്സൻ തന്റെ തന്നെ മരണത്തെപ്പറ്റി ചിന്തിച്ചു തുടങ്ങി.എന്നായാലും ഒരിക്കൽ മരണം തന്നെത്തേടി വരും.മരണത്തിനപ്പുറം ജീവിതമുണ്ടോ?ഉണ്ടെങ്കിൽ താനെവിടെയിരിക്കും.?

തന്റെ നിരീശ്വരവാദം തെറ്റായി പരിണമിച്ചാൽ പ്രതീക്ഷയ്ക്ക് എന്തെങ്കിലും വകയുണ്ടോ?രാത്രിയുടെ നീണ്ടയാമങ്ങളിൽ,തന്റെ അപ്പന്റെ വിശ്വാസത്തിലേക്ക് മടങ്ങിപ്പോകുന്നതല്ലേ ശരിയെന്ന തോന്നലുണ്ടായി.അങ്ങനെ ചെയ്താൽ തന്റെ സ്നേഹിതൻ ജേക്കബിനെന്തുതോന്നും തന്നെപ്പറ്റി? എന്തായാലും ഈ കാളരാത്രി എങ്ങനെയും കഴിഞ്ഞുകിട്ടിയാൽ മതിയെന്ന് വിചാരിച്ച് തിരിഞ്ഞും മറിഞ്ഞും കിടന്ന് ഒരുവിധം നേരം വെളുപ്പിച്ചു.

ഉണർന്നപ്പോൾ അടുത്തമുറിയിലെ അന്തേവാസിയെപ്പറ്റിയാണ് ആദ്യം ചിന്തിച്ചത്. ഇപ്പോൾ ഞരക്കമൊന്നുമില്ല. എല്ലാം നിശ്ശബ്ദം. അസുഖം കുറഞ്ഞുകാണും. സത്രമുടമയെ കണ്ടപ്പോൾ ജഡ്സൻ ചോദിച്ചു 'എന്റെ അടുത്തമുറിയിലെ വയസ്സനെന്തു പറ്റി? കുറവുണ്ടാവും അല്ലേ?' 'കുറവുണ്ടാവാനോ? അയാൾ കുറച്ചുമുമ്പേ മരിച്ചുപോയി.ആരുംകൂടെയില്ലായിരുന്നു.പിന്നെ, അയാൾ വയസ്സനൊന്നുമായിരുന്നില്ല, കേട്ടോ. ചെറുപ്പക്കാരൻ. ഏതാണ്ട് നിങ്ങളുടെ പ്രായം' എന്തുകൊണ്ടെന്നറിയില്ല. മറുപടി കേട്ട് ജഡ്സൻ ചോദിച്ചുപോയി:

‘അയാളുടെ പേരെന്താണെന്നാണ് പറഞ്ഞിരുന്നത്?’ അതൊരു മണ്ടൻ ചോദ്യമായിരുന്നു എന്നറിയാമായിരുന്നു. കാരണം ആ പ്രദേശത്ത് തനിക്ക് ഒരു പരിചയക്കാരനുണ്ടാകാൻ യാതൊരു സാദ്ധ്യതയുമില്ലായിരുന്നല്ലോ. ‘പേരോ, പേര് ഒരു മിസ്റ്റർ ജേക്കബ് ഈംസ്.’ ഇടിവെട്ടുപോലെയാണ് സത്രക്കാരന്റെ വാക്കുകൾ ചെവിയിൽപ്പതിഞ്ഞത്. ഒരു തരത്തിലും തെറ്റുപറ്റാനിടയില്ലാത്ത പേര്. തല ചുറ്റുന്നതുപോലെ തോന്നി ജഡ്സന്. കോളജിൽ തന്റെ എല്ലാമെല്ലാമായിരുന്ന ജേക്കബ്! ഇയാൾ കാരണമാണല്ലോ താൻ നിരീശ്വരനായത്. അയാളിപ്പോഴെവിടെ? ‘നഷ്ടമായി’ എന്നാണ് മനസ്സിലേക്കു വന്നത്. സമനിലതെറ്റിയവനെപ്പോലെയാണ് ജഡ്സൻ അന്ന് വീട്ടിൽ വന്നു കയറിയത്.‘നഷ്ടപ്പെട്ടു’ എന്ന വാക്ക് മായാതെ മനസ്സിൽ നിൽക്കുന്നു. മന:സംഘർഷം നിറഞ്ഞ ദിവസങ്ങൾ കഴിഞ്ഞുപോയി.അപ്പന്റെ വിശ്വാസത്തിനാണ് ഇപ്പോൾ മുൻതൂക്കം.എങ്കിലും മൂന്നുമാസം കൂടിവേണ്ടിവന്നു ബുദ്ധി ഹൃദയത്തിന് കീഴടങ്ങാൻ. അങ്ങനെ പുതിയജീവന്റെ മുളപൊട്ടി. 1808 ഡിസംബർ രണ്ടാംതീയതി ‘സർവ്വവും എന്റെ ദൈവത്തിനായി സമർപ്പിക്കുന്നു’ എന്ന് ജഡ്സൻ തന്റെ ഡയറിയിൽക്കുറിച്ചു.

ആൻഡോവർ എന്ന സ്ഥലത്ത് തന്റെ അപ്പനും മറ്റു ചില പട്ടക്കാരും ചേർന്ന് ഒരു സെമിനാരി തുടങ്ങിയിരുന്നു. ഹാർവാർഡിലും മറ്റും ഉള്ളതുപോലെയല്ല,യഥാർത്ഥ ക്രിസ്തീയതയാണ് അവിടെ പഠിപ്പിക്കേണ്ടതെന്ന് അവർക്ക് നിർബന്ധമുണ്ടായിരുന്നു.അതുകൊണ്ടു തന്നെ ജഡ്സൻ ആ സെമിനാരിയിൽ ചേർന്ന് വേദപഠനം തുടങ്ങി.അവിടെ വച്ചാണ് ഇന്ത്യയിലെ സുവിശേഷപ്രചാരണത്തിന്റെ ആവശ്യകതയും മിഷിനറിമാരുടെ ദൗർലഭ്യവും മറ്റും വെളിപ്പെടുത്തുന്ന ഒരു പ്രസംഗം അച്ചടിച്ചുവന്നതു വായിക്കാനിടയായത്.ഏതാണ്ടിതേ സമയത്തുതന്നെ ബർമ്മരാജ്യത്തെപ്പറ്റിയുള്ള ഒരു പുസ്തകവും കാണാനിടയായി.എന്തോ ഒരുൾവിളിയുണ്ടായതുപോലെ തോന്നി ജഡ്സന്. ഇന്ത്യയും ബർമ്മയും.മനസ്സിൽ നിന്നും മായുന്നില്ല. വേറൊന്നും ചന്തിക്കാനും തോന്നുന്നില്ല. ഒന്നും യാദൃച്ഛികമല്ലല്ലോ. ജഡ്സൻ തന്റെ ദൈവികനിയോഗം കണ്ടെത്തുകയായിരുന്നു.പലരും പലതും പറഞ്ഞ് പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും മിഷനറിയായിപ്പോകാനുള്ള തന്റെ തീരുമാനത്തിന് ഒരു മാറ്റവുമുണ്ടായില്ല.

എന്നാൽ ചില തടസ്സങ്ങളുണ്ടായിരുന്നു.ആരും ഇതിനുമുമ്പ് മിഷനറിയായി ഇവിടെനിന്നും എങ്ങും പോയിട്ടില്ല. ആർക്കും അങ്ങനെയൊരു തോന്നലുമുണ്ടായിട്ടില്ല.അതുകൊണ്ടുതന്നെ ആരെയെങ്കിലും പ്രവർത്തനത്തിന് അയക്കാൻ തയ്യാറുള്ള ഒരു മിഷൻ ബോർഡും ആമേരിക്കയിലുണ്ടായിരുന്നില്ല.അത്തരം ഒരു ഏജൻസി ഏറ്റവും അടുത്തുണ്ടായിരുന്നത് ഇംഗ്ലണ്ടിലാണ്. ഇരുപത്തിരണ്ട് വയസ്സുള്ള കടുംപിടിത്തക്കാരന് ഇതുവല്ലതും തടസ്സമാണോ?ഇംഗ്ലണ്ടെങ്കിൽ ഇംഗ്ലണ്ട്.അങ്ങോട്ട് പോകുകതന്നെ.തന്നോടൊപ്പം മിഷനറിയായിപ്പോകാൻ തയ്യാറുള്ള ആറു ചെറുപ്പക്കാരെ ഇതിനോടകം കണ്ടെത്തി സഭയിലെ മൂപ്പൻമാരോട് തങ്ങളുടെ പദ്ധതി വിവരിച്ചു.





അങ്ങനെചെയ്ത അതേ ദിവസമാണ് ജഡ്സൻ നാൻസിയെ ആദ്യമായിക്കണ്ടത്.ആദ്യകാഴ്ച തന്നെ മതിയായിരുന്നു. ജഡ്സൻ ഗാഢാനുരാഗത്തിലായി.ഒന്നും പാതിവഴിക്ക് നിർത്തുന്ന പതിവില്ലല്ലോ. ഒന്നുകിൽ ഇല്ല അല്ലെങ്കിൽ എല്ലാം. അതായിരുന്നു പ്രമാണം.സ്നേഹവും അങ്ങനെ തന്നെ.ഒരു മാസത്തിനു ശേഷം ജഡ്സൻ നാൻസിയുടെ അപ്പനോട് അവളെ വിവാഹം കഴിച്ചുതരണമെന്ന അഭ്യർത്ഥിക്കുകയായിരുന്നു.അദ്ദേഹത്തിനെഴുതിയ കത്തിൽ ഇങ്ങനെ കാണുന്നു. ‘നാൻസിയെ എന്നോടൊപ്പം പറഞ്ഞയക്കാൻ താങ്കൾ സമ്മതം തരുമോ എന്നാണെനിക്കറിയേണ്ടത്.ഒരുപക്ഷേ അവളെ ഇനിയൊരിക്കലും കാണാനായില്ല എന്നു വരാം. കഷ്ടപ്പാടും പ്രയാസങ്ങളും നിറഞ്ഞ ഒരു മിഷനറി ജീവിതത്തിലേക്ക് അവൾ പോകുന്നത് താങ്കൾക്കിഷ്ടമാകുമോ? അപകടം നിറഞ്ഞ കപ്പൽയാത്രയും മാരകമായേക്കാവുന്ന ഇന്ത്യയിലെ കാലാവസ്ഥയും ഇല്ലായ്മകളും അവഹേളനങ്ങളും പീഡനങ്ങളും ഒക്കെ സഹിക്കാനും അവസാനം ഒരു പക്ഷേ മൃഗീയമായ ഒരു മരണവും പ്രതിഫലമായേക്കാവുന്ന പ്രവർത്തനത്തിനായി പോകാൻ താങ്കൾക്ക് സമ്മതമായിരിക്കുമോ’?

ഇന്നാണെങ്കിൽ, ആ കത്ത് വായിച്ച് ആരെങ്കിലുമൊരാൾ തന്റെ മകളെ സുവിശേഷത്തിനായി മനസ്സോടെ പറഞ്ഞുവിടുമായിരുന്നെന്ന് തോന്നുന്നുണ്ടോ?വായിക്കുമ്പോൾ ഭയം തോന്നുന്ന ആ വാക്കുകൾ, പക്ഷേ ഉള്ളത് ഉള്ളതുപോലെ പറയുന്ന അന്നത്തെ രീതിയായി മാത്രം കണ്ടാൽ മതി.

അത്ഭുതമെന്നോ പറയേണ്ടൂ,അപ്പൻ എതിർപ്പൊന്നും പറഞ്ഞില്ല.എല്ലാം നാൻസി തീരുമാനിക്കട്ടെ എന്നഭിപ്രായപ്പെടുകയും ചെയ്തു.അടുത്തിടെയാണല്ലോ നാൻസിക്ക് മനമാറ്റമുണ്ടായത്. കുറച്ചുനാളുകളായി മിഷനറിയായിപ്പോകണമെന്ന് തോന്നിത്തുടങ്ങിയിരുന്നു.ഒരുദിവസം ദിനാന്ത്യക്കുറിപ്പിൽ നാൻസി ഇങ്ങനെയെഴുതിയതായി കാണുന്നു:’വിദേശമിഷനിലേക്ക് പോകാനുറച്ചിരിക്കുന്നു. ഭൗമികമായ യാതൊന്നിനോടുമുള്ള അടുപ്പം കൊണ്ടല്ല ഇങ്ങനെയൊരു തീരുമാനം എടുത്തത്.(ഭൂമിയിലെ താത്പര്യം എന്ന് നാൻസി ഉദ്ദേശിച്ചത് ജഡ്സനോടുള്ള അടുപ്പമായിരുന്നു) പകരം ദൈവത്തോടുള്ള കടപ്പാടുകൊണ്ടും ദൈവനിയോഗമാണെന്ന പൂർണ്ണ ഉറപ്പുള്ളതുകൊണ്ടുമാണ്.എന്റെ അറിവിൽ ഇന്നുവരെ ഒരു സ്ത്രീയും അമേരിക്കയിൽ നിന്നു പുറജാതികളുടെയിടയിൽ സുവിശേഷത്തിനായിപ്പോയിട്ടില്ല.കർത്താവ് വിശ്വസ്തൻ. അവന്റെ വാഗ്ദാനങ്ങൾ വിലയേറിയത്.അതുകൊണ്ട് മുഴുമനസ്സോടെ ഇതിനായി ഒരുങ്ങുന്നു’.

വിവാഹവും സുവിശേഷപ്രവർത്തനവും ഒറ്റ പാക്കേജ് ആയിരുന്നു.ഒന്നിനെ മറ്റേതിൽ നിന്നും വേർപെടുത്താനാവില്ല. വിവാഹം കഴിഞ്ഞാൽ ഉടനെതന്നെ ഇന്ത്യയിലേക്കോ ബർമ്മയിലേക്കോ പുറപ്പെടണം.എല്ലമറിഞ്ഞുകൊണ്ട് നാൻസി ആ വെല്ലുവിളി ഏറ്റെടുത്തു.ദൈവം ജഡ്സന് തക്കതായ തുണയെക്കണ്ടെത്തി നൽകി എന്നതാണ് ഈ സംഭവങ്ങളിൽ നിന്നും നമുക്കു മനസ്സിലാക്കാവുന്ന സത്യം.ജഡ്സന് വയസ്സ് ഇരുപത്തിരണ്ടായതേയുള്ളൂ.

നാൻസിയുടെ സമ്മതം അദ്ദേഹത്തെ ആവേശം കൊള്ളിച്ചു.നാട്ടിലെ സഭ മിഷൻ പ്രവർത്തനത്തിന് ഇപ്പോഴും സന്നദ്ധമല്ലാതിരുന്നതിനാൽ ഇംഗ്ലണ്ടിലെ ലണ്ടൻ മിഷനറി സൊസൈറ്റി സഹായിക്കുമോ എന്നറിയാനായി അങ്ങോട്ട് കപ്പൽ കയറി.ആ യാത്ര പക്ഷേ ജഡ്സന്റെ ക്ഷമയെ പരിപോഷിപ്പിക്കാനാണ് ദൈവം ഉപയോഗിച്ചത്. ഒരു ബ്രിട്ടീഷ് കപ്പലാണ് ലണ്ടനിലേക്ക് പോകാൻ തരപ്പെട്ടത്. നടുക്കടലിൽ വച്ച് ഫ്രഞ്ചുകാരുടെ ആക്രമണമുണ്ടായി.ജഡ്സനേയും മറ്റു യാത്രക്കാരേയും പിടിച്ചു പാരീസിലേക്കു കൊണ്ടുപോയി. ഹീബ്രുവും ഗ്രീക്കും നന്നായറിയാമായിരുന്നെങ്കിലും ഫ്രഞ്ച് അറിയാത്തുകൊണ്ട് താൻ ബ്രിട്ടീഷുകാരനല്ല അമേരിക്കക്കാരനാണെന്ന സത്യം പറഞ്ഞുമനസ്സിലാക്കാനുമായില്ല.ദിവസങ്ങൾ കഴിഞ്ഞുപോകവേ ക്ഷമയുടെ നെല്ലിപ്പലക കണ്ട ഏതോ ഒരുസമയം അവിടെനിന്നും രക്ഷപ്പെടാനും അങ്ങനെ ലണ്ടനിലെത്തിച്ചേരാനുമായി. LMS കാരാകട്ടെ, രണ്ടുരാജ്യങ്ങളും ചേർന്നുള്ള ഒരു കൂട്ടുകച്ചവടത്തിനില്ലെന്നും, നാൻസിയും ജഡ്സനും ബ്രിട്ടീഷ് മിഷനറിമാർ എന്ന നിലയിൽ പോകാൻ തയ്യാറാണെങ്കിൽ സഹായിക്കാമെന്നും അറിയിച്ചു. നിരാശനായി മടങ്ങിയെത്തിയ ജഡ്സൻ തന്റെ സഭക്കാരോട് ഇക്കാര്യങ്ങൾ വിവരിച്ചു. അവസാനം ഇങ്ങനേയും പറഞ്ഞു: 'ഒന്നുകിൽ നിങ്ങൾ ഞങ്ങളെ അയക്കുക. അല്ലെങ്കിൽ ഞങ്ങൾക്ക് ബ്രിട്ടീഷ് മിഷനറിമാരാവുകയേ തരമുള്ളൂ'. ഈ അന്ത്യശാസനം ഏറ്റില്ലെങ്കിലും മൂപ്പൻമാർ തമ്മിൽ ചർച്ച ചെയ്ത്ഇവർക്ക് സാമ്പത്തിക സഹായം നൽകുന്നതായിരിക്കും നല്ലതെന്ന തീരുമാനത്തിലെത്തിച്ചേരുകയുണ്ടായി.

1812 ഫെബ്രുവരി മാസം സംഭവബഹുലമായിരുന്നു. 5-ാം തീയതി ബുധനാഴ്ച:അഡൊണൈറാം ജഡ്സൻ 23 വയസ്സും ആൻ ഹാസൽറ്റൈൻ 22 വയസ്സും തമ്മിലുള്ള വിവാഹം ഡീക്കനായ ഹാസൽറ്റൈന്റെ വസതിയിൽ നടന്നു.

6-ാം തീയതി വ്യാഴാഴ്ച: അഡൊണൈറാമും വേറെ നാലുപേരേയും "തന്റെ പുത്രന്റെ സുവിശേഷം ജാതികളുടെ ഇടയിൽ അറിയിക്കാനുള്ള ദിവ്യപ്രവർത്തനത്തിനായി പൊതുജനസമക്ഷം വേർതിരിച്ചുകൊള്ളുന്നു" എന്നു പ്രഖ്യാപിക്കുന്ന പ്രതിഷ്ഠ ശുശ്രൂഷ.അത് ഹൃദ്യമായ ചടങ്ങായിരുന്നു.അഞ്ചുപേരേയും അനുഗ്രഹിച്ച് പട്ടം നൽകുമ്പോൾ നാൻസി പുതുവസ്ത്രങ്ങളണിഞ്ഞ് മെല്ലെ നടന്നു ഭർത്താവിനരികിൽ മുട്ടുകുത്തി. മിഷനറിയുടെ ഭാര്യ എന്നതിനേക്കാൾ ഒരു മിഷനറിയായിത്തന്നെയാണ് നാൻസിയേയും അവർ പ്രതിഷ്ഠിച്ചത്.

10-ാം തീയതി തിങ്കളാഴ്ച: തലേ രാത്രി പള്ളിയിൽ യാത്രയയപ്പു യോഗമുണ്ടായിരുന്നു.ഇന്ന് ജഡ്സനും നാൻസിയും ഇന്ത്യയിലേക്കുള്ള കപ്പലിൽ. മൃഗങ്ങളെക്കൊണ്ടുപോകുന്ന കപ്പലായിരുന്നു അത്.ധാരാളമായുണ്ടായിരുന്ന കോഴിയേയും താറാവിനേയും പന്നികളേയും കണ്ടിട്ട് താൻ വഴിതെറ്റി നോഹയുടെ പെട്ടകത്തിലാണോ ചെന്നുപെട്ടതെന്ന് നാൻസിക്ക് തോന്നിപ്പോയി. വൃത്തികെട്ട അന്തരീഷം. അസഹ്യമായ നാറ്റം. എങ്കിലും വിവാഹനാളുകളല്ലേ?

ഈ ദിവസങ്ങളിലാണ് ഭർത്താവിന്റെ ചില വിചിത്രസ്വഭാവങ്ങൾ നാൻസി ശ്രദ്ധിച്ചത്. ആരോടെങ്കിലും യാത്രപറയുക എന്നത് അദ്ദേഹത്തിന് ഒട്ടും പറ്റുകയില്ല. വിവാഹത്തിന്റെ തൊട്ടടുത്ത ദിവസം നേരം വെളുക്കുന്നതിനു മുമ്പേ നാൻസിയുടെ വീട്ടിൽ നിന്നും പുറപ്പെടാൻ നിർബന്ധം പിടിച്ചു. കാരണം പിന്നീടാണ് നാൻസിക്ക് മനസ്സിലായത്. അപ്പോഴായാൽ





ആരോടും ഒന്നും പറയാതെ ഇറങ്ങിപ്പോരാമല്ലോ. പള്ളിയിലെ പ്രതിഷ്ഠാ ചടങ്ങിലും അങ്ങനെ തന്നെ. മീറ്റിംഗ് തീരുന്നതിനു മുമ്പേ ആരും പ്രതീക്ഷിക്കാത്ത സമയത്ത് അവിടെനിന്നും 'മുങ്ങി'. എന്നാൽ ചിലർ ജഡ്സനെ കണ്ടുപിടിച്ചു കൂട്ടിക്കൊണ്ടുവന്നു. പിന്നെ എന്തുചെയ്യാൻ! കൊല്ലാൻ കൊണ്ടു പോകുന്നു എന്ന മട്ടിൽ എല്ലാവർക്കും കൈകൊടുത്തു പിരിയേണ്ടിവന്നു.കപ്പലിൽ യാത്ര തിരിച്ചപ്പോഴും സ്ഥിതി അതുതന്നെ. പുറപ്പെടാറായപ്പോൾ അവർ താമസിച്ചിരുന്ന വീട്ടിൽ നിന്നും ആരോടും ഒന്നും പറയാതെ ഒറ്റയ്ക്കിറങ്ങി മഞ്ഞുമൂടിയ റോഡിലൂടെ നടന്ന് തുറമുഖത്തെത്തി. അവിടേയും നിന്നില്ല. ഒരു ബോട്ട് വാടയ്ക്കെടുത്തു കപ്പലിൽച്ചെന്നുകയറി. എന്നിട്ട് നാൻസി വരുന്നുണ്ടോ എന്നറിയാൻ കരയിലേക്ക് നോക്കി ഒരേ നില്പ്!

കപ്പൽ പുറപ്പെട്ടപ്പോൾ എന്തെല്ലാം വികാരങ്ങളായിരിക്കും നാൻസിയുടെ മനസ്സിലൂടെ കടന്നുപോയിക്കാണുക!ആദ്യമൊക്കെ രസമായിത്തോന്നിയ കടൽയാത്ര പിന്നീട് വിരസമായി. പതുക്കെ മരണചിന്തകളും കടന്നു വന്നു. കപ്പൽ തകർന്നു കടലിൽ മുങ്ങിമരിക്കേണ്ട അവസ്ഥയോർത്താണ് വിഷമിച്ചത്. ക്രമേണ ആകുലചിന്തകൾ മാറി, യാത്ര വീണ്ടും ആസ്വാദ്യമാകാൻ തുടങ്ങി. അതുപോലെ തന്നെ തന്റെ ഭർത്താവായി മാറിയ ബുദ്ധിശാലിയായ കടുംപിടുത്തക്കാരനെ കൂടുതലറിയാനും ഇഷ്ടപ്പെടാനും തുടങ്ങി.'ഏറ്റവും ആർദ്രതയുള്ള സ്നേഹവാനും വിശ്വസ്തനുമാണ് അഡൊണൈറാം' എന്നാണ് അക്കാലത്ത് നാൻസി ഡയറിയിലെഴുതിയത്.

**സമ്പാദകൻ:അജയ് ജോർജ്**

# യേശുവിന്റെ കൈ

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ഒരു ക്രിസ്തീയപള്ളി സന്ദർശിച്ച ചിലർ അവിടെ ഒരു പ്രതിമയുടെ ചില ഭാഗങ്ങൾ തകർന്നു കിടക്കുന്നതു കണ്ടു. കൗതുകത്തോടെ അവർ അത് ചേർത്തുവച്ചു നോക്കിയപ്പോൾ യേശുവിന്റെ ഒരു പ്രതിമയാണതെന്ന് അവർക്കു മനസ്സിലായി. അവർ ബോംബ് സ്ഫോടനത്തിൽ ചിതറിപ്പോയ ആ ഭാഗങ്ങൾ എല്ലാം ചേർത്ത് ഒട്ടിച്ച് പള്ളിയുടെ മുമ്പിലുള്ള പീഠത്തിൽ പ്രതിമ ഉറപ്പിച്ചു. എല്ലാം ഭംഗിയായിരിക്കുന്നു. പക്ഷേ പ്രതിമയ്ക്ക് കൈകൾ മാത്രമില്ല. അവർ നഷ്ടാവശിഷ്ടങ്ങൾക്കിടയിൽ പ്രതിമയുടെ കൈകൾ തിരഞ്ഞു. നിരാശയായിരുന്നു ഫലം. ഒടുവിൽ ആ പ്രതിമയ്ക്കു കീഴെ ഇങ്ങനെ എഴുതിവച്ചു

"നിങ്ങളുടേതല്ലാതെ വേറെ കൈ ഇവനില്ല"

എത്ര ശരി. അല്ലേ?

"നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തു പോരേണ്ടതിന് ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു".

(എഫേസ്യർ 2:10)

അനുഭവം

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം-26

കഥ ഇതുവരെ

*വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പൂർണ മായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി.റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയൽഗ്രാമത്തിലും ഉള്ള പലർക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാൽ അയൽ ഗ്രാമത്തിലെ ക്ഷയരോഗിണിയായ സഹോദരിക്കുവേണ്ടി ദൈവഹിതപ്രകാരം റീസ് മധ്യസ്ഥത ചെയ്തെങ്കിലും ഒടുവിൽ അവർ മഹത്വത്തിലേക്കു പ്രവേശിച്ചു. ലണ്ടനിലെ ഗോസറ്റിന്റെ മകന്റെ മാനസാന്തരത്തിനുവേണ്ടി നാസീർവ്രതസ്ഥനെപ്പോലെ പ്രാർത്ഥിച്ചു.ഒടുവിൽ മറുപടി കിട്ടി. റീസ് കൽക്കരിഖനി വിട്ടു.സ്നേഹിതൻ ജോയ്ക്കുവേണ്ടി മധ്യസ്ഥത ചെയ്തു.അദ്ഭുതസൗഖ്യം ലഭിച്ചു.വിവാഹിതനായി.ആഫ്രിക്കയ്ക്കു പോകാൻ അവർ സമർപ്പിച്ചു. ആഫ്രിക്കയിൽ വലിയ ഉണർവിന് അവർ കാരണമായി. മടങ്ങിയെത്തിയ റീസ് ദമ്പതികളെ ആത്മീയപരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാൻ ദൈവം നിയോഗിച്ചു. അവർ ഒരു കോളജ് ആരംഭിച്ചു.*

## അഗ്നിശോധനയിൽ സ്ഫുടം ചെയ്ത്.....

**കോളജ്** തുറന്ന് ആദ്യത്തെ 12 മാസം എല്ലാം ഒരു പ്രശ്നവുമില്ലാതെ പോയി. 38 വിദ്യാർത്ഥികൾ, അഞ്ച് അധ്യാപകർ. കോളജിന്റെ വിജയഗാഥ ദക്ഷിണ വെയിൽസിലെ പത്രങ്ങളിൽ എല്ലാം ഉണ്ടായിരുന്നു. കോളജിന്റെ ആദ്യസെമസ്റ്റർ കഴിഞ്ഞ് നടന്ന കൺവൻഷനും ഗംഭീര വിജയമായിരുന്നു.അന്നത്തെ അവിടത്തെ ക്രിസ്തീയലോകത്തെ അറിയപ്പെടുന്ന 40 ശുശ്രൂഷകന്മാർ ആ കൺവൻഷനു നേതൃത്വം കൊടുക്കാൻ എത്തിയിരുന്നു.

എന്നാൽ ദൈവത്തിന്റെ ഏതു പ്രവർത്തനവും അഗ്നിശോധനയുടെ തീച്ചൂളയിലൂടെ കടന്നുപോയി സ്ഫുടം ചെയ്യപ്പെടേണ്ടതുണ്ടല്ലോ. കോളജിനു ലഭിച്ച വൻജനപ്രീതിതന്നെ ദൈവം അതിനെ ഒരു മരണത്തിലേക്കു നടത്തുവാൻ കാരണമായി. ദൈവത്തിലല്ലാതെ മറ്റാരിലും ആശ്രയിക്കാനില്ല എന്ന നിലപാടിലേക്ക് എല്ലാവരേയും എത്തിക്കാൻ വേണ്ടിയായിരുന്നു അത്.പ്രത്യേകിച്ചും റീസിനെ.

റീസിനെ ദൈവം മുൻവർഷങ്ങളിലെപ്പോലെ പ്രശസ്തിയുടെ വെള്ളിവെളിച്ചത്തിൽ നിന്ന് വീണ്ടും ആരാലും അറിയപ്പെടാത്ത ഒരു രഹസ്യജീവിതത്തിലേക്കു നടത്തി. മനുഷ്യദൃഷ്ടിക്ക് അഗോചരമായ, ദൈവത്തോടു ചേർന്നുള്ള ഒരു രഹസ്യനടപ്പിലേക്കാണു റീസ് നയിക്കപ്പെട്ടത്. വളരെ ചുരുക്കം പേർക്കു മാത്രമേ ഇത്തരം ഒരു ജീവിതം മനസ്സിലാകുകയുള്ളല്ലോ.





മധ്യവേനൽ അവധിക്കാലത്ത് ദൈവവം റീസിനോട് താൻ കോളജിന്റെ പോക്കിൽ പൂർണമായും സന്തുഷ്ടനല്ലെന്ന് അറിയിച്ചു.കോളജിൽ ഉണ്ടായിരിക്കേണ്ടതും നിലനിൽക്കേണ്ടതുമായ കീഴടക്കം, വിശ്വാസത്തിന്റെ നിലവാരം എന്നിവയിൽ കുറവു വന്നെന്നു പരിശുദ്ധാത്മാവു ചൂണ്ടിക്കാട്ടി. വിദ്യാർത്ഥികൾക്കിടയിൽ ലോകമയത്വവും ഉണ്ട്. കുഴപ്പം വരാൻ പോകുന്നുവെന്നു ദൈവം റീസിനു മുന്നറയിപ്പു നൽകി.പക്ഷേ ഈ കുഴപ്പങ്ങളിലൂടെ ദൈവം കോളജിന്റെ പ്രവർത്തനത്തെ ശുദ്ധീകരിച്ചു തന്റെ നാമത്തിന്റെ മഹത്വത്തിനാക്കിത്തീർക്കും.

ഇങ്ങനെ മുന്നറിയിപ്പു നൽകിയെങ്കിലും വരാൻ പോകുന്ന പരിശോധന എത്രകഠിനമായിരിക്കും എന്നതിനെക്കുറിച്ച് ഒരു ബോധ്യം ഉണ്ടായിരുന്നില്ല.

അങ്ങനെയിരിക്കെ രണ്ടാം സെമസ്റ്റർ തുടങ്ങി. വൈകിയില്ല, കോളജിൽ ആഭ്യന്തരമായ ഒരു അഭിപ്രായവ്യത്യാസം ഉടലെടുത്തു. ഫലം ഒരു ഭിന്നതയിലേക്ക് അതു വളർന്നു. കുട്ടികളുടെ മൊത്തം എണ്ണം വെറും അഞ്ചായി കുറഞ്ഞു; അധ്യാപകരിലും രണ്ടുപേർ മാത്രം അവശേഷിച്ചു. വിശദാംശങ്ങളിലേക്കു കടക്കുന്നതിൽ അർത്ഥമില്ലല്ലോ. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ മുറിവുകൾ തീർച്ചയായും വേദനാജനകമാണ്. നമ്മെ ഒന്നാക്കാൻ വേണ്ടി മരിച്ചവന്റെ പാദത്തിൽ പൊടിയിൽ മുഖം അമർത്തിക്കിടക്കാൻ അതു നമ്മെ പ്രേരിപ്പിക്കും!

എന്നാൽ തിന്മയിൽ നിന്ന് ഏറ്റവും നന്മയായുള്ളത് ഉരുത്തിരിച്ചെടുക്കാൻ ദൈവത്തിന് അത്ഭുതകരമായ പദ്ധതികളുണ്ട്. കോളജിനുവേണ്ടി അവിടുന്ന് അതു ചെയ്തു. 'ഏഷണിക്കാരൻ ഇല്ലാത്തിടത്ത് വഴക്കു താനെ നിന്നു പോകും' എന്ന വചനം ദൈവം റീസിനു നൽകി. നേരത്തെ മെഡീര്യയിൽ തന്നോടു മോശമായി പെരുമാറിയ മിഷനറിയോടു കാട്ടിയ അതേ മനോഭാവത്തോടെ ഇക്കുറി തന്നെ വിട്ടുപോയ ആളുകളോടും പെരുമാറണമെന്നു റീസിനെ ദൈവം ഓർമ്മിപ്പിച്ചു.

കോളജിൽ തുടർന്ന് ഒരു വർഷത്തേക്ക് ഒരു ക്ലാസ്സു പോലും നടന്നില്ല. ഇനി ഒരിക്കലും കോളജ് ഈ ആഭ്യന്തരക്കുഴപ്പത്തിൽ നിന്നുകരകയറുകയില്ലെന്ന തോന്നലാണ് അത് എല്ലാവരിലും ഉണർത്തിയത്.പക്ഷേ വാതിലടച്ച് ദൈവസന്നിധിയിൽ ഇരുന്നു പ്രാർത്ഥിക്കുകയും കോളജിനു വേണ്ടി അപേക്ഷിക്കുകയും ചെയ്യുന്ന നാളുകളായി ഈ ദിവസങ്ങൾ മാറി. ഒടുവിൽ മാനുഷിക പിന്തുണകൊണ്ടോ ജനപ്രീതികൊണ്ടോ ഒന്നുമല്ല ദൈവത്തിന്റെ പ്രവർത്തനം മുന്നോട്ടു പോകുന്നതെന്നു വ്യക്തമായി ബോധ്യപ്പെടുത്തിക്കൊണ്ട് കോളജ്, ചാരത്തിൽ നിന്ന് ഉയിർത്തെഴുന്നേല്ക്കുന്ന ഫീനിക്സ് പക്ഷിയെപ്പോലെ, വീണ്ടും സജീവമായി. "ഈ പരിശോധനയുടെ അനുഭവത്തിലൂടെ സംഭവിച്ചത് കോളജ് വീണ്ടും യുഗങ്ങളുടെ പാറയിൽ അടിസ്ഥാനമിട്ടു എന്നതാണ്. പിശാചിനോ ഒരു മനുഷ്യനോ ഇളക്കുവാൻ കഴിയാത്ത ശക്തമായ അടിസ്ഥാനം" -റീസ് ആ സംഭവത്തെ വിലയിരുത്തുന്നത് ഇങ്ങനെയാണ്. കോളജിനെക്കുറിച്ചുള്ള ആളുകളുടെ തെറ്റിദ്ധാ

രണ ഇങ്ങനെ മാറി. വിശ്വാസികളുടെ പിന്തുണയും സഹായവും വീണ്ടും ലഭിച്ചു തുടങ്ങി.

അഞ്ചു വർഷത്തിനുശേഷം 1929 ലെ വാർഷികദിനത്തിൽ റീസ് അവതരിപ്പിച്ച റിപ്പോർട്ട് കോളജ് കടന്നുപോയ അഗ്നിശോധനകളെ അനുസ്മരിക്കുന്നുണ്ട്.

റിപ്പോർട്ടിൽ നിന്ന്:

“വിശ്വാസത്തോടു കൂടിയ പ്രാർത്ഥന, ദൈവാശ്രയം എന്നിവകൊണ്ട് കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് എന്താണു നേടിയതെന്നുള്ളതിന്റെ ഒരു ചരുങ്ങിയ വിവരണമാണ് ഇവിടെ നൽകുന്നത്. ആയിരങ്ങളാണ് ‘വിശ്വാസത്തിന്റെ ഈ പ്രസ്ഥാനത്തെ’ ഉറ്റുനോക്കിയിരുന്നത്. ഇതിനു കമ്മറ്റിയോ, കൗൺസിലോ, സഭാവിഭാഗമോ, ധനികനായ ഒരു വ്യക്തിയോ പിന്നിൽ ഉണ്ടായിരുന്നില്ല. പണത്തിനായി ഒരു അഭ്യർത്ഥനയും നടത്തിയിരുന്നില്ല- ദൈവം വിശ്വസ്തനും ജീവനുള്ളവനുമാണെന്നതിന് ദൃശ്യമായ ഒരു തെളിവെന്ന നിലയിൽ ആളുകളുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുവാനാണ് ഇങ്ങനെ ഒരു നിലപാടെടുത്തിരുന്നത്....

കോളജിന്റെ ദൈനംദിനപ്രവർത്തനങ്ങൾക്കായി പ്രതിദിനം അഞ്ചു പൗണ്ട് (ആഴ്ചയിൽ 35 പൗണ്ട്) ആവശ്യമായിരുന്നു. ഒരിക്കലും മൂന്നുദിവസത്തേക്കു വേണ്ട ചെലവിനുള്ള പണം ഒന്നിച്ചു കൈയിലുണ്ടായിരിക്കയില്ല. എങ്കിലും ദൈവം ഞങ്ങളുടെ ബുദ്ധിമുട്ടൊക്കെയും അവിടുത്തെ ധനത്തിന്റെ മഹത്വത്തിനൊത്തവണ്ണം തീർത്തു തന്നു. ഒറ്റയടിക്കല്ല. ‘ഞങ്ങൾക്ക് ഇന്നത്തെ അപ്പം തരണമേ’ എന്ന കർതൃപ്രാർത്ഥനയ്ക്കു ചേർന്ന വിധത്തിൽ ഓരോ ദിവസവും അവിടുന്ന് അത്ഭുതകരമായി ഞങ്ങളെ പുലർത്തി. ദിനംതോറും കർത്താവിൽ ആശ്രയിക്കുന്നതിനുവേണ്ടിയാണ് ദൈവം ഞങ്ങളെ ഇങ്ങനെ ഓരോ ദിവസത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയത്.

ഈ വർഷങ്ങളെല്ലാം ലോകത്ത് ഏറ്റവും വലിയ സാമ്പത്തിക മാന്ദ്യം ഉണ്ടായ വർഷങ്ങളായിരുന്നു. സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് ബിസിനസ്സുകൾ പൊളിഞ്ഞു; വ്യാപാരസ്ഥാപനങ്ങൾ പൂട്ടി. പലരും കടക്കെണിയിലായി. സമ്മർദ്ദം താങ്ങാനാകാതെ ചിലർ ആത്മഹത്യചെയ്തു. സാമ്പത്തിക തകർച്ച മൂലം ലോകം നടുങ്ങിനിന്ന ദിവസങ്ങൾ.

പക്ഷേ ഇതൊന്നും കോളജിന്റെ ദൈനംദിനപ്രവർത്തനങ്ങളെ ബാധിക്കാൻ ദൈവം അനുവദിച്ചില്ല. ദിനംതോറും ദൈവത്തിൽ ആശ്രയിക്കുന്ന വഴി അവിടുന്നു ഞങ്ങളെ പഠിപ്പിച്ചു. ജീവനുള്ള വിശ്വാസത്തെ പ്രതികൂലസാഹചര്യങ്ങൾക്കു തളർത്തിക്കളയാനാവില്ല എന്ന് ദൈവം ഞങ്ങൾക്കു കാട്ടിത്തന്നു. സാമ്പത്തിക മാന്ദ്യത്തിനും ബിസിനസ് നഷ്ടത്തിനും കടക്കെണിക്കുമൊന്നും സജീവമായ വിശ്വാസത്തെ സ്പർശിക്കുവാനാവില്ല എന്നതിന്റെ തെളിവാണു കോളജിന്റെ വിഘ്നം കൂടാതെയുള്ള ഇതുവരെയുള്ള പ്രവർത്തനങ്ങൾ.

പക്ഷേ ഈ നാളുകളിലെല്ലാം ഞങ്ങളുടെ വിശ്വാസം നിരന്തരം പരിശോധിക്കപ്പെട്ടുകൊണ്ടിരുന്നു.പല സന്ദർഭങ്ങളിലും ഞങ്ങളുടെ കഴിവിനു മീതേ പരീക്ഷിക്കപ്പെടുന്നു എന്ന തോന്നൽ ഉണ്ടായി. എന്നാൽ നിങ്ങൾക്കു സഹിപ്പാൻ കഴിയുന്നതിൽ കൂടുതൽ നൽകുകയില്ല എന്നാണല്ലോ വാഗ്ദാനം. കർത്താവു വിശ്വസ്തൻ. അവിടുന്നു ഞങ്ങൾക്ക് ഓരോ വിശ്വാസത്തിന്റെ പരിശോധനയും അതിജീവിക്കാനുള്ള കൃപയും തന്നു.സത്യത്തിൽ ഈ പരിശോധനകളെല്ലാം





Youth Section




# What Does It Mean To Re-joice Always -2

Sandeep Poonen

***Question:***
The Bible commands me to rejoice always. Can you explain what that means?

***Answer:***
Last month, I shared these thoughts about joy:

✳ **Joy that the Bible speaks about is not based on my circumstances**
Am I willing to set aside all my circumstances in my pursuit of joy? So no matter what my present circumstances are, I will not allow them to interfere with my pursuit of joy.

ഞങ്ങളെ ശക്തിപ്പെടുത്താനായിരുന്നു. കോളജിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിനൊപ്പം ഞങ്ങളുടെ വിശ്വാസവും പുഷ്ടിപ്പെട്ടുവന്നു.

ചില വർഷങ്ങൾക്കു മുൻപ് കേവലം രണ്ടു ഷില്ലിങ് കൈവശം ഉള്ളപ്പോൾ കോളജ് പണിയാൻ ഞങ്ങളെ വിളിച്ച കർത്താവ് ഇന്ന് 8,000 പൗണ്ട് സ്വീകരിക്കാൻ ഞങ്ങളെ പ്രാപ്തരാക്കി. അതും പണത്തിനുവേണ്ടി ഒരു അഭ്യർത്ഥനയും നടത്താതെ തന്നെ. ഇതു തന്നെ കർത്താവിനെ കടന്നു വിശ്വസിക്കാനുള്ള എത്ര വലിയ പ്രോത്സാഹനമാണ്!

ഞങ്ങൾക്ക് ഇപ്പോൾ സ്റ്റാഫിൽ എട്ട് അധ്യാപകരുണ്ട്.അതിൽ നാലു പേർ വിവിധ സർവകലാശാലകളിൽ നിന്നു ബിരുദങ്ങൾ നേടിയവരാണ്. മറ്റു രണ്ടു പേർ നഗരത്തിലെ അറിയപ്പെടുന്ന ശുശ്രൂഷകന്മാരും. കോളജിൽ വിദ്യാർത്ഥികളായി പുരുഷന്മാരും സ്ത്രീകളുമായ 30 പേരുണ്ട്. എല്ലാവരും പരിശുദ്ധാത്മാവിനാൽ വിളിക്കപ്പെട്ടവരും വിശ്വാസത്തിന്റെ ഈ കലാലയത്തിൽ സ്വമനസ്സാ ചേർന്നവരുമാണ്. ഇവിടെ പഠനം തീർത്തും സൗജന്യമാണ്. താമസ,ഭക്ഷണചെലവുകളാകട്ടെ വളരെ പരിമിതവും. പ്രാർത്ഥനയ്ക്കു മറുപടിയായി ലഭിക്കുന്ന സഹായങ്ങൾ ഉപയോഗിച്ച് യഥാർത്ഥത്തിലുള്ളതിന്റെ പകുതി ചെലവിന് ഇവിടെ കഴിയാം...”

വിശ്വാസത്തിന്റെ നേർസാക്ഷ്യം ഇങ്ങനെയാണ് അവസാനിക്കുന്നത് .

(തുടരും)

✳ **Joy that the Bible speaks about is not an emotion**
Am I willing to set aside all my emotions in my pursuit of joy? So no matter what my present feelings and emotions are, I will not allow them to interfere with my pursuit of joy.

✳ **Joy that the Bible speaks about can only be found in one place – in God's presence**
At any point in my life, there are two basic places I can be – in God's presence where God is King; or in my presence where my self-life is king.

✳ **The pathway into God's presence (where joy is guaranteed) ALWAYS requires a cross first**
Do I see that the pathway to God's presence and fullness of joy first requires a cross that I must be willing to endure?

This month, I wanted to share a couple more thoughts on the Christian's rejoicing.

It is important to recognize that our rejoicing is in the Lord, not in our circumstances. Paul was able to rejoice even when full of sorrow, because he rejoiced in the Lord and not in his feelings or his situation. Paul didn't tell us to rejoice in all our circumstances. For example, we are not expected to rejoice in the circumstance of somebody being seriously injured in an accident. But in all circumstances, we can still rejoice in the Lord who has everything under His control!

So I wanted to share a couple of thoughts about what it meant to rejoice in the Lord:

✳ **We rejoice because of God's great love for us, not our present circumstances**

*Isaiah 49:13-16 – Shout for joy, O heavens! And rejoice, O earth! Break forth into joyful shouting, O mountains! For the Lord has comforted His people and will have compassion on His afflicted. But Zion said, "The Lord has forsaken me, and the Lord has forgotten me."*

*"**Can a woman forget her nursing child and have no compassion on the son of her womb?***

***Even these may forget, but I will not forget you. Behold, I have inscribed you on the palms of My hands; Your walls are continually before Me.**"*





God tells Israel to stop moping around with a long and sorry face and shout for joy and rejoice. But Zion (Israel) disagreed and said that all the circumstantial evidence pointed to God deserting and forgetting them. They were suffering the consequences of deserting the Lord. Yet, even though any desertion by the Lord was caused by Israel's own disobedience, God kept reaching out to draw Israel back to Him.

And in this passage, God responds with some of the most precious words of love that I know of in the entire Bible. God takes the most precious description of love there is (a mother and her newborn child), and says that His love for us far surpasses even that.

I would recommend that all of you try to commit Isaiah 49:15-16 to memory. These verses have brought immense comfort to me as I have reminded myself of God's Words to me. I can choose to believe what my feelings and my circumstances say about me. Or I can choose to believe God's Word and what He says about His deep and passionate love for me.

The love of God must be the foundation for all our rejoicing. And I personally believe that God is telling us here to use this FACT about God to influence our emotions and look past our current circumstances, and even use our mouths to vocally shout for joy.

✳ **We rejoice because of who we are in God; not because of what we do for God**

*Luke 10:17-20 – The seventy returned with joy, saying, "Lord, even the demons are subject to us in Your name." And He said to them, "I was watching Satan fall from heaven like lightning. Behold, I have given you authority to tread on serpents and scorpions, and over all the power of the enemy, and nothing will injure you. **Nevertheless do not rejoice in this, that the spirits are subject to you, but rejoice that your names are recorded in heaven.**"*

There is a remarkable lesson of joy to be found here. I don't know if you can put yourself in the place of the disciples, having come back absolutely astonished that DEMONS were subject to them because of the name of Jesus. Imagine what an incredible rush and feeling of power that must have been. So clearly there was a joy they felt at that.

But yet we see Jesus correct their reason for rejoicing – and explaining that His disciples find their joy elsewhere. Jesus clearly tells His disciples in verse 20 not to rejoice in that the evil spirits were subject to them. Rather, they were to rejoice because their names were recorded in heaven.

Now, I don't know about you, but this must have been quite difficult. Compared to casting out demons, my name being recorded in heaven

seems so uninspiring at first. Just imagine being used by God in a powerful way to free people from the bondage of the devil. How good that must feel! Now imagine coming home after this, only to have the Lord Jesus say these words to us, “Don’t rejoice in what you did. You were only able to do them anyways because of the power of My Name and the Holy Spirit. Remember, there will be some who will do miracles in My Name and I will tell them that I never knew them. So your healings and your casting out of demons is not the reason for you to rejoice. Keep your joy in this – that you have a right relationship with Me and that your name is therefore recorded in heaven.”

I also think about what it means to have your name recorded in heaven. In the place where there is perfect holiness and fullness of joy and where the Almighty God dwells in unimaginable majesty and beauty, we can also find OUR OWN NAMES there (if we’re disciples of Jesus)!

But what business are our names doing in heaven? What place do wretched sinners have in heaven? But this is the really good news – that our names are recorded in heaven.

And where do you find it in heaven? I used to think that my Name was recorded in the Book of Life. And maybe there is an actual book or this is just a symbol. But I’ll tell you one place where I KNOW my name is inscribed. **On the very palm of Almighty God’s hand**!!!

This is something special indeed. I think that we can take truths like we are going to heaven and we are in the presence of God for granted because of what Jesus has opened for us. So we need to remind ourselves of how immense these truths are, and as we remind ourselves of who God is and what Jesus did for us, we will have a sure reason to rejoice.

I hope that what I have written here will be something that we will meditate on. It is really difficult to discard our emotions and still rejoice. But I believe that this is a very important practice that all Christians will have to learn. I do not imagine that this is something that we can change overnight. Rather, I think this is a mountain that takes years to scale. But I hope that we will all embark on this journey with all seriousness. Because it is God’s prescription for us through His Word that we rejoice always – so it must be possible!

Your fellow pilgrim in the journey towards perpetual rejoicing,

(please mail your genuine doubts to: **sandeep@poonen.org**)

❖